KNANAYADEEPAM

# ക്നാനായദീപം

Vol: 35 / Issue: 10 September 2024 ₹:10/-



പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ
ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ
22–ാം ശ്രാദ്ധപ്പെരുന്നാൾ

1 – ാം ചരമവാർഷികം

25 – 09 – 2024



# Mathew P.P (തമ്പിച്ചായൻ)

**Elappunkal (H), Vennikulam**

Advt -S

*"Things don't feel the same without you Achayo, not sure they ever will. Missing you more each day"*

*സന്തപ്ത കുടുംബാംഗങ്ങൾ*

*Ryan Mobin, Nysa Mobin, Mikhael Tobin & Matthew Tobin*

# ക്നാനായ ദീപം

2024 സെപ്റ്റംബർ പുസ്തകം 35 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഓണം ചില ചിതറിയ ചിന്തകൾ 09
സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്

മൂന്നാം ക്നാനായ ഫാമിലി മീറ്റ് (ജർമ്മനി) 10

മികവോടെ പഠിക്കാം ലക്ഷ്യം നേടാം.. 19
സുനിൽ ഡി. കുരുവിള

ക്നാനായ അസ്സോസിയേഷൻ വിവരണം 21

വിശ്വാസ്യത കാത്തുസൂക്ഷിക്കുക 24
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

ഏവൻഗേലിയോൻ ദീപം 25
ഹെബിൻ ഏബ്രഹാം തുണ്ടിയത്ത്

ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ.... 28
സീമ ഷിന്റോ കന്നിയേൽ

പങ്കാളിയെ നഷ്ടമായവർക്ക്... 29
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

3 പുളിമാവ് (കവിത) 39
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

39 ഞാൻ ആകുന്ന പെൻസിൽ
അഖിൽ മനോജ് മാത്യു

40 എന്റെ യാത്രയുടെ അന്ത്യം...
അമ്മാൾ രാജൻ പുളിമൂട്ടിൽ

41 മല്പാനോട് ചോദിക്കാം

42 ചരമ പ്രസംഗങ്ങൾ
റ്റി.യു ജോസ് തൈത്ര

43 കാൽപ്പാടുകൾ - എബി

44 നിത്യ സത്യങ്ങളെക്കുറിച്ചുള്ള ...
പ്രൊഫ. എം. എ. ഏബ്രഹാം മണിമലേത്ത്

46 എന്താണ് ആശയ്ക്ക് സംഭവിച്ചത്?
ഡോ. ജസ്റ്റിൻ തോമസ്

48 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




## കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

കർത്താവിൽ പ്രിയരെ,

വർത്തമാനപ്പത്രങ്ങളിലൂടെയും മീഡിയാകളിലൂടെയും ദിനംപ്രതി ഒന്നു കണ്ണോടിച്ചാൽ ഭൂമിയിലെങ്ങും ഒരു വിധത്തിലെങ്കിൽ മറ്റൊരു വിധത്തിൽ അസ്വസ്ഥതകൾ വർദ്ധിച്ചുവരുന്നതായി കാണാം. സാമ്പത്തിക പ്രതിസന്ധി എല്ലാ രാജ്യങ്ങളേയും ഗ്രസിച്ചിരിക്കുന്നു. യുദ്ധത്തിന്റെയും യുദ്ധസന്നാഹത്തിന്റെയും പടഹധ്വനി പല സ്ഥലത്തും മുഴങ്ങുന്നു. ഏറ്റവും ഒടുവിലായി പ്രകൃതിയുടെ നിയത വ്യവസ്ഥയിൽ സംഭവിച്ചിരിക്കുന്ന മാറ്റം ഉരുൾ പൊട്ടലുകളും കാലാവസ്ഥാ വ്യതിയാനവും സംബന്ധിച്ചുള്ള മാറ്റംമൂലം ഭക്ഷ്യസാധനങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതു നിമിത്തം എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചുവരുന്നു.

ഇതൊക്കെ ലൗകീക രംഗത്തെ പ്രതിഭാസമാണ്. പക്ഷേ ആത്മീയ ഗോളത്തിലെ സ്ഥിതി എന്ത്? അന്ത്യകാല ലക്ഷണങ്ങൾ ലോകരംഗങ്ങളിൽ അക്ഷരം പ്രതി വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. യിസ്രായേലിനെതിരേയുള്ള യുദ്ധം ദു:ഖകരമാണെങ്കിലും ബൈബിൾ പ്രവചനങ്ങൾ മറക്കാൻ കഴിയില്ല. ഇന്നത്തെ ലോകശക്തികൾ കണ്ടു ചേരിയിലാണെന്ന് പല കാര്യങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അത് ഒരു മൂന്നാം ലോകമഹായുദ്ധത്തിനു വഴിവെക്കുമെന്നു രാഷ്ട്രീയ നീരിക്ഷകർ വിലയിരുത്തുകയാണ്. യേശുക്രിസ്തുവിന്റെ വീണ്ടും വരവിന്റെ മുന്നോടിയായിട്ടുള്ള സ്ഥിതിവിശേഷമായിട്ടാണ് നാം കാണേണ്ടത്. ഇതെല്ലാം മനസ്സിലാക്കുന്ന സഭ സ്വയം ക്രമീകരിച്ച് ഉണർത്തെഴുന്നേൽക്കുന്നതിനു പകരം കൂടുതൽ സങ്കുചിതമായി മാറിക്കൊണ്ടിരിക്കുകയാണ്. കേസുകളും വഴക്കുകളും പ്രശ്നങ്ങളും വർണ്ണവിവേചനവും ലൗകീകർ ക്കിടയിലാണെങ്കിൽ മനസ്സിലാക്കാം. പക്ഷേ അതു ക്രിസ്തീയ സഭകളിൽ കണ്ടാലോ. ചേരിപ്പോരും ചാക്കിട്ടു പിടുത്തവും കാലുമാറ്റവും മറ്റും രാഷ്ട്രീയത്തിലെ തന്നെ മൂന്നാംതരം മുറകളിലായി ഗണിക്കപ്പെട്ടിരിക്കെ വിശ്വാസികളുടെ ഇടയിൽ ഇതു കാണുന്നത് ദു:ഖകരമാണ്. ഏതു വിധേനയും ദൈവനാമം മഹത്വപ്പെടുകയും നശിച്ചുപോകുന്ന ആത്മാക്കൾ രക്ഷിക്കപ്പെടുകയും ചെയ്യണമെന്ന ഭാരത്തോടെ പ്രവർത്തിക്കേണ്ടതിനു പകരം “ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും” എന്നതിനു സമാനമായ ആത്മീയ മരണത്തിന്റെ വക്കിലെത്തിയ ആളുകളുടെ ഒരു കൂട്ടം മാത്രമായി അധ:പതിച്ചിരിക്കുന്ന സഭയെ കാണുമ്പോൾ കഷ്ടം എന്ന് അല്ലാതെ എന്തു പറയാനാണ്. സഭയുടെ ദർശനം നഷ്ടപ്പെടുത്തിയിരിക്കുന്നു. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയും ഇല്ലാത്ത സഭാ നേതൃത്വം വർദ്ധിച്ചിരിക്കുന്നു. അവർക്ക് ഒരു ശുദ്ധീകരണം വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. ഈ പ്രശ്നങ്ങൾ എല്ലാം ഏക പോംവഴി മാത്രമേയുള്ളു. തുറന്ന ഹൃദയത്തോടെ ഒരു സ്വയപരിശോധനയ്ക്ക് തയ്യാറാവണം വിശ്വാസികൾ സാമ്പത്തികമായി ഉയർന്നു. എന്നത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ ആത്മീകമായി അനേക പടികൾ പുറകോട്ടു പോയിട്ടില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. മിക്ക പുരോഹിതന്മാരും സുവിശേഷകരും ഇന്നത്തെ ഏതെങ്കിലും ഉൾപ്പോരിൽ കരുവായി മാറ്റപ്പെടുന്നില്ലേ എന്നു സംശയിച്ചുപോവുകയാണ്.

ക്രിസ്തീയ സഭ കേവലം ഒരു രഹസ്യകാര്യമല്ല. മനുഷ്യന്റെ ആത്മാവും ദൈവവും തമ്മിലുള്ള ഒരു രഹസ്യബന്ധം. അതിന് ബാഹ്യമായ ഒരു വശവും കൂടിയുണ്ട്. മനുഷ്യൻ ഒരുമിച്ചു ചെയ്യുന്നതും ചെയ്യേണ്ടതുമായ പല കാര്യങ്ങളും പ്രത്യക്ഷമായും ദൃശ്യമായും അനുവർത്തിക്കേണ്ട ആചാരങ്ങളും നിറവേറ്റേണ്ട കടമകളുമെല്ലാം അതിൽ ഉൾപ്പെടും. ക്രിസ്ത്യാനിയുടെ ജീവിതത്തെ മലമേൽ സ്ഥാപിക്കപ്പെട്ട പട്ടണത്തോടെ കർത്താവ് ഉപമിച്ചിട്ടുണ്ട്. അതിനു മറഞ്ഞിരിക്കുക സാദ്ധ്യമല്ല. വിളക്കുപോലെ ശോഭിക്കേണ്ടതാണ്. അതേ സമയം മറ്റുള്ളവർ കാണാനായി തെരുക്കോണുകളിൽ നിന്നു പ്രാർത്ഥിക്കുന്നതിനേയും ഭിക്ഷകൊടുത്ത് കാര്യം മറ്റുള്ളവർ അറിയത്തക്കവണ്ണം കാഹളം ഊതിക്കുന്നതിനേയും കർത്താവ് നിശിതമായി വിമർശിച്ചിട്ടുണ്ട്. ദാനധർമ്മങ്ങൾ ചെയ്യുന്ന കാര്യത്തിൽ വലം കൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്നുള്ളതാണ് ക്രിസ്തീയ പ്രമാണം. ക്രിസ്ത്യാനി രഹസ്യമായി പ്രാർത്ഥിച്ചാൽ പോരാ പരസ്യമായി പള്ളിയാരാധനായിലും പതിവായി സംബന്ധിക്കണം. അവനു കുടുംബ പ്രാർത്ഥന വേണം, ഉപവസിക്കണം. നോമ്പു നോക്കണം, ദാനധർമ്മങ്ങളും നേർച്ചകളും നൽകണം, ആതുര ശുശ്രൂഷ ചെയ്യണം. ഈ കാര്യങ്ങൾക്കെല്ലാം ബാഹ്യവും ആന്തരികവുമായ വശങ്ങളുണ്ട്. കേവലം ബാഹ്യമായി മാത്രം ഇവയെല്ലാം ആചരിച്ചാൽപോരാ, ആത്മീകമായി ആത്മാർത്ഥതയും യാഥാർത്ഥ്യവും ഉള്ളവയാക്കി തീർക്കുകയുമാണ് ആവശ്യം. ജീവിതത്തെ ഒരഭിനയമാക്കി മാറ്റുന്ന തരത്തിലുള്ള ആത്മാർത്ഥതയില്ലായ്മ മനുഷ്യനെ കളിപ്പിക്കുവാൻ കുറെ ഒക്കെ കഴിയും. എന്നാൽ സകലവും അറിയുന്ന ദൈവത്തെ കബളിപ്പിക്കുക സാദ്ധ്യമല്ല. മനുഷ്യൻ മുഖം നോക്കുന്നു. ദൈവം അന്തരംഗത്തേയും എന്നാൽ ക്രിസ്തുവിന്റെ നാമം വഹിക്കുന്ന സഭയിൽ കഴമ്പില്ലാത്ത ചില ആചാരാനുഷ്ഠാനങ്ങളും അധരസേവയായ ആരാധനകളും, സ്വാർത്ഥ താൽപ്പര്യവും വഴക്കും വടംവലികളുമാണ് ഇന്ന് മറ്റുള്ളവർ കാണുന്നത്. സഭ വീണ്ടെടുക്കേണ്ട ലോകം സഭയിൽനിന്നും അകന്നുപോകുന്നു. അതിന് ഉത്തരവാദി സഭ തന്നെ. ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലായിടത്തും അറിയിക്കുക സഭയുടെ ചുമതലയാണ്. ഇതു നിറവേറ്റുവാൻ നാം കടപ്പെട്ടവരാണ് എന്ന ബോധ്യത്തോടെ നമുക്ക് ജീവിച്ച് കർത്താവിനെ സാക്ഷിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

**എന്ന്**
**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



പ്രിയരെ,

2024 വർഷത്തിന്റെ എട്ട് മാസങ്ങൾ പിന്നിട്ട് ഒൻപതാമതിലേയ്ക്ക് എത്തിയിരിക്കുകയാണല്ലോ. ഓരോ ദിനവും വളരെ വേഗത്തിൽ മുമ്പോട്ട് നീങ്ങുമ്പോൾ ദൈവം നടത്തിയതിനെ ഓർക്കാനും, ദൈവത്തിലേയ്ക്ക് മടങ്ങിവരുവാനും നമുക്ക് സാധിക്കണം. സെപ്തംബർ മാസം തുടങ്ങിയത് വി.ദൈവ മാതാവിന്റെ ജനനത്തോട് അനുബന്ധിച്ചുള്ള എട്ടുനോമ്പ് ആചരിച്ചാണല്ലോ. ഇന്ന് ഏറെ ആളുകൾ ഈ ദിനങ്ങളിൽ നോമ്പ് ആചരിക്കുന്നുണ്ടല്ലോ. നോമ്പ് ആചരിക്കുമ്പോൾ വി. കന്യകമറിയാം നൽകുന്ന മാതൃക ഉൾക്കൊണ്ട് ജീവിതത്തെ നവീകരിക്കുവാനും, പുനക്രമീകരിക്കുവാനും സാധിക്കണം.

സ്ലീബാ പെരുന്നാൾ സെപ്റ്റംബർ 14 ന് ആചരിച്ചു. അതു മുതൽ സ്ലീബാകാലമാണല്ലോ. വി. സ്ലീബായുടെ അടയാളം നാം വരയ്ക്കുന്നവരാണ്. വി. സ്ലീബാ നാം ധരിക്കുന്നവരാണ്. അതിലുപരി ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് വി. സ്ലീബായുടെ സന്ദേശം നമ്മുടെ ജീവിതത്തിനെന്നും പ്രചോദനമായിരിക്കണം എന്നതാണ്. വി. സ്ലീബാ പരിത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും സന്ദേശമാണല്ലോ സമ്മാനിക്കുന്നത്. ഇന്നത്തെ സ്വാർത്ഥതയുടെ ലോകത്തിൽ ദൈവസ്നേഹം നമ്മിൽ നിന്ന് കൂടുതലായി ഉണ്ടാകണം. നമ്മുടെയെല്ലാം കുടുംബ ജീവിതത്തിന്റെ അടിസ്ഥാനമാകേണ്ടത് പരസ്പരമുള്ള സ്നേഹമാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതശൈലി നമ്മിൽ ഉണ്ടാകുവാൻ ശ്രദ്ധിക്കാം.

ഒക്ടോബർ 1 വയോജന ദിനമായിട്ട് ആചരിക്കുന്നുവല്ലോ. യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ 1990 മുതലാണ് ഇത് ആചരിച്ചു വരുന്നത്. തങ്ങളുടെ ജീവിതകാലം മുഴുവൻ മക്കളുടെ ഉന്നമനത്തിനായി സമയവും ആരോഗ്യവും ചെലവഴിച്ച നമ്മുടെ മാതാപിതാക്കളെ സംരക്ഷിക്കേണ്ട ഉത്തവാദിത്വം നമുക്കുണ്ടല്ലോ. അവർ പ്രായമാകുന്ന അവസ്ഥയിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ജീവിതം ക്ലേശകരമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് കരുതലായിരിക്കേണ്ടവരാണ് നാം ഓരോരുത്തരും എന്ന ചിന്തയാണ് ഈ ദിനം നമുക്ക് സമ്മാനിക്കേണ്ടത്. പ്രായമായവർ നമ്മുടെ ഭവനത്തിൽ ആണെങ്കിൽ അവരെ കരുതുവാൻ ശ്രദ്ധിക്കുക. ജോലിയോടുള്ള ബന്ധത്തിൽ ഭവനത്തിൽ നിന്ന് ദൂരത്തിലായിരിക്കുന്നവർ മാതാപിതാക്കളെ ഇടയ്ക്ക് സന്ദർശിക്കുവാനും, ആധുനിക മാർഗ്ഗങ്ങളിലൂടെ അവരുമായി തുടർച്ചയായുള്ള ബന്ധത്തിൽ ആയിരിക്കുവാനും ശ്രദ്ധിക്കണം. അവർക്ക് നാം ഉണ്ട് എന്ന വിശ്വാസം സൃഷ്ടിക്കുവാൻ ഇടയാകണം. മാതാപിതാക്കളും മനസ്സിലാക്കണം. തങ്ങളുടെ മക്കൾ വിദൂരത്തിലാണ്. അതിനാൽ അവർക്ക് എപ്പോഴും കൂടെയായിരിക്കുവാനും സാധിക്കുകയില്ലല്ലോ. അത് മനസ്സിലാക്കി പെരുമാറുവാനും ഇടയാകണം.

ക്നാനായ സമുദായത്തെ 52 വർഷം ശുശ്രൂഷിച്ച് ദൈവസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയ കിഴക്കിന്റെ വലിയമെത്രാപ്പോലീത്ത കൂബർ നീത്തി ഹാക്കിമോ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധപ്പെരുന്നാൾ ഈ മാസം 29, 30 തീയതികളിൽ നാം ആചരിക്കുകയാണല്ലോ. അഭി.പിതാവ് കബറടങ്ങിയിരിക്കുന്ന ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ അതിവിപുലമായ രീതിയിൽ ശ്രാദ്ധപ്പെരുന്നാൾ ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ എല്ലാ ആളുകളും ഈ ദിവസങ്ങളിൽ നടക്കുന്ന എല്ലാ ശുശ്രൂഷകളിലും പങ്കെടുക്കുവാൻ ശ്രമിക്കണം. അഭി.തിരുമേനിയുടെ പ്രാർത്ഥന നമുക്കെന്നും കോട്ടയായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വയനാട് ദുരന്തമുഖത്ത് നടക്കുന്ന പുനർനിർമ്മാണങ്ങളിൽ നമുക്കും സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. സമുദായത്തിന്റെ നേതൃത്വത്തിൽ ഇടവകകളുടെയും, സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും സഹകരണത്തോടെ ആവശ്യക്കാർക്ക് പല സഹായവും ചെയ്യുവാൻ നമുക്ക് സാധിച്ചു. എന്നാൽ ഇനിയും കൂടുതൽ കരുതലായി, സഹായമായി നാം ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. നസ്രേത്ത് ആശ്രമത്തിൽ ദുരന്തമുഖത്ത് നിന്ന് കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. അത് പ്രാവർത്തികമാകുന്നതോടൊപ്പം, അതുപോലെ ക്രിയാത്മകമായ പ്രവർത്തനങ്ങളും നടത്തപ്പെടുവാനായി നമുക്ക് കൂട്ടായി ചിന്തിച്ച് പ്രവർത്തിക്കുവാൻ ഇടയാകണം. അങ്ങനെ നമ്മാൽ ആകുന്ന കൈത്താങ്ങ് അവർക്ക് നൽകേണ്ടതുണ്ട് എന്നത് പ്രത്യേകം ഉത്ബോധിപ്പിക്കട്ടെ.

നോർത്ത് അമേരിക്കയിൽ ഒരുമാസക്കാലം ചെലവഴിച്ച് അവിടെ നടത്തപ്പെട്ട കൺവൻഷനിലും, തുടർന്ന് സാധ്യമായ എല്ലാ ഇടവകകളും സന്ദർശിക്കുവാനും, ആരാധനകൾക്ക് നേതൃത്വം നൽകാനും സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ വിശ്വാസ സമൂഹം എവിടെ ആയിരുന്നാലും ക്നാനായ തനിമ പുലർത്തുവാൻ ഉത്സുകരാണ്

*(ശേഷം പേജ് 8-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

2024 ജൂലൈ 16-ാം തീയതി അമേരിക്കയിലേക്കുപോയ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായും സമുദായ സെക്രട്ടറിയും അമേരിക്കയിലെ NAMKC യുടെ സംഗമത്തിൽ പങ്കെടുത്തതിനുശേഷം അവിടുത്തെ 11 ദൈവാലയങ്ങൾ സന്ദർശിച്ചതിനുശേഷം ഓഗസ്റ്റ്മാസം 21-ാം തീയതി നാട്ടിൽ സുഖമായി തിരിച്ചെത്തി. അമേരിക്കൻ ക്നാനായ സമുദായ മക്കളുടെ ഊഷ്മളമായ വരവേൽപ്പാണ് ഓരോ ദൈവാലയത്തിലും ഞങ്ങൾക്ക് ലഭിച്ചത് എന്ന് വളരെ സന്തോഷത്തോടെ അറിയിക്കട്ടെ. സമുദായത്തിന്റെ പ്രതിസന്ധിയിൽ അവരുടെ സാമ്പത്തിക സഹായവും ഒരു അനുഗ്രഹമായിരുന്നു. അവരോടുള്ള നന്ദി സമുദായത്തിനുവേണ്ടി അറിയിക്കുന്നു.

സമുദായ മെത്രാപ്പോലീത്തയുടെ മേൽ പാത്രിയർക്കീസ് ബാവാ കൈക്കൊണ്ട സസ്പെൻഷൻ നടപടിക്കെതിരെ 2 സമുദായ അംഗങ്ങൾ കൊടുത്ത കേസിൽ ബാവായുടെ കല്പനയ്ക്ക് ലഭിച്ച താൽക്കാലിക സ്റ്റേ എത്രയും പെട്ടെന്ന് മാറ്റിക്കിട്ടണം എന്ന ആവശ്യവുമായി പാത്രിയർക്കീസ് ബാവാ കൊടുത്ത IA ഉൾപ്പെടെയുള്ള കേസിന്റെ വാദം ഏതാണ്ട് ഒന്നരമാസം നീണ്ടുനിന്നു. സമുദായത്തിനുവേണ്ടി അഡ്വക്കേറ്റ് ജോസഫ് ഏബ്രഹാമും, ഹൈക്കോടതിയിലെ സീനിയർ വക്കിൽ ശ്രീകുമാറും സമുദായ മെത്രാപ്പോലീത്തയ്ക്കുവേണ്ടി അഡ്വ. സന്ദീപ് ഏബ്രഹാം താമരപ്പള്ളിയും, ഹൈക്കോടതി സീനിയർ വക്കീൽ കെ. ജയകുമാറും കോടതിയിൽ ഹാജരായി വാദം നടത്തി. ഏതാണ്ട് ഒന്നരമാസം നീണ്ടുനിന്ന വലിയ നിയമ പോരാട്ടത്തിനുശേഷം ആഗസ്റ്റ് 27-ാം തീയതി കോടതി വിധി പ്രസ്താവിച്ചു.

ബഹുമാനപ്പെട്ട കോട്ടയം മുനിസിഫ്കോടതി 27/08/2024-ൽ പ്രസ്താവിച്ച OS 206-ലെ കേസിന്റെ ചരിത്ര വിധിയിൽ പറഞ്ഞിരിക്കുന്ന കോടതി ഉത്തരവിന്റെ ചില പ്രധാന ഭാഗങ്ങൾ ക്നാനായ സമുദായ അംഗങ്ങൾക്കുവേണ്ടി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു.

ഈ വിധി ഒരു ചരിത്ര സംഭവമാണ്. വളരെ വിശദമായി കോടതി 76 പേജുള്ള വിധി ന്യായത്തിലൂടെ പ്രസ്താവിച്ചിരിക്കുന്നത് മുഴുവൻ വിസ്തരിക്കുവാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഏതാനും ചില പ്രധാന പോയിന്റുകൾ മാത്രമേ ഇവിടെ ഞാൻ സൂചിപ്പിക്കുന്നുള്ളു. ഒന്നരമാസക്കാലം വിശദമായി ആർഗ്യുമെന്റ് നടന്നതിന്റെ ഫലമായും ഡീറ്റെയിൽ ആയി ഈ കേസിനുവേണ്ടി സമുദായവും സമുദായ മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും അൻപതും അറുപതും പേജുള്ള അഫിഡവിറ്റും 51-ൽ അധികം ഡോക്മെന്റുകളും സന്ദീപ് ഏബ്രഹാം താമരപ്പള്ളിയും സമുദായ വക്കീൽ അഡ്വ. ജോസഫ് ഏബ്രഹാമും ഹാജരാക്കിയതിന്റെയും അടിസ്ഥാനത്തിലാണ് ഇത്രയും ദീർഘമായ വിധി ഉണ്ടായത് എന്ന് പറയാതെയിരിക്കുവാൻ നിവൃത്തിയില്ല.

വിധി ന്യായത്തിലെ 21-ാം പാരഗ്രാഫ് വരെ അഡ്വക്കേറ്റ്സ് വാദിച്ച കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അതിനുശേഷം ബഹു. കോടതിയുടെ കണ്ടെത്തലുകളാണ് കോടതി വിശദീകരിച്ചിരിക്കുന്നത്.

**പാര 35**

സമുദായ ഭരണഘടന 82 വകുപ്പ് അനുസരിച്ച് സമുദായമെത്രാപ്പോലീത്തായ്ക്ക് ആണ് അസ്സോസിയേഷൻ തീരുമാനപ്രകാരം അധികാരങ്ങൾ കൊടുക്കുവാൻ അവകാശം ഉള്ളതെന്നും സമുദായ ഭരണഘടന അനുസരിച്ച് സഹായ മെത്രാമാർ സമുദായ മെത്രാപ്പോലീത്തായുടെ ആജ്ഞയനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്നും കോടതി കണ്ടെത്തി.

**പാര 41**

എക്സിബിറ്റ് 51 അനുസരിച്ചും സമുദായ മെത്രാപ്പോലീത്ത സമർപ്പിച്ച രേഖകൾ അനുസരിച്ചും സമുദായ മെത്രാപ്പോലീത്തായും ആയിട്ടും അസ്സോസിയേഷനും ആയിട്ടും സഹായമെത്രാന്മാരും തമ്മിൽ തർക്കങ്ങൾ ഉള്ളതായി കാണുന്നു. ആയതിനാൽ പാത്രിയർക്കീസ് ബാവായ്ക്ക് അസ്സോസിയേഷൻ പ്രവർത്തനങ്ങളോടും സമുദായ മെത്രാപ്പോലീത്തായോടും അതൃപ്തി 2017 മുമ്പു മുതലെ ഉണ്ടായിരുന്നതായി കാണുന്നു എന്ന് കോടതി വിലയിരുത്തി.

പാര 43

എക്സിബിറ്റ് 58, 59 സമുദായ മെത്രാപ്പോലീത്താ സമുദായ ഭരണഘടന അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്ന് സമുദായ മെത്രാപ്പോലീത്ത പാത്രിയർക്കീസ് ബാവായുടെ 14-05-2020 ലെ കല്പനയ്ക്ക് മറുപടി കൊടുത്തു. ആയതുകൊണ്ടാണ് 20-5-2020-ൽ പാത്രിയർക്കീസ് ബാവ ഈ രണ്ടു സ്ഥാനങ്ങൾ കളഞ്ഞുകൊണ്ട് കല്പന ഇറക്കിയത് എന്ന് കോടതി വിലയിരുത്തി.

പാര 44

എക്സിബിറ്റ് 63, 64 പ്രകാരം 2020-ലെ വൈദികരുടെ ട്രാൻസ്ഫറിൽനിന്നും സമുദായ മെത്രാപ്പോലീത്തായും പാത്രിയർക്കീസും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു കോടതി വിലയിരുത്തി.

പാര 46

എക്സിബിറ്റ് 74, 75 പ്രകാരം തമ്പിയച്ചന്റെയും റെന്നിയച്ചന്റെയും വിഷയത്തിൽ തർക്കങ്ങൾ മൂലം വി.കുർബ്ബാന മുടങ്ങിയ പള്ളികളിൽ സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശ പ്രകാരമാണ് വിശുദ്ധ കുർബ്ബാന ഈ വൈദികർ ചൊല്ലിയത് എന്ന് കോടതി വിലയിരുത്തി. ഇതിൽനിന്നും സമുദായ മെത്രാപ്പോലീത്തായും അമേരിക്കൻ മേഖല മെത്രാനും തമ്മിൽ തർക്കങ്ങൾ ഉണ്ടായിരുന്നതായും പാത്രിയർക്കീസ്ബാവാ സമുദായമെത്രാപ്പോലീത്തായെ എതിർത്തതായും വ്യക്തമാകുന്നു എന്ന് കോടതി വിലയിരുത്തി.

പാര 47

എക്സിബിറ്റ് 69, 70 പ്രകാരം ജിതിൻ പനവേലിൽ അച്ചൻ അമേരിക്കയിൽ വരുമ്പോൾ പാത്രിയർക്കീസും, സിൽവാനോസ് തിരുമേനിയും അംഗീകരിക്കാത്ത പള്ളികളിൽ

കുർബ്ബാന ചൊല്ലുവാൻ പാടില്ല എന്നും മേഖലാ മെത്രാന്റെ അനുവാദത്തോടുകൂടി മാത്രമെ കുർബ്ബാന ചൊല്ലാവു എന്നും വ്യക്തമാക്കുന്നു. ഇതിൽ നിന്നും മനസ്സിലാക്കുന്നത് അമേരിക്കയിൽ രണ്ട് ചേരികൾ ആയിട്ട് വേർതിരിയുകയും അവിടുത്തെ വിഷയങ്ങൾ രൂക്ഷമാണെന്നും അതിന് മേഖലാ മെത്രാന് പരിഹരിക്കാൻ കഴിവില്ല എന്നും വ്യക്തമാക്കുന്നതായി കോടതി കണ്ടെത്തി.

പാര 50

ഇന്ത്യയിലെ നിയമങ്ങൾ അനുസരിച്ച് ഭരിക്കപ്പെടുന്നതിനുവേണ്ടിയാണ് ക്നാനായ ഭരണഘടന ക്രോഡീകരിച്ചിരിക്കുന്നത് എന്നാണ് ക്ലീമീസ് തിരുമേനിയുടെ കല്പന എന്ന് കോടതി വിലയിരുത്തി, ഭരണഘടനയുടെ 4-ാം വകുപ്പ് അനുസരിച്ച് സമുദായ മെത്രാപ്പോലീത്തായ്ക്ക് സർവ്വ അധികാരവും ഉണ്ടെന്ന് കാണാം എന്നും കോടതി കണ്ടെത്തി.

പാര 51

വൈദികരുടെമേൽ ഉള്ള അധികാരം സമുദായ മെത്രാപ്പോലീത്തായ്ക്ക് മാത്രമേ ഉള്ളു എന്ന് വ്യക്തമായ കോടതി വിധി ഉള്ള സ്ഥിതിക്ക് 2003 ലെ ഭരണഘടന മാത്രമേ സമുദായത്തിന് ബാധകം ആവുകയുള്ളു എന്ന് കോടതി കണ്ടെത്തി.

പാര 52

ഭരണഘടന 82 വകുപ്പ് അനുസരിച്ച് സഹായമെത്രാന്മാരെ വാഴിച്ചുവെങ്കിലും OS 506/13 തീർപ്പാക്കുന്നതുവരെ അവർക്ക് വൈദികരുടെ അധികാരം മാത്രമേയുള്ളു എന്നും നാലു മേഖലകൾ തിരിച്ചിട്ടുണ്ട് എങ്കിലും അത് ഭരണഘടന പ്രകാരം ശരിയല്ല എന്നും സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശ പ്രകാരം മാത്രമെ പ്രവർത്തിക്കാവൂ എന്നും കോടതി വിലയിരുത്തി

പാര 53, 54

ഭരണഘടന 158 C യും 159 തും അനുസരിച്ച് കേരളത്തിനകത്തും, കേരളത്തിനു പുറത്തും, അമേരിക്കയിലും മുഴുവൻ അധികാരവും ഭരണഘടന പ്രകാരം സമുദായ മെത്രാപ്പോലീത്തായ്ക്ക് ആണ് എന്ന് കോടതി കണ്ടെത്തി.

പാര 55

15 ഇന കല്പന പുറപ്പെടുവിച്ചത് ഹൈക്കോടതി വിധിക്ക് വിരുദ്ധമാണെന്നും അത് നടപ്പിലാക്കുവാൻ സാധിക്കുകയില്ല എന്ന് മെത്രാപ്പോലീത്താ ബാവായെ അറിയിച്ചപ്പോൾ അത് ചെവിക്കൊള്ളാതെ പാരലൽ അഡ്മിനിസ്ട്രേഷൻ ഏർപ്പെടുത്തുവാൻ ബാവാ ശ്രമിച്ചു എന്ന് കോടതി കണ്ടെത്തി.

പാര 57

സുറിയാനി സഭ ഭരണഘടനയ്ക്ക് വിരുദ്ധമായിട്ടാണ് നാലു മേഖലകളായി സമുദായത്തെ തിരിച്ചിരിക്കുന്നത് എന്ന് കോടതി കണ്ടെത്തി.

പാര 58, 59, 60

സുറിയാനി സഭയുടെ ഭരണഘടനയ്ക്ക് മുമ്പേ ക്നാനായ ഭരണഘടന ഉണ്ടായിരുന്നു എന്നും വൈദികരുടെ സ്ഥലമാറ്റം സമുദായ മെത്രാപ്പോലീത്തായ്ക്ക് അല്ലാതെ സഹായ മെത്രാൻമാർക്ക് നടത്തുവാൻ യാതൊരു അധികാരവും ഇല്ല എന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട് സുറിയാനി സഭ ഭരണഘടന 71 വകുപ്പ് പ്രകാരം സഹായമെത്രാന്മാരെ നിയമിക്കുവാൻ മാത്രമേ പറ്റുകയുള്ളു. അവരുടെ അധികാര അവകാശങ്ങൾ കൊടുക്കുവാൻ വകുപ്പ് ഇല്ല എന്നും ആയതിനാൽ സമുദായ മെത്രാപ്പോലീത്തായ്ക്ക് മാത്രമേ അധികാരമുള്ളു എന്നും കോടതി കണ്ടെത്തി. സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം മാത്രമേ അവർക്ക് പ്രവർത്തിക്കുവാൻ പാടുള്ളു എന്നും അല്ലാതെ പ്രവർത്തിച്ചാൽ അത് സമുദായ ഭരണഘടനയ്ക്കും സുറിയാനി സഭ ഭരണഘടനയ്ക്കും വിരുദ്ധം ആയിരിക്കും എന്നും കോടതി വ്യക്തമാക്കി. അങ്ങനെയിരിക്കെ രണ്ടു വൈദികരെ അമേരിക്കയിലെ മെത്രാൻ മുടക്കിയത് സഭാ നിയമത്തിന് വിരുദ്ധമാണെന്നും കോടതി വ്യക്തമാക്കി.

പാര 61

ഇന്ത്യൻ ഓർത്തഡോക്സ് സഭ സുറിയാനിസഭയുടെ ഭാഗമായതിനാൽ ഓർത്തഡോക്സ് കാതോലിക്കയെ സ്വീകരിച്ചത് സുറിയാനി സഭാ ഭരണഘടനയുടെ ലംഘനമോ ക്നാനായ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്നോ കാണാൻ പറ്റുകയില്ല എന്നും നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം എന്നും ബൈബിൾ വാക്യം ഉദ്ധരിച്ച് ചെയ്തുകൊണ്ട് കോടതി വ്യക്തമാക്കി.

പാര 62, 63

സുറിയാനി സഭയുടെ ഭരണഘടന 59 വകുപ്പ് അനുസരിച്ച് ഒരു മെത്രാപ്പോലീത്തായ്ക്ക് എതിരെ ശിക്ഷണ നടപടികൾ എങ്ങനെ എടുക്കണം എന്ന് പറയുന്നുണ്ട് അതിന്റെ 72 വകുപ്പ് അനുസരിച്ച് ഒരു മെത്രാപ്പോലീത്തായെ സസ്പെൻഡ് ചെയ്യണമെങ്കിൽ എങ്ങനെയാണെന്ന് വിശദീകരിച്ചിട്ടുണ്ട്. അത് സാമ്പത്തിക തിരുമറിയോ കൈക്കൂലിയോ വാങ്ങിയിരിക്കണം. സിൽവാനോസ് തിരുമേനിക്ക് എതിരായ ആരോപണം അസ്സോസിയേഷൻ ആണ് ആരോപിച്ചത്. സിൽവാനോസിനെ തിരിച്ച് വിളിക്കുവാൻ ഉള്ള തീരുമാനം അനുസരിച്ച് പാത്രിയർക്കീസ്ബാവാ നിയമിച്ച മെത്രാപ്പോലീത്തൻ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് (B49) കോടതിയിൽ ഹാജരാക്കാൻ IA-16-ൽ കോടതി നിർദ്ദേശം കൊടുത്തു. കാനഡയിലെ എഡ്മണ്ടൻ പള്ളിയിൽ ജോജോ അച്ചനെ വികാരിയായി നിയമിക്കുവാൻ സമുദായ മെത്രാപ്പോലീത്ത നിർദ്ദേശം കൊടുത്തത് സിൽവാനോസ് തിരുമേനി പുച്ഛത്തോടെ തള്ളിക്കളഞ്ഞത് സമുദായ മെത്രാപ്പോലീത്ത പാത്രിയർക്കീസ് ബാവായെ അറിയിച്ചപ്പോൾ യാതൊരു നടപടിയും എടുത്തില്ല എന്ന് കോടതി കണ്ടെത്തി. അത് ഈ അന്വേഷണ കമ്മീഷനെ നിയമിച്ചതിനുശേഷം നടന്ന സംഭവമാണ്. സമുദായ മെത്രാപ്പോലീത്തായുടെ ഭാഗത്ത് നിന്നും ഒരു വീഴ്ചയും ഇല്ല എന്ന് കോടതി കണ്ടെത്തി. എന്നാൽ പാത്രിയർക്കീസ് ബാവായുടെ ഭാഗത്തുനിന്നും സിൽവാനോസ് തിരുമേനിയുടെ ഭാഗത്തു നിന്നും സുറിയാനി സഭാ ഭരണഘടനയുടെ ലംഘനമാണ് നടന്നത് എന്ന് കോടതി കണ്ടെത്തി.

പാര 65

അസ്സോസിയേഷനിൽ കൂർ പ്രഖ്യാപിച്ചു കൊണ്ടുള്ള സത്യപ്രതിജ്ഞ ചെയ്യുന്നതുകൊണ്ട് പാത്രിയർക്കീസ് ബാവായ്ക്ക് ഭൗതിക അധികാരം ഉണ്ടെന്ന് അംഗീകരിക്കാൻ കഴിയുകയില്ല. എന്നാൽ ആത്മീയ അധികാരം മാത്രമേ ഉള്ളൂ എന്നും സമുദായ ഭരണഘടന 97-ാം വകുപ്പ് പ്രകാരം ഭരണത്തിൽ സമുദായമെത്രാപ്പോലീത്തയെ സഹായിക്കുന്നതിന് അസ്സോസിയേഷന് മാത്രമെ അധികാരം ഉള്ളൂ എന്നും സഹായ മെത്രാന്മാർക്ക് അതിൽ യാതൊരു പങ്കുമില്ലെന്നും കോടതി വിലയിരുത്തി.

പാര 66

സമുദായ മെത്രാപ്പോലീത്ത സമുദായ ഭരണഘടന വിരുദ്ധമായോ സുറിയാനി സഭ ഭരണാധികാരിക്ക് വിരുദ്ധമായോ യാതൊരു പ്രവർത്തനങ്ങളും ചെയ്തിട്ടില്ല എന്നും സുറിയാനി സഭയുടെ ഭരണഘടനയുടെ നിയമ സാധ്യതയെക്കുറിച്ച് തെളിവെടുപ്പിനുശേഷം മാത്രമേ തീരുമാനിക്കാൻ പറ്റുകയുള്ളു എന്ന സമുദായ മെത്രാപ്പോലീത്തായുടെ വാദം കോടതി അംഗീകരിച്ചു.

പാര 67

ഒരു മെത്രാപ്പോലീത്തായെ ആ സ്ഥാനത്തുനിന്ന് നീക്കണമെങ്കിൽ ഭരണഘടനയുടെ 85 C പ്രകാരം മാത്രമേ

പാടുള്ളു എന്നും അതാത് അസ്സോസിയേഷൻ തീരുമാന പ്രകാരം മാത്രമേ വേറൊരു മെത്രാനെ നിയമിക്കുവാൻ പാടുള്ളു എന്നും കോടതി കണ്ടെത്തി. ആയതിനാൽ ഗ്രിഗോറിയോസ് തിരുമേനിയെ സമുദായ മെത്രാപ്പോലീത്തായുടെ അധികാരം ഏല്പിച്ചത് ഭരണഘടനാ ലംഘനം ആണെന്നും കോടതി കണ്ടെത്തി.

പാര 69

ഭരണഘടനാ ഭേദഗതിക്ക് വിളിച്ചുകൂട്ടിയ അസ്സോസിയേഷൻ പിൻവലിക്കണം എന്ന പാത്രിയർക്കീസ് ബാവായുടെ നിർദ്ദേശം അതിരുകടന്ന കൈകടത്തലാണെന്ന് കോടതി വിലയിരുത്തി.

പാര 71

ക്നാനായ സമുദായത്തിനുവേണ്ടി സമുദായ മെത്രാപ്പോലീത്തയെ തെരഞ്ഞെടുത്തത് ക്നാനായ അസ്സോസിയേഷൻ ആയതിനാൽ സമുദായ മെത്രാപ്പോലീത്തായ്ക്ക് എതിരെ എടുക്കുന്ന ശിക്ഷണ നടപടികൾ സമുദായത്തെ മൊത്തം ബാധിക്കുന്ന വിഷയം ആയതിനാൽ ക്നാനായ സമുദായ അംഗങ്ങൾക്ക് കേസ് കൊടുക്കാനുള്ള അവകാശം ഉണ്ടെന്നും കോടതി കണ്ടെത്തി.

പാര 72

1995 ലെയും 2017 ലെയും സുപ്രീംകോടതി വിധിപ്രകാരം പാത്രിയർക്കീസ് ബാവായ്ക്ക് ക്നാനായ സമുദായത്തിന്റെ മേൽ ആത്മീയ അധികാരം മാത്രമേ ഉള്ളു, ആയതിനാൽ ക്നാനായ സമുദായം 2003 ഭരണഘടന പ്രകാരം മാത്രം ഭരിക്കപ്പെടണമെന്നും കോടതി ഉത്തരവിട്ടു.

പാര 74

ഈ കാര്യങ്ങൾകൊണ്ട് പാത്രിയർക്കീസ് ബാവായ്ക്ക് ക്നാനായ സമുദായത്തിൽ യാതൊരു ഭൗതിക അധികാരങ്ങളും ഇല്ലായെന്നും ആത്മീയ അധികാരം മാത്രമേ ഉള്ളൂ എന്ന് കണ്ടെത്തി ബാവായുടെ കല്പനകൾ മരവിപ്പിച്ചു. 18–5–2024– ൽ പുറപ്പെടുവിച്ച കോടതിയുടെ ഇടക്കാല ഉത്തരവ് പിൻവലിക്കണം എന്ന ബാവായുടെ 13/2014–ലെ അപേക്ഷ കോടതി തള്ളി.

ഇതാണ് കോടതി വിധിയുടെ ഒരു ചെറിയ സംക്ഷിപ്ത രൂപം. ഇത് ഒരു ചരിത്രപരമായ വിധിയാണ്. ക്നാനായ സമുദായത്തിന്റെ നിലനിൽപ്പിന് നൂറ്റാണ്ടുകൾ ഈ വിധി സഹായിക്കും എന്നുള്ളതിൽ സംശയമില്ല.

പ്രിയപ്പെട്ടവരേ, ഈ ചരിത്ര വിധി ന്യായം ക്നാനായ അസ്സോസിയേഷൻ നടന്ന ആഗസ്റ്റ് 27–ാം തീയതി അസ്സോസിയേഷൻ നോട്ടീസിലെ എല്ലാ അജണ്ടകളും തീർന്നതിനുശേഷം പ്രാർത്ഥനയ്ക്ക് മുമ്പായി ബഹു കോടതി വിധി പ്രസ്താവിച്ചു എന്നത് ഒരു ദൈവനിയോഗമായി കാണുന്നു.

സമുദായത്തിന്റെ ബഡ്ജറ്റിൻ മേലുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ ക്നാനായ സമുദായ സെക്രട്ടറി വലിയ ഒരു സന്തോഷവാർത്ത സഭയെ അറിയിച്ചു. ക്നാനായ സമുദായ മെത്രാപ്പോലീത്തായെ അകാരണമായി സസ്പെൻഡ് ചെയ്ത പാത്രിയർക്കീസ് ബാവായുടെ കല്പനയ്ക്ക് എതിരേ കോട്ടയം കോടതി പുറപ്പെടുവിച്ചിരുന്ന താൽക്കാലിക സ്റ്റേ കോടതി സ്ഥിരം ആക്കി എന്ന സന്തോഷവാർത്ത പ്രസ്താവിച്ചപ്പോൾ അസ്സോസിയേഷൻ ഹാൾ ഇളകി മറിഞ്ഞു. നടവിളികളും മുദ്രാവാക്യം വിളികളുമായി സഭ മുഖരിതമായി. സമുദായ മെത്രാപ്പോലീത്തായെ അസ്സോസിയേഷനിലേക്ക് ക്ഷണിക്കുകയും ഹർഷാരവത്തോടെ അസ്സോസിയേഷൻ അംഗങ്ങൾ മെത്രാപ്പോലീത്തായെ കൈകളിലേറ്റി നടവിളികളോടുകൂടി അസ്സോസിയേഷൻ ഹാളിലേക്ക് ആനയിച്ച് സ്റ്റേജിൽ ഇരുത്തി. ഈ ചരിത്ര വിജയത്തിന്റെ പശ്ചാത്തലം സമുദായ സെക്രട്ടറിയുടെ 20 മിനിറ്റ് നീണ്ടുനിൽക്കുന്ന പ്രസംഗം ലോകം മുഴുവനുമുള്ള ക്നാനായ ജനം ഓൺലൈൻ ലൈവ് ആയി വീക്ഷിച്ചുകൊണ്ടിരുന്നു.

മെത്രാപ്പോലീത്ത ദൈവത്തോടുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് അസ്സോസിയേഷൻ ഹാളിലെ വിശുദ്ധ മദ്ബഹായുടെ മുമ്പിൽ സാഷ്ടാംഗം പ്രണാമം അർപ്പിച്ചു. അംഗങ്ങൾ എല്ലാം പ്രാർത്ഥന നിർഭരരായി നിന്നു. അതിനുശേഷം പിന്നീട് സമുദായമെത്രാപ്പോലീത്ത സമുദായ സെക്രട്ടറിയെയും അസ്സോസിയേഷൻ പ്രസിഡന്റിനെയും ആലിംഗനം ചെയ്തു. ഈ കേസിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ചവരെ എല്ലാം അഭിനന്ദിച്ച് പ്രസംഗിക്കുകയും ചെയ്തു.

2024 ആഗസ്റ്റ് 27–ാം തീയതി കൂടിയ ക്നാനായ അസ്സോസിയേഷൻ ഭംഗിയായി പര്യവസാനിച്ചു. പ്രമേയവും പൊതു വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യോത്തരങ്ങളും 2023–24 ലെ വാർഷിക റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും 2024–25 സാമ്പത്തിക വർഷത്തേക്കുള്ള 13,86,88,000 രൂപ വരവും 13,82,68,000 രൂപ ചെലവും 4,20,000 രൂപാ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റും വിശദമായ ചർച്ചകൾക്കുശേഷം ഐക്യകണ്ഠേന യോഗം പാസാക്കി.

ലോകം മുഴുവനും ഉള്ള ക്നാനായ അസ്സോസിയേഷൻ അംഗങ്ങൾക്ക് ഓൺലൈനിൽകൂടി അസ്സോസിയേഷനിൽ പങ്കുചേരുവാനുള്ള സൗകര്യവും അസ്സോസിയേഷനിൽ ചെയ്തു കൊടുക്കുകയുണ്ടായി.

ക്നാനായ സമുദായത്തിലെ വനിതകളെ സഹായ പക്ഷത്തുള്ള ചില ഫെയ്ക്ക് നീചന്മാർ സോഷ്യൽമീഡിയയിൽ ഫെയ്ക്ക് ഐഡിയിൽകൂടി അപമാനിച്ചു കൊണ്ടിരിക്കുന്നു. ഇതിപ്പോൾ പല പ്രാവശ്യം ആയി. ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ്/അസോസിയേഷൻ സെക്രട്ടറി എന്നിവർക്ക് പരാതി ലഭിച്ചിട്ടുണ്ട്. ഈ പരാതി ക്നാനായ അസ്സോസിയേഷനിൽ വരുകയുണ്ടായി. അസ്സോസിയേഷൻ തീരുമാനപ്രകാരം സമുദായം ഇവർക്കെതിരായിട്ട് ലീഗൽ നടപടി എടുക്കുന്നതാണെന്ന് അറിയിക്കുന്നു.

27/08/2024–ൽ നടന്ന ക്നാനായ അസ്സോസിയേഷനെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം. പ്രത്യേകം ലേഖനത്തിൽകൂടി വായിക്കാവുന്നതാണ്.

സമുദായ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

എന്നത് സന്തോഷകരമാണ്. എല്ലാവരെയും കാണാനും അവരുമായി സൗഹൃദം പങ്കിടുവാനും, പലരുടെയും ആതിഥ്യം സ്വീകരിക്കുവാനും സാധിച്ചു. ഈ സന്ദർശനത്തിലൂടെ അവരെ വിശ്വാസത്തിൽ വളർത്തുവാനും, ക്നാനായ തനിമയിൽ നിലനിൽക്കുവാനുള്ള പ്രചോദനം പകരുവാനും ഇടയായി. കൺവൻഷനും, ഇടവകകളിൽ സന്ദർശനം നടത്തിയപ്പോൾ അതിന് നേതൃത്വം നൽകിയ ബഹു. വൈദികരെയും, അത്മായ നേതൃത്വത്തെയുമെല്ലാം അനുമോദിക്കുകയും, അവരോടുള്ള നന്ദി അറിയിക്കുകയും ചെയ്യട്ടെ. എല്ലാ പ്രവർത്തനങ്ങളും നമ്മുടെ വിശ്വാസവർദ്ധനയ്ക്കും, ക്നാനായ തനിമ നിലനിർത്തുന്നതിനും, നമ്മുടെ കൂട്ടായ്മകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അതിലൂടെ സാധ്യമായ നന്മയുടെ തിരികൾ തെളിക്കുവാനും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്ത**

# ഓണം ചില ചിതറിയ ചിന്തകൾ

**സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്**

ഓണം എന്നത് കേരളീയരുടെ ഹൃദയത്തിൽ ഏറെ പ്രിയമുള്ള ഒരു ഉത്സവമാണ്. മാവേലി നാട് എന്ന മനോഹരമായ ഐതിഹ്യവുമായി ബന്ധപ്പെട്ട ഈ ഉത്സവം സമൃദ്ധിയുടെയും സന്തോഷത്തിന്റെയും പ്രതീകമാണ്. ഓണത്തിന്റെ പിന്നിലുള്ള മഹാബലിയുടെ ഐതിഹ്യം എന്തു തന്നെയായാലും ഈ ഉത്സവം നമ്മളെ പലതും ഓർമ്മപ്പെടുത്തുന്നുണ്ട്. പൂക്കളം, ഓണസദ്യ, പുതിയ വസ്ത്രങ്ങൾ എന്നിവയെക്കാളപ്പുറം ഓണം നമുക്ക് നൽകുന്നത് ഒരുപാട് ചിന്തകളാണ്.

**സമത്വത്തിന്റെ സന്ദേശം:**

മഹാബലിയുടെ ഭരണകാലം സമത്വത്തിന്റെയും സഹകരണത്തിന്റെയും, സാഹോദര്യത്തിന്റെയും ഒരു കാലഘട്ടമായാണ് നമ്മൾ ഓർക്കുന്നത്. അതായത് നമ്മുടെ കുടുംബ, സാമൂഹ്യ, ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നതിനും, സമത്വത്തിന്റെ സന്ദേശം പകർന്ന് സമൂഹത്തിൽ സമാധാനം പരിപാലിക്കുന്നതിനുമുള്ള ഓർമ്മപ്പെടുത്തലായി മാറുന്നു ഈ ഉത്സവം.

**സമൃദ്ധിയുടെ പ്രതീകം:**

നെൽകൃഷിയുടെ വിജയത്തെ ആഘോഷിക്കുന്ന ഓണം വിളവെടുപ്പിന്റെ ഉത്സവമായാണ് ആഘോഷിക്കപ്പെട്ടത്. സമൃദ്ധിയുടെയും സമ്പന്നതയുടെയും പ്രതീകമായി ഓണക്കാലത്തെ വിഭവസമൃദ്ധമായ സദ്യയെ വിലയിരുത്തപ്പെടുന്നു. ഓണസദ്യ കേവലം ഒരു ഭക്ഷണമല്ല, ഇത് ഒരു സാംസ്കാരിക പ്രതീകമാണ്. ഓണസദ്യ കുടുംബാംഗങ്ങളെ ഒന്നിപ്പിക്കുന്ന ഒരു അവസരമാണ്. സദ്യയിലൂടെ നമ്മുടെ പാരമ്പര്യങ്ങളും സംസ്കാരവും നാം സംരക്ഷിക്കുന്നു. കൂടാതെ പങ്കുവെയ്ക്കപ്പെടുന്ന സദ്യയെ ഒരു ആത്മീയ അനുഭവം കൂടിയായും കണക്കാക്കപ്പെടുത്താം.

**ഒരുമയുടെ പ്രതീകം:**

ഓണക്കാലത്തെ നമ്മുടെ സുഹൃത്തുക്കളും ബന്ധുക്കളുമായുള്ള കൂട്ടായ്മകൾ സാമൂഹ്യബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും, കുടുംബബന്ധത്തിന്റെ ഒരുമയ്ക്കും ഇത് നിതാന്തമായി മാറുന്നു. 'മാവേലി നാടു വാണീടും കാലം മാനുഷരെല്ലാരുമൊന്നു പോലെ' എന്ന ഒരുമയുടെ സന്ദേശം കൂടുതൽ കരുത്തോടെ ഓരോ കേരളീയനും മുറുകെ മുറുകെ പിടിക്കേണ്ടതൊന്നാണ്.

**പ്രതീക്ഷയുടെ ഉത്സവം:**

ഓണം എന്നത് കഴിഞ്ഞ കാലത്തെ ഓർമ്മിക്കുന്നതിനോടൊപ്പം വരുംകാലത്തെക്കുറിച്ചുള്ള പ്രതീക്ഷയും നൽകുന്നു. മഹാബലിയുടെ വരവ് ഒരു പുതിയ തുടക്കത്തിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്നു. ഓണക്കാലം ജീവിതത്തിലെ പുതിയ അദ്ധ്യായത്തിന് തുടക്കം കുറിച്ച് ഭാവിയിലേക്ക് പ്രതീക്ഷ നൽകുന്നു.

ചെറിയവന്റെ നിസ്സാരമായ ഒരു ആഗ്രഹത്തിന്റെ മുൻപിൽ സങ്കീർണ്ണമായ ഒരു വൻചതി ഉണ്ടെന്ന ബോധ്യമില്ലാതെ എല്ലാം നന്മകളും തന്നോടൊപ്പം ചവിട്ടി താഴ്ത്താൻ സ്വന്തം വാക്കുകൾക്ക് വില കൽപ്പിച്ച ഒരു മഹാബലിയുടെ ഓർമ്മപ്പെടുത്തലായ ഓണം നൽകുന്ന മൂല്യങ്ങളെല്ലാം ഇന്നും പ്രസക്തമാണ്.

എല്ലാ ആഘോഷങ്ങളും അപരനെ അറിയുവാനും ചേർത്തുപിടിക്കുവാനുമുള്ള അവസരങ്ങളാക്കി മാറ്റുമ്പോളാണ് അതിന് കൂടുതൽ സൗന്ദര്യവും പശിമയും ഉണ്ടാവുക. ആയതിന് ഈ ഓണക്കാലവും നമുക്ക് ഇടയാകട്ടെ. ഓണാശംസകൾ.


## സെന്റ്മേരീസ് ക്നാനായ പള്ളി ഓക്‌ലാൻഡ് ന്യൂസിലാന്റ്

ക്നാനായ അതിഭദ്രാസനത്തിന്റെ കീഴിൽ ന്യൂസിലഡ് ഓക്‌ലന്റിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ദേവാലയത്തിൽ എല്ലാ ഞായറാഴ്ചകളിലും രാവിലെ 8.30 ന് പ്രഭാതപ്രാർത്ഥനയും, 9.30 a.m. ന് വി. കുർബ്ബാനയും നടത്തപ്പെടുന്നു. ജോലിക്കും, പഠനത്തിനുമായി വരുന്ന ക്നാനായ സമുദായ അംഗങ്ങൾ വികാരിയുമായോ/പള്ളിഭാരവാഹികളുമായോ ബന്ധപ്പെട്ടാൽ യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

Fr. Shibin Abraham, Manimalethu
(Vicar) +64223457593

Tibin Abraham, Chaluparampil
(Trustee) +64223036786

Chinchu George, Palakudiyil
(Secrtery) +64224862561

**Church Location** 2 Montrose Street
Point Chevalier
Auckland, Newzealand, 1022

# മൂന്നാം ക്നാനായ ഫാമിലി മീറ്റ് ജർമ്മനിയിലെ കാസ്സലിൽ നടത്തപ്പെട്ടു.

ദൈവകൃപയാൽ ജർമ്മനിയിലെ ക്നാനായ സുറിയാനി മക്കളുടെ മൂന്നാമത്തെ വാർഷിക കുടുംബ കൂട്ടായ്മ "ക്നാനായ ഫാമിലി മീറ്റ് - 2024" കാസ്സലിൽ വച്ച് 2024 ജൂൺ 7 മുതൽ 9 വരെ അഭി. സമുദായ മെത്രാപ്പോലീത്തായുടെയും മേഖല മെത്രാപ്പോലീത്തായുടെയും ഉപദേശപ്രകാരം പ്രസിഡന്റ് റവ.ഡോ.തോമസ് ജേക്കബ് മണിമല അച്ചന്റെ നേതൃത്വത്തിൽ ക്നാനായ കമ്മിറ്റി ജർമ്മനിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ജർമ്മനിയുടെ പല ഭാഗങ്ങളിലും നിന്നുള്ള ക്നാനായ കുടുംബങ്ങളും യുവജനങ്ങളും വിദ്യാർത്ഥികളും ആവേശത്തോടെ പങ്കെടുത്ത ഈ അനുഗ്രഹീത സംഗമം കഴിഞ്ഞ വർഷങ്ങളേക്കാൾ എല്ലാത്തരത്തിലും മികവുറ്റതായി.

കമ്മിറ്റി വൈസ് പ്രസിഡന്റ് അഡ്വ. മാത്യു കുളമടയിൽ, ജർമ്മനിയിലെ ക്നാനായക്കാരുടെ പ്രതീക്ഷ ആയ യുവതലമുറയുടെ പ്രതിനിധികൾ ഗ്രിഗോർ ജേക്കബ് മണിമലയോടും, ആബേൽ ഏബ്രഹാം മാവേലിലിനോടും ഒപ്പം തിരിതെളിച്ചു സംഗമം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. കമ്മറ്റി പ്രസിഡന്റ് റവ. ഡോ തോമസ് ജേക്കബ് മണിമല അച്ചൻ "Let us rise up and rebuild" എന്ന വിഷയത്തെ ആസ്പദമാക്കി എടുത്ത ക്ലാസ്സ് സമുദായ മക്കൾ ജർമ്മനിയിലെ ആത്മീയപരവും ഭൗതികവുമായ ജീവിതത്തിനു ഒറ്റക്കെട്ടായി ഒരുമിച്ച് നിൽക്കേണ്ട ആവശ്യകതയെപ്പറ്റി വിശദീകരിച്ചത് എല്ലാവർക്കും ഉപകാരപ്രദമായി. കുടുംബ കൂട്ടായ്മയുടെ ഭാഗമായി തോമസ് അച്ചൻ അർപ്പിച്ച വി. കുർബ്ബാന ഭക്തിസാന്ദ്രമായി. ക്നാനായ തനിമയും പാരമ്പര്യവും വിളിച്ചോതുന്ന പുരാതനപ്പാട്ടുകൾ, നടവിളി എന്നിവ പ്രൗഢഗംഭീരം ആയി. യൂത്ത് കോർഡിനേറ്റർ പ്രത്യുഷ് കുര്യൻ വാലുപറമ്പിൽ നേതൃത്വം നൽകിയ outdoor activities ഉം എല്ലാവരേയും ആവേശത്തിന്റെ മുൾമുനയിൽ നിറുത്തിയ വടംവലിയും കുടുംബ ബന്ധങ്ങൾ ദൃഢപ്പെടുത്തുന്നതിനു സഹായിച്ചു. വനിതാസമാജം സെക്രട്ടറി ടോളി തോമസ് നുച്ചിയിലിന്റെ നേതൃത്വത്തിലുള്ള യുവനിരയാണ് വൈവിദ്ധ്യങ്ങളായ പരിപാടികൾ ഉൾക്കൊള്ളിച്ചുള്ള കലാസന്ധ്യകൾ ഒരുക്കിയത്. ഗ്രിഗോറും ആബേലും ലീഡ് ചെയ്ത ക്നാനായ ചരിത്രവും വേദവിജ്ഞാനവും സമന്വയിപ്പിച്ചുകൊണ്ടുള്ള ആവേശകരമായ ക്വിസ് മത്സരം ഈ വർഷത്തെ കൂട്ടായ്മയുടെ ഹൈലൈറ്റ് ആയി. ജർമ്മനിയിലെ ക്നാനായക്കാരുടെ മുന്നോട്ടുള്ള ജീവിതവും കൂട്ടായ്മയും സുഗമം ആക്കുന്നതിനുവേണ്ടിയുള്ള brainstorming - Path forward ഡിസ്ക്യൂഷൻസിന് ജനറൽ സെക്രട്ടറി ബിനു ഏബ്രഹാം മാവേലിലും, ട്രഷറാർ അനു മാത്യു കണിയാംമാലിലും നേതൃത്വം നൽകി. അതിൽ നിന്നും ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ ക്നാനായ കമ്മിറ്റി ജർമ്മനിയെ സമുദായ അംഗങ്ങൾ ചുമതലപ്പെടുത്തി. ചീഫ് കോ-ഓർഡിനേറ്റർ ടിങ്കു ഏബ്രഹാം മുളമൂട്ടിൽ, ഏരിയ സെക്രട്ടറി ജിതിൻ മോഹൻ പേരൂത്ര, റിജോ കുര്യൻ ചക്കിട്ടുപറമ്പിൽ, അനിൽ ജോസഫ് വള്ളപ്പുരയ്ക്കൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

"ക്നായിത്തൊമ്മൻ കൊടുങ്ങല്ലൂരിൽ അന്നു കൊളുത്തിയ ദീപശിഖ തലമുറ തലമുറ കൈമാറി കെടാതെ, സൂര്യചന്ദ്രന്മാർ ഉള്ളിടത്തോളം കാലം ഞങ്ങൾ സൂക്ഷിക്കും" എന്ന് വീണ്ടും ഒരിക്കൽ കൂടി പ്രതിജ്ഞ ചെയ്തു കൂട്ടായ്മയ്ക്ക് തിരശ്ശീല വീണു. അടുത്ത കുടുംബ കൂട്ടായ്മയ്ക്ക് വീണ്ടും കാണാമെന്ന ഉറപ്പോടുകൂടി മൂന്നുദിവസത്തെ ക്നാനായ ഫാമിലി മീറ്റ് ഇൻ ജർമ്മനി - 2024 ശുഭമായി പര്യവസാനിച്ചു. വാർഷിക ക്നാനായ ഫാമിലി മീറ്റ് കൂടാതെ മാസംതോറും ഓൺലൈൻ പ്രാർത്ഥനായോഗങ്ങൾ, റീജിയണൽ സംഗമങ്ങൾ, ക്രിസ്മസ് ആഘോഷങ്ങൾ, കരിയർ ഗൈഡൻസ്, ഉപകാരപ്രദമായ മറ്റു ഓൺലൈൻ കൂട്ടായ്മകൾ എന്നിവ ക്നാനായ കമ്മിറ്റി ജർമ്മനിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ജർമ്മനിയിലെ ക്നാനായ മക്കളുടെ അംഗസംഖ്യ ദ്രുതഗതിയിൽ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ഇനിയും വാട്സ് ആപ്പ് ഗ്രൂപ്പിൽ അംഗമായിട്ടില്ലാത്ത ക്നാനായ യാക്കോബായ സഹോദരങ്ങൾ **knanayajacobite.germany@gmail.com** എന്ന ഈമെയിലിൽ ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു.

ക്നാനായ കമ്മിറ്റി ജർമ്മനിക്കുവേണ്ടി
സെക്രട്ടറി, ബിനു ഏബ്രഹാം മാവേലിൽ,
മ്യൂണിക്.



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**ഒരു വിശ്വാസി, ചിങ്ങവനം**

**യോഹന്നാൻ ശ്ലീഹായ്ക്ക്**
**ഉപകാരസ്മരണ**
**അമ്മിണി**

# ജർമ്മൻ ക്നാനായ ഫാമിലി മീറ്റ് 2024



Advt -O

## മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ബഡ്ജറ്റ് സമ്മേളനം



27/08/2024–ൽ മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ബഡ്ജറ്റ് സമ്മേളനം ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി.എ. എബ്രഹാം ഇളശ്ശേരി അധ്യക്ഷത വഹിക്കുന്നു. സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. രഞ്ജു ചാക്കോ കോഴിമറ്റത്തിൽ,സജി താന്നിക്കൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ലിനു വരാത്ര, വൈദിക ട്രസ്റ്റി ഫാ. M.C. സ്കറിയാ മധുരംകോട്ട്, തോമസ്കുട്ടി തേവരുമുറിയിൽ, ഉതുപ്പാൻ ജോസഫ് വള്ളപ്പുരക്കൽ, ടിജു എബ്രഹാം തോട്ടുപുറത്ത്, ജോബി ജോസഫ് കാരിക്കോട്ട് എന്നിവർ സമീപം.



ഒന്നര മാസത്തെ അമേരിക്കൻ പര്യടനത്തിനുശേഷം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായേയും ക്നാനായ സമുദായ സെക്രട്ടറിയേയും ന്യൂയോർക്ക് ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് നാട്ടിലേക്ക് സമുദായ അംഗങ്ങൾ യാത്രയാക്കുന്നു.



## ആശംസകൾ

**പൗരോഹിത്യ ജീവിതത്തിൽ 50 വർഷം പൂർത്തീകരിച്ച**
**ക്നാനായദീപം ചീഫ് എഡിറ്റർ**

### റോയി മാത്യു കോർ എപ്പിസ്കോപ്പയ്ക്ക്

**ആശംസകൾ നേരുന്നു**

1974 സെപ്റ്റംബർ 22 ഞായറാഴ്ച റാന്നി വലിയപള്ളിയിൽ വച്ച് അഭിവന്ദ്യ ക്ലീമിസ് തിരുമനസ്സുകൊണ്ട് പൗരോഹിത്യ പദവിയിലേക്ക് ഉയർത്തി, ക്നാനായ സ്റ്റുഡന്റ്സ് അസ്സോസിയേഷൻ പ്രസിഡന്റായി 5 വർഷം സേവനം ചെയ്തു. 1995–ൽ അഭിവന്ദ്യ ഏബ്രഹാം മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്ത മിഷൻ ഡയറക്ടറായി നിയമിച്ചു. ക്നാനായ യുവജന സമാജം പ്രസിഡന്റായി 3 വർഷം സേവനം ചെയ്തു. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ആയി 9 വർഷം, വനിതാ സമാജം പ്രസിഡന്റ് ആയി 11 വർഷം, റാന്നി ക്നാനായ കൺവൻഷൻ പ്രസിഡന്റ് ആയി 12 വർഷവും സേവനം ചെയ്തു.

ഇപ്പോൾ റാന്നി മേഖല കെ.സി.സി. പ്രസിഡന്റ്, റാന്നി എക്യുമെനിക്കൽ പ്രസിഡന്റ്, റാന്നി സർവീസ് സൊസൈറ്റി പ്രസിഡന്റ്, നിലയ്ക്കൽ കമ്മിറ്റി എന്നിവിടങ്ങളിൽ സേവനം നടത്തിക്കൊണ്ടിരിക്കുന്നു.


ചങ്ങനാശേരി അതിരൂപതയുടെ
നിയുക്ത മെത്രാപ്പോലീത്ത
മാർ തോമസ് തറയിൽ പിതാവിന്
ക്നാനായ സമൂഹത്തിന്റെ ആശംസകൾ


Congratulations
UK – യിൽ Cardiff University – ൽ നിന്നും MBBS ബിരുദം നേടിയ Dr. Elma Abraham – ന് അഭിനന്ദനങ്ങൾ.
കല്ലശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ തേവരുഴത്തിൽ ഏബ്രഹാം കുരുവിള (കുഞ്ഞുമോൻ) യുടെയും മന്യ ഏബ്രഹാം (ഹീനോ) ന്റെയും മകളാണ്.
Advt - O


40th Wedding anniversary
16-09-2024
Jose Philip
&
Suja Jose
Kovoor Aythala, Ranni
Ph: 9745770603
ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി.
പ്രാർത്ഥനയോടെ...
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ
Advt -S


ST MARY'S KNANAYA CHURCH
AUCKLAND, NEW ZEALAND
MANAGING COMMITTEE 2024 TO 2026
REV.FR.SHIBIN ABRAHAM
MANIMALETHU, VECHOOCHIRA
PRESIDENT/ VICAR
ALEX JOHN
VICE PRESIDENT
TIBIN ABRAHAM
CHALUPARAMBIL, RANNY
TRUSTEE
CHINCHU GEORGE
PALAKUDIYIL, CHINGAVANAM
SECRETARY
BONEY MATHEW
JOINT TRUSTEE
CICIN BABOO
COMMITTEE MEMBER
JOHN LOLAK SABU
COMMITTEE MEMBER
SIJU KURIAN
COMMITTEE MEMBER
NIJO ABRAHAM JACOB
COMMITTEE MEMBER
NISHAMOL SIBI
SUNDAY SCHOOL HEADMISTRESS &
COMMITTEE MEMBER
SOMAN MATHEW
AUDITOR/ ASSOCIATION MEMBER
SIBI KURIAN
ASSOCIATION MEMBER
TUNA TIBIN
TRUSTEE (WOMEN'S ASSOCIATION)
JAYA SIJU
SECRETARY (WOMEN'S ASSOCIATION)
RAJI BINOY
COMMITTEE MEMBER (WOMAN'S ASSOCIATION)
RAKHY SHIBIN
COMMITTEE MEMBER (WOMEN'S ASSOCIATION)
RESHMA BONEY
ARTS CO-ORDINATOR
STEPHY JOHN
ARTS CO-ORDINATOR
STEPHIN SIJU
SECRETARY (YOUTH ASSOCIATION)
JOSH ABRAHAM KURIAKOSE
TRUSTEE (YOUTH ASSOCIATION)
Advt - G









St Mary's Knanaya Church, Auckland, NZ
Church Events 2023- 2024










Advt - G


50th Wedding anniversary
08-09-2024
K.A. JOY
&
ELAMMA JOY
Kozhimattathil, Thoppil
Chingavanam
മക്കൾ – റോയി, റോണി, ഷെറിൻ
മരുമക്കൾ – ജോബി, റ്റിന്റു
കൊച്ചുമക്കൾ – അലക്സ് ജോൺ, എലേനാ, മറിയം, ഐറിൻ, എസ്ഥേർ
"യഹോവയ്ക്കു സ്തോത്രം ചെയ്‌വീൻ, അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്"
Advt - O


KNANAYA
ക്നാനായ
വെഡ്ഡിംഗ്സ്
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt - O



# അയൺമാൻ മത്സരത്തിൽ കൊച്ചിൻ കസ്റ്റംസ് പ്രിവന്റീവിലെ അഡീഷണൽ കമ്മീഷണർ ജോമി ജേക്കബ് (I R S)

ഡെൻമാർക്കിലെ കോപൻ ഹേഗനിൽ ആഗസ്റ്റ് 18-ന് നടന്ന ഇന്റർനാഷണൽ അയൺമാൻ മത്സരത്തിൽ കൊച്ചിൻ കസ്റ്റംസ് പ്രിവന്റീവിലെ അഡീഷണൽ കമ്മീഷണർ ജോമി ജേക്കബ് (I R S) 13 മണിക്കൂർ 27 മിനിറ്റ് കൊണ്ട് പൂർത്തിയാക്കി.

2.4 മൈൽ (3.9 കി.മീ) നീന്തൽ, 112 മൈൽ (180.2 കി.മീ) സൈക്കിൾ സവാരി, മാരത്തൺ 26.22 മൈൽ (42.2 കി.മീ) എന്നിവ ഉൾപ്പെടുന്ന വേൾഡ് ട്രയാത്ത്‌ലൺ കോർപ്പറേഷൻ (ഡബ്ല്യുടിസി) സംഘടിപ്പിക്കുന്ന ദീർഘദൂര ട്രയാത്ത്‌ലൺ റേസുകളുടെ ഒരു പരമ്പരയാണ് അയൺമാൻ ട്രയാത്ത്‌ലൺ. ആകെ 140.6 മൈൽ (226.3 കി.മീ). ലോകത്തിലെ ഏറ്റവും പ്രയാസമേറിയ ഏകദിന കായിക ഇനങ്ങളിലൊന്നായി ഇത് പരക്കെ കണക്കാക്കപ്പെടുന്നു. നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടനീറിംഗിൽ നിന്ന് സർട്ടിഫൈഡ് പർവതാരോഹകൻ കൂടിയാണ് അദ്ദേഹം. നിരവധി പർവതാരോഹണങ്ങളിൽ ഇദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

റാന്നി വലിയപള്ളി ഇടവക അംഗവും അങ്ങാടി അറക്കൽ എ.റ്റി. ജേക്കബ്, വത്സമ്മ ദമ്പതികളുടെ മകനും ആയ ഇദ്ദേഹം റാന്നി അറക്കൽ late. വെരി റവ. A. T. തോമസ്, കോർ എപ്പിസ്കോപ്പയുടെ സഹോദര പുത്രൻ ആണ്. ഭാര്യ Dr. അനു ഉണ്ണിയുടെയും മക്കളായ ജോവാന്റെയും ജോർദാന്റെയും പൂർണ്ണ പിന്തുണയാണ് ഈ അപൂർവ്വനേട്ടം കൈവരിക്കുന്നതിന് സഹായിച്ചത്. സോൾസ് ഓഫ് കൊച്ചിൻ മാരത്തൺ റണ്ണിങ് ഗ്രൂപ്പിൽ ചേർന്നാണ് മാരത്തൺ പരിശീലനം നേടിയത്.



Advt - O



**1679 – ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ സ്വാഗത സംഘ യോഗം റാന്നി സെന്റ് തോമസ് വലിയ പളളിയിൽ മുൻ എം.എൽ.എ. ശ്രീ. രാജു ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു.**

## ക്നാനായദീപം പരസ്യനിരക്ക്

**ക്നാനായദീപം വരിസംഖ്യ**

| | |
|---|---|
| ഒരുവർഷം | - 200 |
| പത്തുവർഷം | - 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | - 4000 |

**പരസ്യനിരക്ക്**

| | |
|---|---|
| ഉപകാരസ്മരണ | - 450 |
| പേര് മാത്രം | - 350 |
| മാട്രിമോണിയൽ | - 750 |

**ബ്ലായ്ക്ക്& വൈറ്റ്**

| | |
|---|---|
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | - 1000 |
| കാൽപേജ് | - 2000 |
| അരപേജ് | - 4000 |
| ഫുൾപേജ് | - 6000 |

**കളർ പരസ്യനിരക്ക്**

| | |
|---|---|
| കാൽപേജ് | - 5000 |
| അരപേജ് | - 7500 |
| ഫുൾ പേജ് | - 12000 |
| കവർ ഇൻസൈഡ് | - 15000 |
| ബായ്ക്ക് കവർ | - 17500 |



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ
1679-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം
2024 സെപ്റ്റംബർ 21, 22
ശനി ഞായർ
റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ
(മാർ ക്ലീമിസ് നഗർ)
മത്സരയിനങ്ങൾ
ക്രിസ്തീയഗാനം
പ്രസംഗം
ബൈബിൾ കഥാപ്രസംഗം
മോണോ ആക്ട് & മിമിക്രി
വാട്ടർ കളറിംഗ്
പെൻസിൽ ചിത്രരചന
ഉപന്യാസ എഴുത്ത്
ആരാധനാ ഗീത മത്സരം
പുരാതന ഗീത മത്സരം
സുറിയാനി ആരാധന ഗീത മത്സരം
നാടോടി നൃത്തം
സംഘ നൃത്തം
വെജിറ്റബിൾ കാർവിംഗ്
ബൊക്കെ ഡിസ്പ്ലെ
ഫ്ളവർ അറേഞ്ച്മെന്റ്
ഹാൻഡ് എംബ്രോയിഡറി
ഓർണമെന്റ് മേക്കിംഗ്
പരിചമുട്ടുകളി
മാർഗ്ഗംകളി
നടവിളി മത്സരം
ഫാൻസിഡ്രസ്
സിനിമാറ്റിക് ഡാൻസ്
ഏവർക്കും സ്വാഗതം





First Death Anniversary
25-09-2024
C.K.KURUVILLA
Chittettu, Ranny
By Loving Family
Advt - O




ഞങ്ങളുടെ വാത്സല്യവാനായ അപ്പച്ചന്റെ
വേർപാടിന്റെ രണ്ടാം വാർഷികം
30-09-2024
ചിറയിൽ വന്ദ്യ എം.എ. കുറിയാക്കോസ്
കോർ-എപ്പിസ്കോപ്പ
വെളിയനാട്
Advt - O

# മികവോടെ പഠിക്കാം, ലക്ഷ്യം നേടാം! അതും ഇഷ്ടത്തോടെ !!!



സുനിൽ ഡി. കുരുവിള

ആർക്കാണ് സ്വപ്നങ്ങൾ ഇല്ലാത്തത്? എന്നാൽ വസ്തുനിഷ്ഠമായി യാഥാർത്ഥ്യബോധത്തോടെ സ്വപ്നങ്ങളെ ലക്ഷ്യങ്ങളാക്കാനും സ്ഥിരപരിശ്രമത്തിലൂടെ അത് നേടിയെടുക്കാനും ചുരുക്കം പേർക്കേ കഴിഞ്ഞിട്ടുള്ളൂ.

വിജയം sustain ചെയ്യാനും ജീവിതം ആസ്വദിക്കാനും കഴിഞ്ഞിട്ടുള്ളവർ അതിലും ചുരുക്കം! നിലനിൽക്കുന്ന വിജയത്തിലേക്കുള്ള – സന്തോഷമുള്ള ജീവിതത്തിലേക്കുള്ള വഴിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

1. അച്ചടക്കം:

" Discipline is the refining fire by which talent becomes ability"

അച്ചടക്കമില്ലാത്തവന്റെ വാക്കുകൾ വിശ്വസിക്കാൻ കഴിയുകയില്ല എന്നു പറയാറുണ്ട്. ഔന്നത്യത്തിലേക്കുള്ള വഴി അച്ചടക്കമാണ്. സ്വയം നിയന്ത്രിക്കാനുള്ള കഴിവാണ് ഈ കാലം ആവശ്യപ്പെടുന്ന ഏറ്റവും വലിയ നേതൃഗുണം. ചെറിയ പ്രായത്തിലെ അച്ചടക്കത്തിന്റെ പ്രാധാന്യം തിരിച്ചറിയണം. അച്ചടക്കം ഉള്ളവർ ചിട്ടയും ക്രമവുമുള്ള ജീവിതം നയിക്കും. അവർക്കു എല്ലാ കാര്യങ്ങൾക്കും സമയമുണ്ടാകും. തീരുമാനങ്ങൾ ഉണ്ടാകും. ഉയർന്ന ലക്ഷ്യമുണ്ടാകും! അതെല്ലാം സമയബന്ധിതമായി നേടാനും കഴിയും! സമയം പാഴാക്കിക്കളയാതെ കൂടുതൽ കാര്യക്ഷമമായി സമയത്തെ ഉപയോഗിക്കാൻ കഴിയും! "പുറത്ത് നിന്ന് അടിച്ചേൽപ്പിക്കുന്ന അച്ചടക്കം, ഉള്ളിൽ നിന്നുള്ള ആഗ്രഹവുമായി പൊരുത്തപ്പെടാത്തപ്പോൾ ഒടുവിൽ പരാജയപ്പെടുന്നു"ഡോസൺ എർലെ ട്രോട്ട്മാൻ.

2. ആഗ്രഹം:

എന്ത് നേടണമെങ്കിലും സ്വന്തമായി ആഗ്രഹിക്കണം. അച്ഛനും അമ്മയും ആഗ്രഹിച്ചാൽ മകനോ മകൾക്കോ ലക്ഷ്യത്തിലെത്താൻ കഴിയുകയില്ല. സ്വയം ആഗ്രഹിക്കണം! സ്വപ്നം കാണണം. ഏതു വലിയ ലക്ഷ്യവും നേടണമെങ്കിൽ ഉറച്ച തീരുമാനങ്ങൾ എടുക്കണം. കഠിനമായ പ്രവർത്തനങ്ങൾ വേണം.... ക്ഷമ വേണം. സുഖങ്ങൾ വെടിയണം. നന്നായി ഫോക്കസ് ചെയ്യണം! സ്വന്തം ഇഷ്ടത്തോടെ പ്രവർത്തിക്കുമ്പോൾ അവിടെ നിരാശയോ പ്രയാസമോ അനുഭവപ്പെടില്ല!

3. സംഘടിപ്പിക്കൽ:

പഠനവും പരിശീലനവും നന്നാവണമെങ്കിൽ അതിനുവേണ്ടി നന്നായി 'organise' ചെയ്യണം. എനിക്ക് ഭാവിയിൽ ഒരു Chartered accountant ആകണം അല്ലെങ്കിൽ ഒരു മികച്ച lawyer ആകണം എന്ന് കരുതുക. ഉയർന്ന ലക്ഷ്യങ്ങൾ നേടാൻ മികച്ച ഒരുക്കം ആവശ്യമാണ്. സ്കൂളിൽ എന്നും പോവുക. ക്ലാസ്സിൽ ശ്രദ്ധിക്കുക. Notes തയ്യാറാക്കുക. പരീക്ഷകൾക്ക് നന്നായി തയ്യാറെടുക്കുക. നൈപുണ്യങ്ങൾ വളർത്തുക. മികച്ച വിദ്യാർത്ഥിയായിരിക്കുക. ഇതാണ് ഏറ്റവും പ്രധാനം.

4. ആസൂത്രണം:

ഓരോ ലക്ഷ്യവും അനുസരിച്ച് ആസൂത്രണവും മാറും. NEET നു ഉയർന്ന റാങ്ക് വാങ്ങണമെങ്കിൽ Science group നു ചേരണം. NEET Coaching നു ചേരണം. ധാരാളം സമയം പഠിക്കണം. സ്കൂൾ പഠനത്തോടൊപ്പം കോച്ചിങ്ങിനു പോകണോ അതോ പ്ലസ് ടൂ കഴിഞ്ഞു coaching എടുത്താൽ മതിയോ? എവിടെ പഠിക്കണം? ഇനി NEET റാങ്ക് കുറവായാൽ എന്ത് ചെയ്യണം?.. ഇതെല്ലാം ഭംഗിയായി ആസൂത്രണം ചെയ്താലേ ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളൂ.

5. അടിസ്ഥാനം:

ശക്തമായ ആഴമുള്ള വേരുകളാണ് ഏതൊരു ഉയരമുള്ള മരത്തെയും നിലനിർത്തുന്നത് എന്ന് നമുക്കറിയാം. ഉന്നതമായ നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ കുട്ടികളെ പ്രാപ്തമാക്കണമെങ്കിൽ അവർക്കു ശക്തമായ ഫൗണ്ടേഷൻ ആവശ്യമാണ്. ആരോഗ്യം, മനോഭാവം, നൈപുണ്യം, ആവശ്യമായ അറിവ്, ചിന്താശേഷി, വ്യക്തിത്വം ഒക്കെ ഏതു രംഗത്തും ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമാണ്. Academic excellence നേടണമെങ്കിൽ ചെറിയ പ്രായത്തിലെ concepts മനസ്സിലാക്കി പഠിക്കണം. കാണാതെ പഠിത്തവും പരീക്ഷയ്ക്ക് മാർക്ക് വാങ്ങാൻ വേണ്ടി മാത്രമുള്ള പഠിത്തവും ഗുണം ചെയ്യുകയില്ല. അമിതമായ ട്യൂഷനും കോച്ചിംഗും ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ആദ്യം സ്വന്തമായി പഠിക്കാൻ പഠിക്കണം!

6. ഉയർന്ന ലക്ഷ്യം:

A small aim is a crime!" APJ Abdul Kalam

മലയോളം ആഗ്രഹിച്ചാലേ കുന്നോളമെങ്കിലും നേടാൻ കഴിയൂ. ഉയർന്ന ലക്ഷ്യങ്ങൾ സ്വപ്നം കാണാൻ കഴിയണമെങ്കിൽ ധൈര്യം വേണം. അതിനുവേണ്ടി പ്രവർത്തിക്കാനുള്ള മനസ്സുവേണം. നേടാൻ കഴിയുമെന്ന വിശ്വാസം വേണം! ഏതു തടസ്സം നേരിട്ടാലും അതിജീവിക്കാനുള്ള മനോഭാവം വേണം! ചെറിയ ലക്ഷ്യങ്ങൾ നമ്മളെ നാളെ നിരാശപ്പെടുത്തിയേക്കാം. ഇന്നത്തെ സുഖത്തിനുവേണ്ടി ചെറിയ ലക്ഷ്യങ്ങളിൽ 'ഒരുങ്ങുന്നവർ' നാളെ ദുഃഖിച്ചേക്കാം! വിജയം എപ്പോഴും 'comfort zone'നു വെളിയിലാണ്. ആൽബർട്ട് ഐൻസ്റ്റീൻ എഴുതിയതുപോലെ "ഒരു കപ്പൽ തീരത്തു വളരെ സുരക്ഷിതമാണ്. പക്ഷെ തീരം ചേർന്ന് കിടക്കാനല്ലല്ലോ ഒരു കപ്പൽ നിർമ്മിച്ചിട്ടുള്ളത്"!

7. സ്ഥിരോത്സാഹം:

ഇംഗ്ലീഷിൽ perseverance എന്നൊരു വാക്കുണ്ട്.

അർത്ഥം സ്ഥിരോത്സാഹം, അക്ഷീണപരിശ്രമം എന്നൊക്കെയാണ്. ഈ ഒരൊറ്റ quality കൊണ്ട് ഒരു വിജയിയെ അടയാളപ്പെടുത്താൻ കഴിയും. സ്വപ്നസാക്ഷാത്ക്കാരത്തിലേയ്ക്കുള്ള വഴിയിൽ തടസ്സങ്ങൾ അവരെ പ്രചോദിപ്പിക്കുകയാണ് ചെയ്യുന്നത്. 'ഇഷ്ടപ്പെട്ടു' പോരാടുക... വിജയം ഉറപ്പാണ്! ലക്ഷ്യം സ്വന്തം ഉത്തരവാദിത്വവും ആഗ്രഹവും ആണെങ്കിൽ അതിനുവേണ്ടിയുള്ള ഏതു കഷ്ടപ്പാടും ഇഷ്ടത്തോടെ ഏറ്റെടുക്കും! വിജയം വരെ focus ഓടെ നിൽക്കാൻ കഴിയുക... commitment, presence of mind... ഏറ്റവും അത്യാവശ്യമായ നൈപുണ്യമാണ്.

8. നിരന്തര വിലയിരുത്തൽ:

സമയബന്ധിതമായ അവലോകനവും വിശകലനവും ഏറ്റവും പ്രധാനം. പലരും ലക്ഷ്യം തീരുമാനിക്കുന്നത് വൈകാരികമായോ material സാദ്ധ്യതകൾ (പണം ഉണ്ടാക്കാനുള്ള) മാത്രം മുന്നിൽ കണ്ടുകൊണ്ടാണ്. ഒരാൾ വിജയിച്ച ഒരു രംഗത്ത് മറ്റൊരാൾക്ക് വിജയിക്കാൻ കഴിയണമെന്നില്ല. ഏതു രംഗത്തും വിജയിക്കണമെങ്കിൽ ആ രംഗത്ത് ആവശ്യമായ intellectual ability, നൈപുണ്യങ്ങൾ, മനോഭാവം, പരിശ്രമം എല്ലാം കൂടിയേ തീരൂ. അതിനു സാധിക്കുന്നില്ലെങ്കിൽ ലക്ഷ്യം തന്നെ മാറ്റേണ്ടിവരും. ഇടയ്ക്കിടെ കാര്യങ്ങൾ വിലയിരുത്തി വേണ്ട തിരുത്തലുകൾ വരുത്തുക! ആഗ്രഹം മാത്രം പോരാ... ബുദ്ധിപരമായ തന്ത്രങ്ങളും ക്ഷമയോടുള്ള പ്രവർത്തനങ്ങളും കൂടിയേ തീരു.

9. തിരുത്തൽ:

അന്ധമായ ലക്ഷ്യങ്ങൾ വലിയ ദുരന്തമാണ് വിതയ്ക്കുക. Rational Thinking - യുക്തിയോടെ ചിന്തിക്കാനുള്ള കഴിവാണ് പ്രധാനം. സയൻസ് പഠിക്കണോ? NEET repeat ചെയ്യണോ? സർക്കാർ ജോലിക്കുവേണ്ടിയൊക്കെ വർഷങ്ങൾ നഷ്ടപ്പെടുത്തി ഒന്നും ആകാൻ കഴിയാതെ പോയവരുണ്ട്. Civil Service എത്രയോ പേരുടെ ജീവിതം waste ആക്കി കളഞ്ഞു! സിനിമ നടിയാകാനും എയർ ഹോസ്റ്റസ് ആകാനും പോയി ഭാവികളഞ്ഞ അനേകരുണ്ട്. Engineering പഠിച്ചും ഡോക്ടർ ആകാൻ പോയും രോഗികളായവർ... നല്ല കരിയർ ഗൈഡൻസിന്റെ പ്രാധാന്യവും ഇവിടെയാണ്. ജീവിതത്തിൽ retake ഇല്ല. സമയവും പണവും ഭാവിയും നഷ്ടപ്പെടുത്താതിരിക്കാം.

10. നേതൃത്വം:

ജീവിത വിജയം കുറെ അറിവോ ഡിഗ്രികളോ ഇംഗ്ലീഷ് പറയാനുള്ള കഴിവോ ഒന്നും ആണ് എന്ന് തെറ്റിദ്ധരിക്കരുത്. ജീവിത വിജയം പണംകൊണ്ടും നേടാൻ കഴിയില്ല. അതൊരു നേതൃത്വമാണ്. സമഗ്രമായി ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ബാലൻസ് ചെയ്യാനുള്ള നേതൃത്വമാണ് ജീവിത വിജയത്തെ അളക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, കുടുംബം, സൗഹൃദം, സമൂഹം, വിശ്വാസം, മൂല്യങ്ങൾ, സംസ്ക്കാരം എല്ലാം നമ്മുടെ ജീവിതത്തോട് ചേർന്ന് നിൽക്കുമ്പോഴാണ് ജീവിത വിജയം എന്ന സ്റ്റാറ്റസ് നേടാൻ കഴിയുന്നത്. ചെറിയ പ്രായം മുതലേ കുട്ടികൾ ഈ ഓരോ ഘടകങ്ങളുടെയും പ്രാധാന്യം മനസ്സിലാക്കി വളരണം. പ്രായം അനുസരിച്ചു വ്യക്തിത്വ വികസനം നേടണം. ഡോക്ടർ ആയി കഴിഞ്ഞിട്ട് ഇതെല്ലാം മാളിൽ നിന്ന് വാങ്ങാം എന്ന് കരുതിയാൽ തെറ്റി. നല്ല മനുഷ്യനാണ് നിലനിൽക്കുന്ന വിജയത്തിനായുള്ള അടിസ്ഥാന ശില!

സ്നേഹാശംസകൾ!

(Sunil D. Kuruvilla is a practising Counsellor, Career expert & a Human Resource Development trainer of vast experience. He can be contacted @
email: sunil_kuruvilla@rediffmail.com or
Cell: +91 9847400712
Or YouTube: sunil kuruvilla)

# അമേരിക്കയിൽ ഉള്ള ദൈവാലയങ്ങളിൽനിന്നും സമുദായത്തിന് നൽകിയ തുക

ക്നാനായ സമുദായത്തിന്റെ പ്രതിസന്ധിഘട്ടത്തിൽ സാമ്പത്തികമായി സമുദായത്തെ സഹായിച്ച സ്നേഹനിധികളായ അമേരിക്കയിലെ എല്ലാ സമുദായ സ്നേഹികളായ ഇടവക ജനങ്ങളോടും, അഭി. തിരുമേനിക്കും എനിക്കും ആതിഥ്യം വഹിച്ച ഭവനങ്ങളിലെ നമ്മുടെ പ്രിയപ്പെട്ടവരോടും ഉള്ള സമുദായത്തിന്റെ നന്ദി അറിയിക്കുന്നു.

ഓരോരുത്തരായി സമുദായത്തിന് നൽകാനായി എന്നെ ഏല്പിച്ച സഹായ സഹകരണങ്ങൾക്ക് സമുദായത്തിന്റെ റെസിപ്റ്റ് നൽകിയിട്ടുള്ളതുകൊണ്ട് വ്യക്തികളുടെ പേരുകളും തുകയും ഇവിടെ പ്രസിദ്ധീകരിക്കുന്നില്ല, എന്നാൽ, അമേരിക്കയിൽ ഉള്ള അവരുടെ ദൈവാലയങ്ങളിൽനിന്നും മൊത്തമായി ഇതുവരെ സമുദായത്തിന് നൽകിയിട്ടുള്ള തുക ഇവിടെ പ്രദ്ധീകരിക്കുന്നു.

| | | |
|---|---|---|
| 1. ST. THOMAS KNANAYA CHURCH, | DALLAS | $2300 |
| 2. ST. MARY'S KNANAYA CHURCH, | HARTFORD | $1100 |
| 3. ST. EPHRAIM KNANAYA CHURCH, | DETROIT | $1900 |
| 4. ST. MARY'S KNANAYA CHURCH, | CHICAGO | $5050 |
| 5. ST. MARY'S KNANAYA CHURCH PA, | PHILADELPHIA | $5600 |
| 6. ST.THOMAS KNANAYA CHURCH, | CLIFTON, NJ | $600 |

 റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ
സമുദായ സെക്രട്ടറി

# 27-08-2024 ൽ നടന്ന ക്നാനായ അസ്സോസിയേഷനെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം

റ്റി.ഒ. എബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

പ്രിയമുള്ളവരെ,

ക്നാനായ അസ്സോസിയേഷന്റെ ബഡ്ജറ്റ് സമ്മേളനം 2024 ആഗസ്റ്റ് 27 ചൊവ്വാഴ്ച രാവിലെ 10.30 ന് ചിങ്ങവനം മോർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽവച്ച് അസ്സോസിയേഷൻ പ്രസിഡന്റ് ബഹു.വി. എ. എബ്രഹാം കശീശായുടെ അദ്ധ്യക്ഷതയിൽ പ്രാർത്ഥന യോടെ ആരംഭിച്ചു.

കാര്യപരിപാടിയിലേക്ക് കടക്കും മുമ്പ് റവ.ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത് ധ്യാന പ്രസംഗം നടത്തുകയും തുടർന്ന് വയനാട്ടിൽ പ്രകൃതിദുരന്തത്തിൽ പരേതരായവരുടെ ഓർമ്മയ്ക്കു മുമ്പിലും കഴിഞ്ഞ ക്നാനായ അസ്സോസിയേഷനുശേഷം നമ്മിൽ നിന്ന് വാങ്ങിപ്പോയ അസ്സോസിയേഷൻ അംഗങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ച് ആദരസൂചകമായി എഴുന്നേറ്റുനിന്ന് പരേതർക്കുവേണ്ടി പ്രാർത്ഥന നടത്തി.

തുടർന്ന് ബഹു. അസ്സോസിയേഷൻ സെക്രട്ടറി റ്റി. ഒ. എബ്രഹാം നോട്ടീസ് വായിച്ചു. തദവസരത്തിൽ യോഗത്തെ മനഃപൂർവ്വം അലങ്കോലപ്പെടുത്തുന്നതിനുള്ള ഗൂഢ ഉദ്ദേശത്തോടുകൂടി കാവാലം പള്ളിയിൽ നിന്നുള്ള അസ്സോസിയേഷൻ അംഗം രാജു അറയ്ക്കൽ വെറുതെ ചില ക്രമപ്രശ്നങ്ങളും ഉന്നയിച്ച് സ്റ്റേജിന്റെ സമീപത്തേയ്ക്ക് കടന്നുവന്നു ബഹളമുണ്ടാക്കി. രാജുവിന് ക്നാനായ അസ്സോസിയേഷനിൽ വന്ന് സംബന്ധിക്കാം എന്നല്ലാതെ അഭിപ്രായപ്രകടനങ്ങൾ നടത്തുന്നതിനോ, വോട്ടിങ്ങിൽ പങ്കെടുക്കുന്നതിനോ അനുവാദമില്ലെന്ന് സെക്രട്ടറി ഓർമ്മപ്പെടുത്തിയതോടുകൂടി രാജു പിൻവാങ്ങി.

തുടർന്ന് പുതിയ അംഗങ്ങളായി കടന്നുവന്നവരുടെ സത്യപ്രതിജ്ഞ നടന്നു. അതിനുശേഷം സമുദായത്തിന്റെ ആനുകാലിക വിഷയങ്ങളെക്കുറിച്ച് ബഹു. സമുദായ സെക്രട്ടറി വിശദമായ ആമുഖപ്രസംഗം നടത്തി. സമുദായം നേരിട്ടുകൊണ്ടിരിക്കുന്ന കേസുകളെക്കുറിച്ചും, അതിൽ ഏറ്റവും ദൗർഭാഗ്യകരം എന്ന് കാണുന്നത് ചരിത്രത്തിൽ ആദ്യമായിട്ടാണ് നാം ഏവരും ഭയഭക്തി ആദരവുകളോടെ കാണുന്ന പരി. പാത്രിയർക്കീസ് ബാവ ഒരു പവർ ഓഫ് അറ്റോണിയെവച്ചുകൊണ്ട് ക്നാനായ സമുദായത്തിനും സമുദായ മെത്രാപ്പോലീത്തയ്ക്ക് എതിരെയും നേരിട്ട് കേസ് നടത്തുന്നതും ഏറ്റവും സങ്കടകരമായ അവസ്ഥയാണ് നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നതെന്നും, അതുമാത്രമല്ല ശുദ്ധമനസ്കനായ അഭി.സേവേറിയോസ് തിരുമേനി എങ്ങനെയെങ്കിലും ഇവിടെ സമാധാനം ഉണ്ടാകുന്നതിനുവേണ്ടി പരി.പാത്രിയർക്കീസ് ബാവായുടെ കനിവിനായി അദ്ദേഹത്തിന് അയച്ചിരുന്ന എല്ലാ കത്തുകളും സമുദായത്തിനെതിരായുള്ള തെളിവുകളായി പാത്രിയർക്കീസ് ബാവയുടെ വക്കീലായ അഡ്വ. അലക്സ് പി.ചാക്കോ മുഖേന കോടതിയിൽ ഹാജരാക്കിയത് സമുദായത്തെ വളരെയേറെ പ്രതിസന്ധിയിൽ ആക്കിയിരിക്കുന്നു.

എന്നിരുന്നാലും ബഹു.സുപ്രീം കോടതിയുടെ 1995 ലെയും 2017 ജൂലൈ 3-ാം തീയതിയിലെയും കോടതിവിധികൾ അനുസരിച്ച് നമുക്ക് ഭയപ്പെടാനില്ലെന്നും, ദൈവം എല്ലാം അനുകൂലമാക്കി തരുമെന്നും അദ്ദേഹം പറഞ്ഞു.

കൂടാതെ ഏതാണ്ട് ഒരു മാസക്കാലം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായും, സമുദായ സെക്രട്ടറിയും, ക്നാനായ കമ്മിറ്റി അംഗങ്ങളും, നമ്മുടെ ഓതറ ഫാർമസി കോളേജ് സെക്രട്ടറിയും ഉൾപ്പെടെ നോർത്ത് അമേരിക്കൻ സന്ദർശനത്തിൽ ആയിരുന്നുവെന്നും NAMKC യുടെ ക്നാനായ സംഗമത്തിൽ സംബന്ധിച്ചിരുന്നുവെന്നും, തുടർന്ന് സമുദായ മെത്രാപ്പോലീത്തായും, സെക്രട്ടറിയും ചില കമ്മിറ്റിക്കാരും ഉൾപ്പെടെ നമ്മുടെ അവിടെയുള്ള മിക്കവാറും എല്ലാ ദൈവാലയങ്ങളും സന്ദർശിച്ചിരുന്നു എന്നും, വളരെ ഊഷ്മളമായ വരവേൽപ്പ് നൽകി അവർ നമ്മെ സ്വീകരിച്ചു എന്നും, വളരെ സന്തോഷവും സ്നേഹവും നിറഞ്ഞു നിന്നിരുന്ന അവസ്ഥയിലായിരുന്നു എന്നും, അവിടെയുള്ള നമ്മുടെ എല്ലാ ജനങ്ങളും ചിങ്ങവനം മോർ അപ്രേം സെമിനാരിയുമായുള്ള ബന്ധം അഭംഗുരം തുടരുവാനുള്ള ഉറച്ച നിലപാടിൽ ആണെന്നും അഭിമാനത്തോടെ പറഞ്ഞു.

നമ്മളും നമ്മുടെ സന്തതി പരമ്പരകളും ഉള്ളടത്തോളം കാലം അന്ത്യോഖ്യാ വിശ്വാസം നമ്മൾ വിടുകയില്ല. പക്ഷേ ഇപ്പോഴത്തെ പരി.പാത്രിയർക്കീസ് ബാവയുടെ നടപടിയിൽ നമുക്ക് പ്രതിഷേധമുണ്ട്. അതിനു തക്കതായ കാരണങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം ഇപ്പോൾ വിശദീകരിക്കുവാൻ തുനിയുന്നില്ലെന്നും പറയുകയുണ്ടായി സെക്രട്ടറി ആമുഖ പ്രസംഗത്തിൽ. നേരിട്ടും ഓൺലൈൻ കൂടിയും 208 പേർ അസ്സോസിയേഷൻ യോഗത്തിൽ പങ്കെടുത്തു. തുടർന്ന് പ്രമേയങ്ങൾ, ചോദ്യോത്തരങ്ങൾ എന്നിവയിലേയ്ക്ക് പ്രവേശിച്ചു.

**ആദ്യപ്രമേയം:**

അവതാരകൻ : തോമസുകുട്ടി തേവരുമുറിയിൽ (ക്നാനായ കമ്മിറ്റി അംഗം)

അനുവാദകൻ : ഉതുപ്പാൻ ജോസഫ് ചരിവുപറമ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

ഇപ്പോഴത്തെ പരി. പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ ബാവ ഏകപക്ഷീയവും സമുദായഭരണഘടനയ്ക്ക് വിരുദ്ധവും ക്നാനായ സമുദായ താൽപര്യങ്ങൾ അവഗണിച്ചും സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായ്ക്ക് എതിരായി എടുത്ത ശിക്ഷണ നടപടികൾ സ്വാഭാവിക നീതിയ്ക്ക് നിരക്കാത്തതും സമുദായ ഭരണഘടനയുടെ ലംഘനവും ആയതിനാലും ക്നാനായ സമുദായം അംഗീകരിക്കുന്നില്ല.

മേൽ സാഹചര്യത്തിൽ ക്നാനായ സമുദായത്തിന്റെ സമുദായമെത്രാപ്പോലീത്താ സ്ഥാനവും ക്നാനായ സമുദായ ഭരണഘടനാപ്രകാരമുള്ള ഭരണചുമതലയും അധികാരങ്ങളും അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായിൽ തന്നെ നിക്ഷിപ്തമാണെന്നും അത് അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. അതോടൊപ്പം അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടുള്ള വിശ്വാസവും, കൂറും, ഭക്തിയും ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നു. കൂടാതെ സമുദായ ഭരണഘടന 85 C അനുശാസിക്കുന്ന കാരണങ്ങൾ നിലവിൽ ഇല്ലാത്തതിനാലും സഹായ

മെത്രാന്മാരായ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്, കുറിയാക്കോസ് മോർ ഈവാനിയോസ്, അയൂബ് മോർ സിൽവാനോസ് എന്നിവരെ സമുദായ മെത്രപ്പോലീത്തായായോ സമുദായ മെത്രാപ്പോലീത്താ സ്ഥാനം വഹിക്കുന്നതിനോ, സമുദായ മെത്രാപ്പോലീത്തായ്ക്കടുത്തുള്ള ഭരണചുമതലകളോ സമുദായ മെത്രാപ്പോലീത്തായ്ക്കടുത്തുള്ള അധികാര അവകാശങ്ങളോ നിർവ്വഹിക്കുന്നതിനോ സമുദായത്തിന്റെ ഭരണം നടത്തുന്നതിനോ ക്നാനായ സമുദായ അസ്സോസിയേഷന്റെ അംഗീകാരമില്ലാത്തതാകുന്നു. അപ്രകാരം അവർ പ്രവർത്തിക്കുവാൻ പാടില്ലാത്തതുമാകുന്നു.

ചർച്ചകൾക്കുശേഷം പ്രമേയം വോട്ടിനിടുകയും ആകെ സംബന്ധിച്ച 208 പേരിൽ 193 പേർ അനുകൂലിക്കുകയും, ഓൺലൈനിൽ ഉള്ളവർ ഉൾപ്പെടെ 15 പേർ മാത്രം വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തതനുസരിച്ച് പ്രമേയം പാസ്സായതായി പ്രസിഡന്റ് പ്രഖ്യാപിച്ചു.

തുടർന്ന് ചോദ്യോത്തരങ്ങളിലേയ്ക്ക് കടന്നു. ചോദ്യോത്തരവേളയിലെ തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. പള്ളികളിൽ നിന്നും കുടിശിഖ ഇളവ് സംബന്ധിച്ചുള്ളവ പഠിച്ചു "വൺ ടൈം സെറ്റിൽമെന്റ്" നിശ്ചയിക്കുന്നതിന് ക്നാനായ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

2. ക്നാനായ സമുദായം വകയായ ചിങ്ങവനത്തുള്ള പുതുക്കിയ ബുക്ക്സെന്ററിൽ നിന്ന് പുസ്തകങ്ങൾ പള്ളികൾ ഒരുമിച്ചു വാങ്ങുമ്പോൾ ഹോൾസെയിൽ വിലയ്ക്ക് നൽകുവാൻ തീരുമാനിച്ചു.

3.ക്നാനായ സുവിശേഷ സമാജത്തിന്റെ ഇക്കൊല്ലത്തെ കണക്കുകൾ ഓഡിറ്റ് ചെയ്തു കിട്ടുവാൻ കാലതാമസം നേരിട്ടതുകൊണ്ടാണ് സമുദായ അക്കൗണ്ടിൽ ചേർക്കുവാൻ കഴിയാഞ്ഞതെന്നും, വരും വർഷങ്ങളിൽ ഇതുകൂടി സമുദായ അക്കൗണ്ടിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.

4. കോട്ടയത്തും വടപുറത്തും ബഹു. സിസ്റ്റേഴ്സിന്റെ ചുമതലയിൽ നടത്തിവരുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഇപ്പോൾ നഷ്ടത്തിലാണ് നടത്തിവരുന്നതെന്നും, അതിനാൽ നിയമവിധേയമായി ക്വട്ടേഷൻ വിളിച്ച് പത്രത്തിൽ പരസ്യപ്പെടുത്തിക്കൊണ്ട് പ്രൈവറ്റ് ഏജൻസികൾക്കു വാടകയ്ക്ക് നടത്തുവാൻ ഏൽപ്പിക്കണമെന്നും അവിടെ ഇപ്പോൾ സേവനമനുഷ്ഠിച്ചു വരുന്ന ബഹു. സിസ്റ്റേഴ്സിനെ നമ്മുടെ മറ്റ് സ്ഥാപനങ്ങളിലെ ചുമതലകൾ ഏൽപ്പിച്ചുകൊണ്ട് സംരക്ഷിക്കുവാനും തീരുമാനമെടുത്തു.

സമുദായമായി ബന്ധപ്പെട്ട് IA ഉൾപ്പെടെയുള്ള 72 കേസുകൾ നിലവിലുണ്ടെന്നും, ഇപ്പോൾ ബഹു.കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകളുടെ അഫിഡവിറ്റ് സംബന്ധിച്ച് യോഗത്തിൽ വിശദീകരിക്കുന്നത് ഉചിതം അല്ലെന്നും അറിയിച്ചു.

2024 മെയ് മാസത്തിൽ കൂടിയ ക്നാനായ അസ്സോസിയേഷൻ പാസ്സാക്കിയ ഭരണഘടനാ ഭേദഗതികൾ കോടതി സ്റ്റേ ചെയ്തിട്ടില്ല. മറിച്ച് OS നമ്പർ 506 എന്ന കേസ് തീർപ്പാക്കാതെ ഇപ്പോഴും നിലനിൽക്കുന്നതിനാൽ 2024 ലെ ഭേദഗതികൾ കോടതി ഉത്തരവുകൾക്ക് വിധേയമായേ നടപ്പിലാക്കാവൂ എന്ന് മാത്രമേ കോടതി പറഞ്ഞിട്ടുള്ളൂ.

ആകയാൽ OS No. 506 തീരുന്നത് വരെ 2003 ഭരണഘടന അനുസരിച്ച് പ്രവർത്തിക്കണമെന്നാണ് കോടിവിധിയുടെ രത്നച്ചുരുക്കം.

റിബൂ കണ്ണങ്കേരിയുടെ കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ. ആകയാൽ സസ്പെൻഷൻ ഇപ്പോൾ നിലവിലുണ്ട്.

ക്നാനായ സമുദായ മെത്രാപ്പോലീത്തയെ പ്രതിയാക്കി പരി.പാത്രിയർക്കീസ് ബാവ കേസ് കൊടുത്തിട്ടുണ്ട്.

കോടതിയിൽ നിലവിലുള്ള സ്റ്റേ അഴിച്ച് സമുദായ മെത്രാപ്പോലീത്തയുടെ സസ്പെൻഷൻ സ്ഥിരം ആക്കണം എന്ന്. ഇതിൽ ഒന്നാം പ്രതി സമുദായമെത്രാപ്പോലീത്തയും രണ്ടാം പ്രതി ക്നാനായ സമുദായവും ആകുന്നു.

സമുദായ മെത്രാപ്പോലീത്ത ഇന്നേ നാഴികവരെ പരി. പാത്രിയർക്കീസ് ബാവയെ പ്രതിയാക്കി ഒരു കേസ്പോലും കോടതിയിൽ കൊടുത്തിട്ടില്ല.

എല്ലാ കാര്യങ്ങളും സമാധാനപരമായി പരിഹരിക്കും എന്നുള്ള പ്രതീക്ഷയിൽ സമുദായ മെത്രാപ്പോലീത്ത ക്ഷമ ചോദിച്ചുകൊണ്ട് പരി.പാത്രിയർക്കീസ് ബാവായ്ക്ക് എഴുതിയ കത്തുകളും, ക്നാനായ അസ്സോസിയേഷൻ യോഗം മാറ്റിവയ്ക്കാം എന്ന് സമ്മതിച്ചുകൊണ്ടുള്ള കത്തും എല്ലാം നമ്മുടെ സഹായ മെത്രാന്മാരുടെ കൈയ്യിലെത്തുകയും പരി. ബാവായുടെ വക്കീലത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

സമുദായ ഭരണഘടന അസ്ഥിരപ്പെടുത്തുവാനോ, ക്നാനായ അസ്സോസിയേഷൻ പിരിച്ചുവിടാനോ, ക്നാനായ അസ്സോസിയേഷൻ കൂടുന്നത് തടയുവാനോ പരി.ബാവായ്ക്ക് യാതൊരു അധികാരവും ഇല്ല.

മോർ അപ്രേം സെമ്മിനാരിയുടെ ഗേറ്റിനു വെളിയിൽ നമ്മുടെ ബഹു. പതിനൊന്നു വൈദികരും, രണ്ട് അഭി.സഹായ മെത്രാന്മാരും പ്ലേ-കാർഡ് പിടിച്ച് ധർണ്ണ നടത്തി എന്നത് ശരിയാണ്. അവരുടെ പേരുകൾ ഇവിടെ വെളിപ്പെടുത്തുന്നില്ല.

KMS Fund സംബന്ധിച്ച്

a) ബഹു. കട്ടത്തറ അച്ചൻ KMS Fund ൽ നിന്നും പിൻവലിച്ചു കൊണ്ടുപോയ തുക ഇതേവരെ തിരിച്ചു കിട്ടിയിട്ടില്ല.

b) ബഹു. അച്ചനെതിരെ നടപടിയെടുക്കുവാൻ ക്നാനായ സമുദായവുമായി KMS Trust ന് യാതൊരു ബന്ധവും കാണുന്നില്ല. ആകയാൽ ഒരു നടപടിയും ഇതേവരെ എടുത്തിട്ടില്ല.

c) ബഹു. കട്ടത്തറ അച്ചൻ ഇപ്പോൾ അമേരിക്കയിൽ ആണെന്ന് പറയപ്പെടുന്നു.

d) അഭി. സമുദായ മെത്രാപ്പോലീത്തയിൽ നിന്നും അവധി ഒന്നും വാങ്ങിയിട്ടില്ലെന്ന് അറിയുന്നു.

e) ഔദ്യോഗിക പരിപാടികളിൽ ബഹു. സഹായമെത്രാന്മാരെ പങ്കെടുപ്പിക്കാൻ പാടില്ല എന്നുള്ള ക്നാനായ അസ്സോസിയേഷൻ തീരുമാനം സമുദായ മെത്രാപ്പോലീത്ത ഔദ്യോഗിക കല്പനയിലൂടെ പള്ളികളെ അറിയിക്കണമെന്ന് ക്നാനായ കമ്മിറ്റി രേഖാമൂലം വീണ്ടും സമുദായ മെത്രാപ്പോലീത്തായ്ക്ക് ശുപാർശ ചെയ്യുന്നതാണ്.

കറ്റോട് സെന്റ് മേരീസ് പള്ളിയിൽനിന്നുള്ള ഒരു മാന്യവനിതയെ ആ ഇടവകയിൽ നിന്നുള്ള രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ സോഷ്യൽ മീഡിയയിലൂടെ മാനസികമായി പീഡിപ്പിച്ചതിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വളരെ ഗൗരവമായ ചർച്ച നടക്കുകയും ഈ വിഷയം ക്നാനായ കമ്മറ്റിയെ വിശദമായി അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ നിശ്ചയിച്ചു.

ഏഴാമത്തെ ചോദ്യത്തിന്മേലുള്ള തീരുമാനം.

നമ്മുടെ സമുദായത്തിലെ എല്ലാ സ്ഥാപനങ്ങളിലും ഇപ്പോൾ ഇന്റേണൽ ഓഡിറ്റ് നടത്തുന്നുണ്ട്. ഓഡിറ്റേഴ്സിന്റെ എക്സ്പെൻസ് കൊടുത്താൻ നമ്മുടെ വെളിയിലുള്ള പള്ളികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് നടത്താവുന്നതാണ്.

എല്ലാ പള്ളികൾക്കും പാൻ കാർഡ് എടുക്കുവാൻ വേണ്ട സഹായസഹകരണങ്ങൾ സമുദായ ഓഫീൽ ലഭ്യ

മാണ്. നമ്മുടെ സമുദായത്തിൽ ഇപ്പോൾ 129 പള്ളികൾ ഉണ്ട്. നമുക്ക് ആകെ 125 വൈദികരുണ്ട്. അതിൽ 17 പെൻഷൻ ആയവരാണ്. നമ്മുടെ വൈദികരിൽ 2 പേർ ഇതര ദൈവാലയങ്ങളിൽ സേവനമനുഷ്ഠിച്ചു വരുന്നു. വൈദികരുടെ ദൗർലഭ്യം കാരണം നമ്മുടെ പല ദൈവാലയങ്ങളിലും യാക്കോബായിലെ വൈദികർ സേവനം അനുഷ്ഠിച്ചു വരുന്നു. വൈദികരുടെ ജനറൽ ട്രാൻസ്ഫർ സാധാരണയായി മൂന്നു വർഷത്തിൽ ഒരിക്കലാണ്.

വൈദികർക്ക് ശമ്പളവും, പെൻഷനും, അലവൻസും കൊടുക്കുവാൻ പ്രതിമാസം 14,99,400/- രൂപ വേണ്ടി വരുന്നുണ്ട്. പെൻഷനായ അച്ചൻമാർക്ക് മാത്രമായി 3,88,500/- രൂപ വേണ്ടി വരുന്നുണ്ട്.

അമേരിക്കയിലുള്ള അഭി.അയൂബ് മോർ സിൽവാനോസ് മെത്രാപ്പോലീത്ത അസ്സോസിയേഷൻ തീരുമാനം ധിക്കരിച്ച് അവിടെ തുടരുന്ന സാഹചര്യത്തിൽ സമുദായ മെത്രാപ്പോലീത്തയുടെ കീഴിലാണ് അമേരിക്ക, യൂറോപ്പ് മേഖലകൾ എന്ന് അവിടെയുള്ള പള്ളികളെ നേരത്തെ അറിയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ അസ്സോസിയേഷൻ ഈ വിഷയം പാസ്സാക്കുകയും സമുദായ മെത്രാപ്പോലീത്ത മിനിറ്റ്സ് അംഗീകരിച്ചിട്ടുമുണ്ട്.

ആകയാൽ ഇക്കാര്യം ഇന്നത്തെ തീരുമാനമായിട്ട് നടപ്പിലാക്കുവാൻ വീണ്ടും സമുദായ മെത്രാപ്പോലീത്തയോട് ശുപാർശ ചെയ്യുന്നതാണ്.

അമേരിക്കയിലെ വിഘടിത ദൈവാലയങ്ങളിൽ പോകുന്നവർ തെറ്റ് തിരുത്തി തിരിച്ചു വരുവാൻ വീണ്ടും അടുത്ത അസ്സോസിയേഷൻ കൂടുന്നതുവരെയുള്ള സമയം നീട്ടിക്കൊടുക്കുവാൻ നിശ്ചയിച്ചു.

സമുദായത്തിന്റെ അംഗീകാരമുള്ള പള്ളികളുടെ ലിസ്റ്റ് ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

സൺഡേസ്കൂൾ പുസ്തകങ്ങൾ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

അമേരിക്ക, യൂറോപ്പ് മേഖലയിൽ ശാശ്വത സമാധാനം ഉണ്ടാക്കുവാൻ അഭി. സിൽവാനോസ് തിരുമേനി വിഷയം അടുത്ത അസ്സോസിയേഷനിൽ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തു തീരുമാനമെടുക്കേണ്ടതാണ്.

ഒമ്പതാമത്തെ ചോദ്യത്തിന്മേലുള്ള തീരുമാനം:

യാക്കോബായ സമുദായത്തിലെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭി. തീമോത്തിയോസ് തിരുമേനിയുടെതെന്നു പറയപ്പെടുന്ന കല്പനയിൽ ക്നാനായ സമുദായത്തിലെ ഔദ്യോഗിക കാര്യങ്ങൾക്ക് കോട്ടയം ഭദ്രാസനത്തിൽ നിന്നും വൈദികരെ വിടുന്നതിന് പരി. പാത്രിയർക്കീസ് ബാവായാൽ ക്നാനായ സമുദായത്തിന്റെ ചുമതല ഏൽപ്പിക്കപ്പെട്ടിട്ടുള്ള അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ അറിവോടും സമ്മതത്തോടും കൂടിയായിരിക്കണമെന്ന് അറിയിക്കുന്നതായി സോഷ്യൽ മീഡിയയിലൂടെ അറിയുന്നു. ആയതിനെ തള്ളിക്കളയുന്നു.

2023-24 കാലയളവിൽ പാസ്സാക്കിയ പ്രമേയങ്ങൾ മെത്രാപ്പോലീത്താ നിർബന്ധമായി കല്പനയിലൂടെ പള്ളികളെ അറിയിക്കുവാൻ അദ്ദേഹത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം.

അപ്രകാരം അദ്ദേഹം ചെയ്യുന്നില്ലെങ്കിൽ അടുത്ത അസ്സോസിയേഷനിൽ ഈ വിഷയം ചർച്ച ചെയ്യേണ്ടതാണ്.

ചോദ്യം 11 -ൻ മേലുള്ള മറുപടി:

ഓതറ നസ്രേത്ത് ആശ്രമം, ഫാർമസി കോളേജ്, ക്ലീമീസ് സ്കൂൾ എന്നിവയുടെ 2023-24 കാലയളവിലെ വരവു ചെലവ് കണക്കുകൾ അജണ്ടയിൽ ഉൾപ്പെടുത്താൻ കഴിയാത്തതിന്റെ കാരണം തക്ക സമയത്ത് അവിടെനിന്നും ഓഡിറ്റ് ചെയത് ലഭിക്കാഞ്ഞതുകൊണ്ടാണ് എന്നിരുന്നാലും രണ്ടാമത് അത് എല്ലാ അംഗങ്ങൾക്കും പ്രത്യേകം അയച്ചു കൊടുത്തിരുന്നു.

തോട്ടക്കാട് നിർമ്മാണത്തിലിരിക്കുന്ന കോളേജിനുവേണ്ടി നാളിതുവരെ സെൻട്രൽ ഓഫീസിൽനിന്നും 1,04,97,853 രൂപയും ഫാർമസികോളേജിൽ നിന്ന് 3,39,44,393 രൂപ ചെലവഴിച്ചിട്ടുണ്ട്.

അമേരിക്കയിലേക്ക് ഉടനെ ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കേണ്ടതില്ലെന്നും ചിങ്ങവനത്തുള്ള സമുദായ മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ കീഴിൽ തുടരുവാൻ ആഗ്രഹിക്കുന്നുവെന്നും അവിടെയുള്ള ഔദ്യോഗിക സംഘടനയായ NAMKC കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ തൽക്കാലം അവിടേക്ക് അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നില്ല.

കന്യാകുമാരിയിൽ ഉള്ള എഡേസാ തോട്ടത്തിലെ മരങ്ങൾ വെട്ടുവാനുള്ള സർക്കാർ അനുമതി ലഭിക്കുവാൻ താമസം നേരിടുന്നു. എന്നിരുന്നാലും ഇപ്പോൾ അവിടെ കാടുവെട്ട് തുടങ്ങി വർക്ക് ആരംഭിച്ചു കഴിഞ്ഞു. നമുക്കിവിടെ വസ്തു സംഭാവന ചെയ്ത കുടുംബക്കാരുടെ സഹകരണം കൃഷിക്കാര്യത്തിൽ തേടുന്നതാണ്.

തോട്ടക്കാട് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 80% പൂർണ്ണതയിൽ എത്തിക്കൊണ്ടിരിക്കുന്നത്.

ഇപ്പോൾ കുറിച്ചി മന്ദിരത്തിൽ ന്യൂ ജനറേഷൻ കോഴ്സുകൾ, അതായത് അമേരിക്ക, കാനഡ, യൂറോപ്പ് എന്നിവിടെയുള്ള ഫോറിൻ യൂണിവേഴ്സിറ്റികളുടെ അംഗീകാരം വാങ്ങിക്കൊണ്ടുള്ള കോഴ്സുകൾ ആരംഭിക്കും.

ഓതറ സെന്റ് മേരീസ് സ്കൂളിലെ വാർഷിക റിപ്പോർട്ടും വരവു ചെലവ് കണക്കും നാളിതുവരെ സമുദായ ഓഫീസിൽ ലഭിച്ചിട്ടില്ല. പൊതു വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യോത്തരങ്ങൾ അവസാനിച്ചതോടുകൂടി ഉച്ചഭക്ഷണത്തിനായി യോഗം പിരിഞ്ഞു.

ഉച്ചഭക്ഷണത്തിനുശേഷം വീണ്ടും അസ്സോസിയേഷൻ യോഗം ചേരുകയും 2023-24 ലെ വാർഷിക റിപ്പോർട്ട് അസ്സോസിയേഷൻ സെക്രട്ടറി ശ്രീ.റ്റി.ഒ. ഏബ്രഹാം അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കുശേഷം റിപ്പോർട്ട് ഐക്യകണ്ഠേന പാസ്സാക്കി.

തുടർന്ന് വരവ് ചിലവ് കണക്കുകൾ ട്രസ്റ്റി ശ്രീ.റ്റി.സി. തോമസ് തോപ്പിൽ അവതരിപ്പിച്ചു.

സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്കുള്ള കൃത്യമായ മറുപടി അദ്ദേഹം നൽകിയതോടുകൂടി 2023-24 ലെ കണക്കുകൾ യോഗം ഐക്യകണ്ഠേന പാസ്സാക്കി. തുടർന്ന് അദ്ദേഹം 2024-25 സാമ്പത്തിക വർഷത്തേക്കുള്ള 13,86,88,000 രൂപ വരവും 13,82,68,000 രൂപ ചെലവും 4,20,000 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് അവതരിപ്പിക്കുകയും യോഗമത് പാസ്സാക്കുകയും ചെയ്തു.

സമുദായ സെക്രട്ടറിക്കും അഡ്വ. സന്ദീപ് താമരപ്പള്ളിക്കും എതിരേ ഏറെ നുണ പ്രചരണം നടത്തിയതിലുള്ള പ്രതിഷേധം രേഖപ്പെടുത്തി.

സമുദായത്തിൽ അനുരഞ്ജനത്തിന്റെ പാത തുറന്നിരിക്കുകയാണ് എന്നും സമുദായത്തിലെ വിഷയങ്ങൾ തീരുന്നതിനുവേണ്ടി വൈദിക കൗൺസിലിന്റെയും ക്നാനായ കമ്മിറ്റിയുടെയും സമുദായ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് കൂടി 3 സഹായകന്മാരെയും ക്ഷണിച്ച് വരുത്തി സമുദായത്തിലെ വിഷയങ്ങൾ പറഞ്ഞു തീർക്കുന്നതിനും അസ്സോസിയേഷൻ എടുത്ത തീരുമാനം കല്പന മൂലം സമുദായത്തിലെ പള്ളികളെ അറിയിക്കുന്നതിനും ഉള്ള തീരുമാനം അസ്സോസിയേഷനെ സമുദായ മെത്രാപ്പോലീത്ത അറിയിച്ചു

5 മണിക്ക് യോഗം അവസാനിച്ചു.

# വിശ്വാസ്യത കാത്തു സൂക്ഷിക്കുക

സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

കോൺസ്റ്റാൻസ് എന്ന എഴുത്തുകാരിയുടെ ബാല്യത്തിൽ അവരുടെ മാതാവ് നൽകിയ ഒരു ശ്രേഷ്ഠപാഠം ഏവർക്കും സാധനപാഠമാകുവാൻ ഉതകുന്ന ഒന്നാണ്. അവൾക്ക് എട്ടുവയസ്സുള്ളപ്പോൾ സ്വന്തംവീട്ടിൽ തുറന്നുകിടന്ന ഒരു ജനലിന് പുറത്തിരുന്ന് കളിക്കുകയായിരുന്നു. അവളുടെ മാതാവും സുഹൃത്ത് മിസ്സിസ് ബ്രൗണും തമ്മിൽ മുറിക്കുള്ളിൽ ജനലിനരികെ ഇരുന്ന് സ്വൈര്യ സംഭാഷണം നടത്തി. മിസ്സിസ് ബ്രൗണിന്റെ ജീവിതത്തിൽ സംഭവിച്ച ചില പരാജയങ്ങളും പ്രമാദങ്ങളും സുഹൃത്തിനെ അറിയിച്ച് ആശ്വാസം തേടുകയായിരുന്നു. ബാലിക ജനലിനരികെയിരുന്ന് ശ്രദ്ധിക്കുന്ന കാര്യം ഇരുവരും അറിഞ്ഞില്ല. സംഭാഷണം അവസാനിപ്പിച്ച് എഴുന്നേറ്റപ്പോഴാണ് ബാലികയുടെ സാന്നിധ്യം ബോധ്യമായത്. മിസ്സിസ് ബ്രൗണിന് വലിയ ജാള്യം അനുഭവപ്പെട്ടു. എങ്കിലും ഉള്ളിലൊതുക്കി തിരികെ പോയി.

അതിനുശേഷം ആ മാതാവ് മകളെ അരികെ വിളിച്ചു പറഞ്ഞു. മോളേ മിസ്സിസ് ബ്രൗൺ അവരുടെ പഴ്സ് ഇവിടെ വച്ചിട്ട് പോയാൽ അതെടുത്തു മറ്റാർക്കെങ്കിലും നീ നൽകുമോ? ഒരിക്കലുമില്ല. മകൾ മറുപടി നൽകി. എന്നാൽ മിസ്സിസ് ബ്രൗൺ അവരുടെ പഴ്സിനെക്കാൾ വിലപ്പെട്ട കാര്യങ്ങൾ മറ്റു പലരേയും വേദനിപ്പിക്കുന്നതും അസഹ്യപ്പെടുത്തുന്നതുമായവയാണ് ഇവിടെ വച്ചിട്ടുപോയത്. അവരുടെ അനുഭവങ്ങളും പറഞ്ഞ കാര്യങ്ങളും മറ്റാർക്കും കൈമാറുവാൻ നമുക്ക് അവകാശമില്ല. ഞാൻ പറഞ്ഞത് നിനക്ക് മനസ്സിലായല്ലോ? ഉവ്വ്, എനിക്ക് മനസ്സിലായി. ബാലിക പ്രതിവചിച്ചു.

മാതാവിന്റെ വാക്കുകൾ കോൺസ്റ്റാൻസിന്റെ ഹൃദയത്തിൽ ആഴമായി പതിഞ്ഞു. അവളുടെ പിൽക്കാല ജീവിതത്തിൽ വഴിവിളക്കായി അവ പരിണമിക്കുകയും ചെയ്തു. നമ്മുടെ വിശ്വാസ്യത സംശയിക്കപ്പെടാതെയും ചോദ്യപ്പെടാതെയും മറ്റുള്ളവർ അംഗീകരിക്കണമെങ്കിൽ അന്യരുടെ രഹസ്യങ്ങൾ സൂക്ഷിക്കാനുള്ള കഴിവ് നേടിയേ മതിയാവൂ. വായാടിത്തം ശീലിച്ചവർക്ക് അത് പ്രയാസമായിരിക്കും. ജ്ഞാനിയായ ശലോമോന്റെ സൂക്തം ഇവിടെ പ്രസക്തമാണ്. സദൃ.13:3. “വായെ കാത്തുകൊള്ളുന്നവൻ പ്രാണനെ സൂക്ഷിക്കുന്നു. അധരങ്ങളെ പിളർക്കുന്നവനോ നാശം സംഭവിക്കും”. മൗനം വിദ്വാനുഭൂഷണം എന്ന ചൊല്ലും ഈ ആശയത്തോടെ യോജിക്കുന്നു. വൃഥാ സംസാരം ശീലിച്ചവർക്ക് മൗനമായിരിക്കാനോ അധരങ്ങളെ അടയ്ക്കാനോ പ്രയാസമാണ്. അന്യരുടെ ശ്രദ്ധയാകർഷിക്കാനും അവരുടെ അംഗീകാരം നേടാനും എന്തെങ്കിലും വിഷയമുണ്ടാക്കി സംസാരിച്ചുകൊണ്ടിരിക്കും. അങ്ങനെ ചെയ്യുമ്പോൾ കണ്ടതും കേട്ടതും എല്ലാം സംസാര വിഷയമായിത്തീരും. അപ്പോൾ വളരെ രഹസ്യമായും വ്യക്തിപരമായും ചിലർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വെളിപ്പെടുത്തുവാൻ നിർബന്ധിതരാകും.

ആരെക്കുറിച്ചായാലും എന്തിനെക്കുറിച്ചായാലും നല്ലതല്ലാത്തതൊന്നും പറയാതിരിക്കുക എന്നുള്ള ഉപദേശം പ്രാവർത്തികമാക്കിയാൽ വ്യക്തിബന്ധങ്ങൾ എത്രയധികം മെച്ചപ്പെടുമായിരുന്നു. നമ്മുടെ വാക്കുകളുടെ ഉത്തരവാദിത്വം നാം പൂർണ്ണമായി എടുക്കണം. ഒരാൾ തന്റെ രഹസ്യം നമ്മോടറിയിക്കുന്നത് ആശ്വാസമോ ഉപദേശമോ തേടിക്കൊണ്ടായിരിക്കും. ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതുതന്നെ ആശ്വാസമായി അനുഭവപ്പെടും. എന്നാൽ വിശ്വാസപൂർവ്വം നമ്മെ അറിയിച്ച വസ്തുത മറ്റുള്ളവരോട് നാം പറയുമെന്നു തോന്നിയാൽ ഉള്ളിലൊതുക്കുകയല്ലാതെ നമ്മുടെ അടുക്കൽ ഹൃദയം തുറക്കാൻ ഒരുമ്പെടുകയില്ല.

പരദൂഷണം നടത്തുന്നവരെ പ്രോത്സാഹിപ്പിക്കുന്നത് നന്നല്ല. അന്യരുടെ കുറ്റവും കുറവും കേൾക്കുന്നതിന് താല്പര്യമില്ല എന്നു നാം വ്യക്തമാക്കിയാൽ അങ്ങനെയുള്ളവർ പിന്നീട് നമ്മെ സമീപിക്കയില്ല. ആരെപ്പറ്റിയെങ്കിലും ദോഷാരോപണങ്ങൾ നാം കേട്ടാൽ അത് മറ്റാരോടും പറയാൻ ഒരുമ്പെടുകയില്ല എന്ന് നാം ഹൃദയത്തിൽ നിശ്ചയിക്കേണ്ടതാണ്.

പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ നിശ്ചയമായും തങ്ങളുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിച്ചേ മതിയാവൂ. അങ്ങനെ ചെയ്താൽ മറ്റുള്ളവരുടെ സ്നേഹവും സഹകരണവും പിന്തുണയും അവർക്ക് കൂടുതൽ ഉണ്ടാകും. ഒരു ജനനേതാവ് നിര്യാതനായപ്പോൾ അദ്ദേഹത്തെപ്പറ്റി അനേകരും അനുസ്മരിച്ചത് ഏതു കാര്യത്തിനും ഏതവസരത്തിലും സമീപിക്കാവുന്ന ഒരു വ്യക്തി, ഒരു കാര്യം അറിയിച്ചാൽ സഹധർമ്മിണിയോടുപോലും പറയാതെ സ്വന്തം നെഞ്ചകത്ത് കാത്തുസൂക്ഷിച്ച ഒരു മഹാൻ എന്നിപ്രകാരമാണ്. ആത്മസംയമനത്തിന്റെ മികച്ച ഉദാഹരണമായിരുന്നു വന്ദ്യദേഹം. കോൺസ്റ്റാൻസ് അവരുടെ മാതാവിൽ നിന്ന് പഠിച്ചപാഠം നമുക്ക് മാതൃകയും പ്രചോദനവുമാകേണ്ടതാണ്. ●

## ദീപാങ്കുരം - 2024

ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ചിത്രരചന, വാട്ടർ കളറിംഗ് മത്സര വിജയികൾക്ക് സമ്മാനദാനം.


പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ചീഫ് എഡിറ്റർ വന്ദ്യനായ റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പായ്ക്ക് അനുമോദനം.

വായനസംഗമം: ക്ലാസ്സ് നയിക്കുന്നത് സുനിൽ ഡി. കുരുവിള (ഡയറക്ടർ ഇൻസൈറ്റ് മിഷൻ).

2024 ഒക്ടോബർ 6 ഞായർ 2.30 പി. എം. ന് മാർ അപ്രേം സെമ്മിനാരി അസ്സോസിയേഷൻ ഹാൾ. ക്നാനായ ദീപത്തിന്റെ ബഹു. എഴുത്തുകാർക്കും, വായനക്കാർക്കും സ്വാഗതം.

**ഫാ. ജേക്കബ് കല്ലുകുളം**
മാനേജിംഗ് എഡിറ്റർ

# ഏവൻഗേലിയോൻ ദീപം



ഹെബിൻ ഏബ്രഹാം, തുണ്ടിയത്ത്,
വിദ്യാർത്ഥി, എം.എസ്.ഒ.റ്റി. സെമിനാരി, ഉദയഗിരി,
മുളംതുരുത്തി

**സ്ലീബാപെരുന്നാളിനു ശേഷം രണ്ടാം ഞായർ**
**വി. മത്താ. 16:5-12 (22-09-2024)**

സത്യത്തിൽനിന്നും യഥാർത്ഥ വിശ്വാസത്തിൽനിന്നും ആളുകളെ വ്യതിചലിപ്പിക്കുന്ന അനേക വ്യാജ പ്രബോധനങ്ങൾ പരക്കുന്ന കാലമാണ് ആധുനികയുഗം. സത്യം എന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ വ്യാജ പ്രബോധനങ്ങളിലൂടെ സാത്താൻ ദൈവജനത്തെ ദൈവത്തിൽനിന്നും അകറ്റുവാൻ പരിശ്രമിക്കുന്ന കാലഘട്ടം. ഇപ്രകാരമുള്ള വ്യാജ പ്രബോധനങ്ങളിൽനിന്നും നാം ജാഗ്രതരായിരിക്കണം എന്ന് ഈ ഏവൻഗേലിയോൻ ഭാഗത്തിലൂടെ യേശു തമ്പുരാൻ പഠിപ്പിക്കുന്നു.

ദൈവത്തിലും ദൈവിക പരിപാലനത്തിലുമുള്ള പൂർണ്ണ വിശ്വാസമെന്ന സന്ദേശമാണിവിടെ നൽകുന്നത്. ഇവിടെ യേശുതമ്പുരാൻ ഫരിസേയരുടെയും സാധുക്കരുടെയും പുളിമാവിനെ സൂക്ഷിച്ചുകൊൾവീൻ എന്ന് പറയുമ്പോൾ നാം അപ്പം എടുക്കാത്തതുകൊണ്ടാവാം എന്ന് അവർ പരസ്പരം പറയുന്നു. അപ്പോൾ യേശു അവരെ അല്പവിശ്വാസികളെ എന്നു വിളിക്കുന്നതായി കാണാം. ഇവിടെ യേശു തമ്പുരാൻ പുളിച്ചമാവ് എന്നതിലൂടെ ഫരിസേയരുടെയും സാദുക്കരുടെയും പ്രബോധനത്തെയാണ് ഉദ്ദേശിച്ചത്. എന്നാൽ ശിഷ്യന്മാർക്ക് അത് മനസ്സിലായിട്ടില്ല. ഇവിടെ ദൈവത്തിന്റെ പരിപാലനത്തിൽ ആശ്രയിക്കാതെ അപ്പം, വസ്ത്രം എന്നിവയിൽ ആകുലപ്പെടുന്ന ശിഷ്യന്മാരെയാണ് യേശുതമ്പുരാൻ അല്പവിശ്വാസികൾ എന്ന് കുറ്റപ്പെടുത്തുന്നത്. ഇവിടെ ശിഷ്യമാർ ദൈവത്തിന്റെ പരിപാലനത്തെ മറന്ന് ഈ ലോകത്തിന്റെ കാര്യങ്ങൾക്കുവേണ്ടി വ്യാകുലരാവുകയാണ്. മത്താ.6:25-26 വാക്യങ്ങളിൽ ഇപ്രകാരം കാണുന്നു. "ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്നു ജീവനെ കുറിച്ചോ, എന്തു ധരിക്കും എന്ന് ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ട. ഭക്ഷണത്തേക്കാൾ ജീവനും വസ്ത്രത്തേക്കാൾ ശരീരവും ശ്രേഷ്ഠമല്ലോ ആകാശത്തിലെ പക്ഷികളെ നോക്കുവീൻ അവ വിതക്കുന്നില്ല കൊയ്യുന്നില്ല. കളപുരയിൽ ശേഖരിക്കുന്നുമില്ല എങ്കിലും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ." ഇപ്രകാരം നമ്മളെ പരിപാലിക്കുന്ന ദൈവത്തിലുള്ള വിശ്വാസം ഇല്ലായ്മയാലാണ് ദൈവം അവരെ അല്പവിശ്വാസി എന്ന് വിളിച്ചത്.

ഇവിടെ അപ്പത്തെക്കുറിച്ച് വ്യാകുലരാകുന്ന ശിഷ്യന്മാരോട് യേശു തമ്പുരാൻ ചോദിക്കുന്നുണ്ട്. നിങ്ങൾ ഓർക്കുന്നില്ലയോ? നിങ്ങൾ അറിയുന്നില്ലയോ? അഞ്ചപ്പം അയ്യായിരം പേർക്കായ് വീതിച്ചപ്പോഴും ഏഴപ്പം നാലായിരം പേർക്കായി കൊടുത്തപ്പോഴും ഈ ശിഷ്യന്മാർ സാക്ഷ്യം വഹിച്ചതാണ്. എന്നിട്ടും അവർ അപ്പം എന്ന ചിന്തയിൽ വ്യാകുലരാകുന്നു. നമ്മുടെ ജീവിതത്തിലും ഇപ്രകാരം നാമും കഴിഞ്ഞ കാലങ്ങളിൽ നമ്മെ നടത്തിയ ദൈവത്തിന്റെ പരിപാലനവും ദൈവം നടത്തിയ വഴികളും ഇന്നത്തെ പരിഭ്രമങ്ങളിൽ മറന്നുപോകാറുണ്ട്. ജീവിതത്തിൽ കഷ്ടങ്ങളും ക്ലേശങ്ങളും ഉണ്ടാകുമ്പോൾ ഇതുവരെ നടത്തിയ ദൈവത്തെ പലപ്പോഴും നാം കുറ്റപ്പെടുത്താറുണ്ട്. ദൈവത്തിന്റെ പരിപാലനത്തിൽ ആശ്രയിക്കാതെ നാമും അല്പവിശ്വാസികളായി മാറുന്നു. എന്നാൽ ദൈവത്തിലുള്ള പൂർണ്ണ വിശ്വാസത്തിൽ ഫരിസേയരുടെയും സാദുക്കരുടെയും ഉപദേശങ്ങളെ സൂക്ഷിച്ചുകൊള്ളുവീൻ എന്നു പറഞ്ഞതുപോലെ ഈ ലോകത്തിന്റെ പലതരം ഉപദേശങ്ങളിൽനിന്നും ദൈവത്തിന്റെ ഉപദേശം സൂക്ഷിക്കുവാൻ നമുക്ക് സാധിക്കണം. ലോകത്തിന്റെ ഉപദേശങ്ങളിൽ വീണുപോകാതെ ദൈവ വചനത്തിൽ കണ്ണുവച്ചുകൊണ്ട് മുമ്പോട്ട് ജീവിക്കുവാൻ നമുക്ക് എല്ലാവർക്കും സാധിക്കണം.

**സ്ലീബാപെരുന്നാളിനു ശേഷം മൂന്നാം ഞായർ**
**വി. മർക്കോ. 2:23-28 (29-09-2024)**

നിയമത്തെക്കാൾ ഉപരിയായി മാനുഷിക ആവശ്യങ്ങൾക്ക് പ്രാമുഖ്യമുണ്ടെന്ന് ഇന്നത്തെ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു. യേശു തന്റെ ശിഷ്യന്മാരുമൊത്ത് ഒരു ശാബത് ദിവസം ഒരു വയലിലൂടെ കടന്നു പോകുമ്പോൾ വിശപ്പു മൂലം ശിഷ്യന്മാർ കതിരു പറിച്ചു തിന്നുകയും പരീശന്മാരും ശാസ്ത്രിമാരും ഉൾപ്പെട്ട വലിയ ഒരു സമൂഹം ഇതു കണ്ടിട്ട് തന്റെ ശിഷ്യന്മാർ ശാബത് ലംഘിച്ചു എന്ന് പറഞ്ഞ് യേശുവിനോട് പരാതിപ്പെടുകയും ചെയ്തു. ആയതിനു മറുപടിയായി യേശു തമ്പുരാൻ പഴയനിയമ കാലത്ത് ദാവീദും കൂട്ടരും പുരോഹിതന്മാർക്ക് മാത്രം ഭക്ഷിക്കുവാൻ അനുവാദമുള്ള കാഴ്ചയപ്പം ഭക്ഷിച്ച സംഭവം അവരെ ഓർമ്മിപ്പിക്കുകയും മനുഷ്യൻ ശാബത് നിമിത്തമല്ല ശാബത് മനുഷ്യൻ നിമിത്തമത്രെ ഉണ്ടായതെന്നും പറയുന്നു.

സീനായ് മലയിൽ വച്ച് മോശ വഴിയായി ദൈവം ഇസ്രയേൽ ജനത്തിനായി നൽകിയ 10 കല്പനകളിൽ ഒന്നാണ് ശാബതിനെ ശുദ്ധമായി ആചരിക്കുക എന്നത്. ശാബത് എന്നത് വിശ്രമത്തിനും ദൈവാരാധനയ്ക്കുമായി ചെലവഴിക്കണം എന്നാണ് നിയമം എന്നാൽ ആവർത്തന പുസ്തകം 23:25 ഇപ്രകാരം പറയുന്നു. "അയൽക്കാരന്റെ ഗോതമ്പു വയലിലൂടെ കടന്നുപോകുമ്പോൾ കൈകൊണ്ട് കതിരുകൾ പറിച്ചെടുത്തു കൊള്ളുക. അരിവാൾകൊണ്ട് കൊയ്തെടുക്കരുത്".

പഴയനിയമ കാലത്ത് കൊയ്ത്തു സമയത്ത് വരമ്പിലെ കറ്റ കൊയ്യാതെ പക്ഷികൾക്കും വഴിയാത്രക്കാർക്കും ഭക്ഷണത്തിനായി നിലനിർത്തുന്നൊരു പതിവുണ്ടായിരുന്നു. വഴിയാത്രയിൽ വയലിലൂടെ നടക്കുമ്പോൾ കൈ എത്തുന്നിടത്തെ കതിരു പറിച്ചു ഭക്ഷിക്കുവാനും അനുവാദമുണ്ടായിരുന്നു. ഇപ്രകാരം നോക്കുമ്പോൾ ശിഷ്യന്മാർ ഇവിടെ ചെയ്യുന്നത് തെറ്റല്ല. എന്നാൽ ശാബതിൽ കൊയ്യുവാനോ മെതി

ക്കുവാനോ പാടില്ല എന്നത് പരീശന്മാരുടെ നിയമം ആയിരുന്നു. ഇവിടെ ശിഷ്യന്മാർ കതിരു പറിച്ചതിനെ കൊയ്യുന്നതിനു സമമായി വ്യാഖ്യാനിക്കുകയാണ്.

നിയമം ആവശ്യമാണ് എന്നാൽ നിയമം പാലിക്കുന്നതിനൊപ്പം തന്നെ കാരുണ്യ പ്രവർത്തനങ്ങളും ഉണ്ടെങ്കിൽ മാത്രമേ ആത്മീയ പുരോഗതി നമ്മളിൽ ഉണ്ടാവു. ഇവിടെ ശിഷ്യന്മാരെ കുറ്റം വിധിക്കുന്ന പരീശന്മാർ നിയമം മാത്രമേ കണ്ടുള്ളു എന്നാൽ അവരിൽ കാരുണ്യം കാണുന്നില്ല. അവരുടെ സ്വാർത്ഥതയാണിവിടെ നാം കാണുന്നത്. ക്രിസ്തുമതം എന്നത് നിയമം പാലിക്കുവാൻവേണ്ടി മാത്രം ഉള്ളതല്ല, നല്ല കാര്യങ്ങൾ ചെയ്യുവാനും കൂടി ഉള്ളതാണ്. യേശുക്രിസ്തുവിനെ നോക്കുമ്പോൾ ശാബതിൽ 38 വർഷം തളർന്നുകിടന്ന രോഗിക്ക് യേശുതമ്പുരാൻ സൗഖ്യം നൽകുകയും, കൂനിയായ സ്ത്രീക്ക് സൗഖ്യം നൽകുന്നതായും കാണാം. ഇതിനെ ചോദ്യം ചെയ്ത യഹൂദരോട് യേശുതമ്പുരാൻ ചോദിക്കുന്നുണ്ട്; ശാബതിൽ നന്മ ചെയ്യുന്നത് വിഹിതമല്ലയോ എന്ന്. നിയമത്തിനുവേണ്ടി നിയമം അനുഷ്ടിക്കുന്നവരെയല്ല പിന്നെയോ നന്മ ചെയ്യുന്നവരെയാണ് കർത്താവ് സ്നേഹിക്കുന്നത്. നിയമങ്ങൾക്ക് ഉപവ്യാഖ്യാനം കൊടുത്ത് സാധാരണ ജനത്തെ അതിനുള്ളിലെ തടവുകാരാക്കുന്നതിനെ കർത്താവ് എതിർക്കുന്നു. യേശുവിനെ ക്രൂശിക്കുവാനുള്ള യഹൂദന്മാരുടെ കാരണവും ശാബത് ലംഘിച്ചു എന്നതായിരുന്നു.

ഇവിടെ ശാബതിൽ ഭക്ഷണത്തിനായി കതിരുകൾ പറിച്ച ശിഷ്യന്മാരെ യേശു കുറ്റം പറയുന്നില്ല. നിയമത്തേക്കാൾ വലുതാണ് മനുഷ്യന്റെ വിശപ്പുമാറുന്നത് എന്ന് യേശു നമുക്ക് കാട്ടിത്തരുന്നുണ്ട്. വിശക്കുന്നവന് ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടും എന്ന് പറയാറുണ്ട്. അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെയും ഏഴപ്പംകൊണ്ട് നാലായിരം പേരെയും പോഷിപ്പിച്ചത് യേശു തമ്പുരാന്റെ വിശക്കുന്നവരോടുള്ള കരുതലാണ്. കൂടാതെ മനുഷ്യരുടെ ആത്മീക വളർച്ചയ്ക്കുവേണ്ടി യേശുതമ്പുരാൻ സ്വയം ജീവന്റെ അപ്പമായി മാറുന്നുണ്ട്. തന്റെ ജനത്തോടുള്ള സ്നേഹമാണിവിടെ വെളിവാകുന്നത്. ഇന്ന് സ്വാർത്ഥരായ മനുഷ്യർ മറ്റുള്ളവർക്കുള്ള ഭക്ഷണം കൂടി കൈയ്യടക്കി വച്ചിരിക്കുകയാണ്. സ്നേഹവും കരുതലും വാക്കുകളിൽ മാത്രം ഒരുങ്ങുന്നു. എന്നാൽ ഈ സ്നേഹവും കരുതലുമെല്ലാം വാക്കുകളിൽനിന്നും പ്രവൃത്തിയിലേക്ക് കടന്നുവരുമ്പോൾ മാത്രമേ ക്രിസ്തീയ ഭൗത്യം പൂർണ്ണമാവുകയുള്ളു. നിയമത്തെക്കാളും വിശ്വാസത്തെക്കാളും വലുത് പ്രവൃത്തിയാണ് എന്നുള്ളതാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമത്രേ എന്ന് യാക്കോബ്ശ്ലീഹ തന്റെ ലേഖനത്തിൽ പറയുന്നുണ്ട്. നിയമങ്ങളുടെ മറ പിടിച്ച് മാനുഷിക ആവശ്യങ്ങളെയും മാനുഷിക അവകാശങ്ങളെ അവഗണിക്കാത്ത, സത്യവും നീതിയും സ്നേഹവും കൊഴിഞ്ഞുവരുന്ന ഈ സമൂഹത്തിൽ നിയമം അനുഷ്ഠിക്കുന്നവർ മാത്രമാകാതെ കരുണ പ്രവർത്തിക്കുന്നവരും ആയിത്തീരുവാൻ നമുക്ക് സാധിക്കണം.

**സ്ലീബാപെരുന്നാളിനു ശേഷം നാലാം ഞായർ**
**വി. ലൂക്കോ. 16:13-18 (06-10-2024)**

സാധാരണ ജീവിതത്തിൽ നമ്മൾ സമ്പത്തും ധനവും കൈകാര്യം ചെയ്യുന്നവരാണ്. നമ്മുടെ ജീവിതത്തിനു സമ്പത്ത് ആവശ്യമാണ്. എന്നാൽ ഈ സമ്പത്ത് എപ്രകാരം വിനിയോഗിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് അത് അനുഗ്രഹമോ ശിക്ഷയോ ആയി മാറുന്നത്. എന്നാൽ സമ്പത്തിൽ എന്നതിനെക്കാൾ ഉപരിയായി മ്ശിഹായിൽ ഉള്ള വിശ്വാസം ഉറപ്പിക്കേണ്ടതിനുള്ള ആവശ്യകതയെ പറ്റിയാണ് ഇന്നത്തെ വേദഭാഗം പറയുന്നത്.

രണ്ട് യജമാനന്മാരെ ഒരുവനു ഒരേ സമയം സേവിക്കുവാൻ കഴിയില്ല എന്ന് യേശു പറയുന്നുണ്ട്. ഇവിടെ രണ്ട് യജമാനന്മാർ എന്നത് അർത്ഥമാക്കുന്നത് ദൈവവും ധനവുമാണ്. ദൈവത്തെയും ധനത്തെയും ഒന്നിച്ച് സേവിക്കുവാൻ ഒരുവനു സാധിക്കുകയില്ല. ഒരുവനെ സ്നേഹിക്കണം മറ്റവനെ ഉപേക്ഷിക്കണം. നാം സമ്പത്തിൽ ശ്രദ്ധ വയ്ക്കുന്നു എങ്കിൽ അതിലാണ് നാം കൂടുതൽ വിശ്വാസം അർപ്പിക്കുന്നത്. ദൈവത്തിന്റെ ദാസനാകുവാൻ സമർപ്പിക്കുന്നവനു മോഹത്തിന്റെ ദ്രവ്യത്തിന്റെ ദാസൻ ആകുവാൻ സാധിക്കുകയില്ല. ദൈവത്തെ സേവിക്കുവാൻ തീരുമാനിക്കുന്ന സമയം മുതൽ അവന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും ഓരോ കഴിവും ദൈവത്തിനുള്ളതാണ്. ഒന്നുകിൽ നാം മുഴുവനായും ദൈവത്തിന്റെ അല്ലെങ്കിൽ നിശേഷവും അവന്റെയല്ല. ഇതിന്റെ രണ്ടിന്റെയും ഇടയ്ക്ക് ഒരു മദ്ധ്യമാർഗ്ഗമില്ല. സമ്പത്തിനെയും ലോകസുഖങ്ങളേയും സ്നേഹിക്കുന്നതിനുപരിയായി ദൈവത്തെ സ്നേഹിച്ച് ആത്മീയ വളർച്ച പ്രാപിക്കുവാൻ നമുക്ക് സാധിക്കണം.

ധനം നമ്മെ ദൈവത്തിൽ നിന്നും അകറ്റും. യേശുവിന്റെ അടുക്കൽ വന്ന ധനവാന്റെ യജമാനൻ ദൈവമല്ലായിരുന്നു മറിച്ച് ധനമായിരുന്നു. ആയതിനാൽ അവനു നിത്യജീവിതം നഷ്ടമായി. ധനമോഹത്താൽ യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ ദൈവരാജ്യത്തിന് ഇതരനായി. 1 രാജാക്കമാർ 18:21-ാം വാക്യത്തിൽ ഏലിയ പ്രവാചകൻ ഇസ്രയേൽ ജനത്തോട് ചോദിക്കുന്നുണ്ട്. "നിങ്ങൾ എത്രത്തോളം രണ്ടുതോണിയിൽ കാൽവെയ്ക്കും. യഹോവ സത്യദൈവമെങ്കിൽ അവനെ അനുഗമിപ്പീൻ, ബാൽ എങ്കിൽ അവനെ അനുഗമിപ്പിൻ. ആകയാൽ ദൈവത്തെയും ധനത്തെയും ഒരുപോലെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല. ദൈവത്തെ മാത്രം യജമാനനായി കണ്ടെത്തുന്നവനാണ് സമാധാനവും സ്വസ്ഥതയും ലഭിക്കുന്നത്.

ഇവിടെ ധനക്കൊതിയരായ ഫരിസേയർ യേശുവിനെ പുച്ഛിച്ചുകൊണ്ട് സ്വയം നീതീകരിക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കും. കർത്താവിന്റെ വചനം കേട്ട ഫരിസേയർ കർത്താവിനെ പരിഹസിച്ചത് അവരുടെ സ്വാർത്ഥതയാലാണ്. അവർ സമൂഹത്തിൽ നീതിയുടെ വാക്കുകളായി അംഗീകരിക്കപ്പെട്ടിരിക്കകൊണ്ട് അവരുടെ പ്രവൃത്തികളെ മനുഷ്യരുടെ മുമ്പാകെ നീതീകരിച്ചു പോന്നു. എന്നാൽ ഹൃദയത്തോടെ അറിയുന്ന യേശു അവരുടെ കാപട്യം മനസ്സിലാക്കി മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന്റെ മുൻമ്പാകെ അറപ്പത്രേ എന്നു പറയുന്നു. ധനമോ സ്ഥാനമാനങ്ങളോ ദൈവമുമ്പാകെ ലഘുവാണെന്നുള്ളത് നാം വിസ്മരിക്കരുത്. സ്വയം നീതികരിക്കുന്നവൻ ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നില്ല എന്നത് പരീശന്റെയും ചുങ്കക്കാരന്റെയും ഉപമയിലൂടെ നമ്മൾ മനസ്സിലാക്കുന്നുണ്ട്.

ക്രിസ്ത്യാനികളായ നമ്മൾ കർമ്മാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും ശ്രദ്ധാലുക്കളായിരിക്കുന്നതിനൊടൊപ്പം നന്മ പ്രവൃത്തികളിലും താല്പര്യമുള്ളവരായിരിക്കണം. ധനമോഹം മൂലം സത്യം നീതി, കരുണ മുതലായ വൻകാര്യങ്ങളെ ത്യജിച്ച് ജീവിച്ചാൽ നമ്മുടെ ജീവിതം നിരർത്ഥമാകും.

ധനത്തെ സേവിക്കാതെ ദൈവത്തെ സ്നേഹിച്ച് ജീവിച്ചാൽ മാത്രമേ ദൈവരാജ്യത്തിൽ പ്രവേശനം ലഭിക്കുകയുള്ളു. തിന്മയെ നമസ്ക്കരിക്കാതെ ദൈവത്തെ നമസ്കരിച്ച് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അനുഭവത്തിലേക്ക് പ്രവേശിക്കുവാൻ സാധിക്കണം.

**സ്ലീബാപെരുന്നാളിനു ശേഷം അഞ്ചാം ഞായർ**

**വി. മത്താ. 23:1-12 (13-10-2024)**

ഈ വേദഭാഗത്തിൽ യേശു നാഥൻ നിയമജ്ഞരെയും ഫരിസിയരേയും കുറിച്ചാണ് പറയുന്നത്. യേശു തമ്പുരാൻ തന്റെ ശിഷ്യന്മാരോട് പറയുകയാണ് നിയമജ്ഞരും ഫരിസേയരും മോശയുടെ സ്ഥാനം അലങ്കരിക്കുന്നവരാണ്. അതുകൊണ്ട് അവർ പറയുന്നത് കേൾക്കുക, എന്നാൽ അവരുടെ പ്രവൃത്തികൾ അനുകരിക്കരുത്. യേശുതമ്പുരാൻ അവരെ ഒരു കാപട്യ നാട്യക്കാരായാണ് ചിത്രീകരിക്കുന്നത്. അവർ പറയുന്നത് ഒന്ന് പ്രവൃത്തിക്കുന്നത് മറ്റൊന്ന്. വാക്കും പ്രവർത്തിയും തമ്മിൽ യാതൊരു ബന്ധവും ഇല്ലാത്തവർ പൊതു സ്ഥലങ്ങളിൽ ബഹുമാനം ആഗ്രഹിക്കുന്നവരും ഇതിനുവേണ്ടി എന്തൊക്കെ ചെയ്യുവാൻ സാധിക്കുമോ; അത് എല്ലാം അവർ ചെയ്യും.

ഈ വചനത്തിന്റെ വെളിച്ചത്തിൽ നമ്മൾ എപ്രകാരം ആയിരിക്കണം എന്ന് വിലയിരുത്തണം. പലപ്പോഴും നമ്മൾ ഈ വചനം വായിക്കുമ്പോൾ നമ്മൾ ഇപ്രകാരം കണ്ടിട്ടുള്ള മനുഷ്യരെ ഒക്കെ ഓർത്ത് വിധിച്ച് കടന്നു പോകാറുണ്ട്. എന്നാൽ നാം നമ്മോട് തന്നെ ചോദിക്കണം നാം എപ്രകാരമാണ്. ഞാനും ഈ മനുഷ്യരെപോലെ കാപട്യ നാട്യം എന്നിലുമുണ്ടോ? മറ്റുള്ളവർ ഞാൻ വലിയവനാണെന്ന് കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു ണ്ടോ? അപ്രകാരം ഒരു സാഹചര്യം എന്നിൽ കടന്നു വരാറുണ്ടോ എന്ന് വിലയിരുത്തുന്നത് നല്ലതാവും. നാം അറിയാതെ തന്നെ ഇത്തരം മനോഭാവം നമ്മളിലേക്ക് കടന്നുവരാറുണ്ട്. തിന്മയാണ് നമ്മിലേക്ക് ഇപ്രകാരമുള്ള മനോഭാവം കൊണ്ടുവരുന്നത് എന്ന ബോധ്യം ഉണ്ടായാൽ തന്നെ അത് വലിയ ഒരു മാറ്റത്തിന്റെ തുടക്കമാണ്.

വചനം അവസാനിപ്പിക്കുന്നത് "തന്നെത്താൻ ഉയർത്തപ്പെടുന്നവൻ താഴ്ത്തപ്പെടും തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും"(വി. മത്താ. 23:12). ഞാൻ എന്താണ് എന്നൊരു ഉറച്ച ബോധ്യം നമ്മുടെ ജീവിതത്തിൽ ക്രമപ്പെടുത്തി എടുക്കുക. വെറും കീടമാണ് നമ്മൾ എന്നും ഈ ഭൂമിയിലേക്ക് കടന്നുവന്നിട്ട് എത്ര സമ്പാദിച്ചാലും അവസാനം മണ്ണിലെ പുഴുക്കൾക്ക് ഭക്ഷണമായി തീരുവാൻ ഉള്ളവരാണ്. അത്രമാത്രമേ നമ്മൾ സമ്പാദിച്ചു കൂട്ടുന്നതിനും കെട്ടിപ്പെടുക്കുന്നതിനും ആയുസ്സ് എന്ന് നമ്മൾ മനസ്സിലാക്കണം. ഞൊടിയിടയിൽ അവസാനിക്കാവുന്ന ഭൗമിക ജീവിതത്തേക്കാൾ ഉപരി നിത്യജീവിതം ലക്ഷ്യമാക്കുവാൻ സാധിക്കണം. പ്രഭാഷകൻ 3:18 ഇപ്രകാരം പറയുന്നു. "നിങ്ങൾ എത്രമാത്രം ഉന്നതനാകുവാൻ ആഗ്രഹിക്കുന്നുവോ അത്രമാത്രം വിനീതനാവുക, അപ്പോൾ ദൈവത്തിന്റെ കൃപയ്ക്ക് നീ പാത്രമാകും." ഇപ്രകാരം നമ്മൾ നമ്മേ തന്നെ താഴ്ത്തിക്കൊണ്ട് യേശു തമ്പുരാന്റെ എന്ത് മാതൃകയാണോ നമുക്ക് കാണിച്ചുതന്നത് അപ്രകാരം നമ്മൾ നമ്മെത്തന്നെ ശൂന്യനാക്കിക്കൊണ്ട് സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കി യാത്ര ചെയ്യാൻ സാധിക്കണം.

# Nazareth Asramam, Othera

01/08/2024 to 31/08/2024

**Feast**

| | |
|---|---|
| Eldose Babu, Perumpulithazhathu, Ernakulam | Rs. 5000 |

**Donation**

| | |
|---|---|
| A well Wisher, Chingavanam | Rs.5000 |

**Sponsorships**

| | |
|---|---|
| Tony Jacob Cheriyamoozhiyil, Ranny | Rs 2500 |
| Anison Changayil, Kallissery | Rs 25000 |
| Bino Jacob, Pazhayapeedikayil, Kochi | Rs 25000 |
| Jacob Raju, Padiyara, Kozhimala | Rs 25000 |
| Rev. Fr Joseph Kurian, Arammammoottil, USA | Rs 50000 |
| Yadhu Tony, Harisree, Vennikulam | Rs 25000 |
| Roy Mathew, Chandrathil, Thiruvanvandoor | Rs 50000 |
| Kuriakose Thomas, Aronnil, Ranny | Rs 25000 |
| Biju Thankachen, Melakuttu, Aythala (Italy) | Rs 20000 |
| Gjgi Thankachen, Melakuttu, Aythala (Italy) | Rs 25000 |

**Smiju Jacob Mattakkattu**
**Secretary, 9446079420**

## To make your contributions :

**Account Details**

M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729
MICR Code : 689049203

# ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു

സീമ ഷിന്റോ കന്നിയേൽ റാന്നി

വി. ബൈബിളിൽ സങ്കീർത്തനം 27:1-൦ം വാക്യത്തിൽ നാം ഇങ്ങനെ കാണുന്നു. "യഹോവ എന്റെ ജീവന്റെ ബലം ഞാൻ ആരെ പേടിക്കും? 'The Lord is my light and my salvation So why should I be afraid? The Lord protects me from danger so why should I tremble?''

നമ്മുടെ ദൈവം വഴിയും, സത്യവും ജീവനുമാണ്. ദൈവത്തിലും വിശ്വാസത്തിലും ഉറപ്പിലും ജീവിക്കുന്ന ക്രിസ്ത്യാനിക്ക് യഹോവ വെളിച്ചവും രക്ഷയുമാകുന്നു. യഹോവ ജീവന്റെ ബലമായിട്ടുള്ളവൻ ലോകത്തിൽ ഒന്നിനേയും പേടിക്കേണ്ട ആവശ്യമില്ല. ഒരു സൈന്യം പാളയമിറങ്ങിവന്നാലും ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ഭയപ്പെടേണ്ട കാരണം ഈ യുദ്ധം ചെയ്യുന്നത് ദൈവമാണ്. യഹോവയിങ്കലേക്ക് നോക്കിയവരുടെ മുഖം പ്രകാശിതമായിട്ടേയുള്ളൂ. അവർ ഒരിക്കലും ലജ്ജിച്ചുപോവുകയില്ല എന്ന ഉറച്ച വാഗ്ദാനം യഹോവ തന്റെ ഭക്തന്മാർക്ക് നൽകിയിട്ടുണ്ട്. സ്വന്തം അമ്മയ്ക്ക് തന്റെ കുഞ്ഞിനെ ഒരിക്കലും ഉപേക്ഷിക്കുവാനോ മറക്കുവാനോ സാധിക്കുകയില്ല. എന്നാൽ സ്വന്തം അമ്മ ഉപേക്ഷിച്ചാലും അപ്പൻ കൈവിട്ടാലും നമ്മെ ചേർത്തുപിടിക്കുന്ന നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവാണ് നമ്മുടെ ദൈവം. അവിടുന്ന് ആരേയും അനാഥരായി വിടുകയില്ല. ദൈവത്തിൽ വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഭക്തന്മാരുടെ പ്രശ്നങ്ങൾ അവരുടെ മുന്നിൽ അലയടിച്ചുയരുന്ന തിരമാലകൾപോലെ ഉയർന്നുവന്നാലും, മാനം മുട്ടി നിൽക്കുന്ന പർവ്വതങ്ങളെപ്പോലെ ഉയർന്നുനിന്നാലും ദൈവം നമ്മോട് പറയുന്ന ഒരു വാക്കുണ്ട്. "മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊള്ളുക" "Be still and know that I am God".

വി. ബൈബിളിൽ ദാനിയേൽ എന്ന ശക്തനും ധീരനുമായ ഒരു ദൈവഭക്തനെ നമുക്ക് കാണുവാൻ കഴിയുന്നു. കാര്യങ്ങൾ അസാധ്യമെന്ന് തോന്നുമ്പോൾപോലും വിശ്വാസത്തിന് ശക്തമായ ഒരു മാറ്റം ജീവിതത്തിൽ വരുത്താൻ കഴിയുമെന്ന് ദാനിയേൽ നമുക്ക് കാണിച്ചു തരുന്നു. ദാനിയേലിൽ നിന്ന് നമുക്ക് പഠിക്കാൻ കഴിയുന്ന ഒരു പ്രധാന പാഠം ധൈര്യത്തിന്റെ ഗുണമാണ്. വിശന്നിരിക്കുന്ന സിംഹത്തിന്റെ ഗുഹയിലേക്ക് വലിച്ചെറിയപ്പെടുമെന്ന് ഭീഷണി നേരിട്ടിട്ടും ദാനിയേൽ തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നു. പ്രതികൂല സാഹചര്യങ്ങളിലും, ഭയാശങ്കയിൽപോലും ശരിക്കുവേണ്ടി നിലകൊള്ളേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു.

നാം എല്ലാവരും പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാൻ സഹായിക്കണേ എന്ന് പ്രാർത്ഥിക്കുന്നവരാണ്. എന്നാൽ പ്രതികൂല സാഹചര്യങ്ങളിൽ ഉറപ്പും ധൈര്യവുമുള്ള ഒരു ഹൃദയമുണ്ടായിരിക്കുക എന്നതാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. ദൈവത്തോടുള്ള ബന്ധത്തിൽ ജീവിക്കുന്ന ഭക്തന്മാർക്ക് അവരുടെ പ്രാർത്ഥന എന്നും എപ്പോഴും ഒരു കോട്ടയായിരിക്കും. യഹോവയിൽ ആശ്രയിക്കുന്നവരുടെ ജീവൻ അവർക്ക് കൊള്ള കിട്ടിയതുപോലെയായിരിക്കും. അവർ വാളാൽ വീഴുകയില്ല. കാരണം യഹോവഭക്തന്മാരുടെ പരിപാലകൻ ദൈവമാണ്.

ദാനിയേലിനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയുമ്പോൾ രാജാവ് ദാനിയേലിനോട് സംസാരിച്ചത് ഇപ്രകാരമാണ്. "നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും." രാജാവിന്റെ സ്വരത്തിൽ പരിഹാസത്തിന്റെ ധ്വനി ഈ വാചകത്തിൽ മുഴങ്ങിക്കേൾക്കാം. വിശന്നു വലഞ്ഞിരിക്കുന്ന സിംഹങ്ങളുടെ കൂട്ടിലേക്ക് ഒരു മനുഷ്യനെ എറിഞ്ഞു കൊടുത്താൽ നിമിഷ നേരത്തിനുള്ളിൽ സിംഹങ്ങൾ കടിച്ചുകീറും എന്ന ഉത്തമബോധ്യത്തോടെയാണ് രാജാവ് ദാനിയേലിനോട് സംസാരിച്ചത്. എന്നാൽ പിറ്റേ ദിവസം ഗുഹാവാതിക്കൽ ചെന്ന രാജാവ് കേട്ടത് "സിംഹങ്ങൾ എനിക്ക് കേട് വരുത്താതിരിക്കേണ്ടതിന് എന്റെ ദൈവം തന്റെ ദൂതനെ അയച്ച് അവരുടെ വായെ അടച്ചുകളഞ്ഞു."

നമ്മുടെ ജീവിതത്തിൽ സിംഹങ്ങൾപോലെ ഭയാനകമായി വായ് പിളർത്തി നമ്മെ വിഴുങ്ങുവാനായി ചീറിയടുക്കുന്ന ഒരുപാടു പ്രതിസന്ധികളില്ലേ? അവയുടെ മുന്നിൽ പകച്ചു നിൽക്കുമ്പോൾ ശത്രുക്കൾ നമ്മെ നോക്കി ഈ രാജാവിനെപ്പോലെ പരിഹസിക്കുമ്പോൾ നമ്മുടെ ദൈവം സിംഹങ്ങളുടെ വായടപ്പിച്ചതുപോലെ എല്ലാ പ്രതിസന്ധികളിൽനിന്നും നമ്മെ രക്ഷിക്കാൻ പ്രാപ്തനാണ് എന്ന് വിശ്വസിക്കുക. സങ്കീർത്തനക്കാരൻ പാടിയതുപോ ലെ നമ്മുടെ ശത്രുക്കളുടെ മുന്നിൽ അഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ച് ജീവിക്കാൻ നമ്മെ പ്രാപ്തനാക്കുന്ന ദൈവകരങ്ങളിലാണ് നാം ഓരോരുത്തരും ജീവിക്കുന്നത്.

"I will hold my head high, above my enemies who surround me"

നമ്മുടെ ദൈവം ജീവനുള്ള ദൈവവും എന്നേക്കും നിലനിൽക്കുന്നവനും അങ്ങയുടെ രാജത്വം നശിച്ചുപോകാത്തതും ആധിപത്യം അവസാനം വരാത്തതുമാകുന്നു. അവിടുന്ന് രക്ഷിക്കുകയും വിടുവിക്കുകയും ചെയ്യുന്നു. അവിടുന്ന് ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നു. അതുകൊണ്ട് ശക്തരും ധീരരുമായിരിപ്പിൻ.

●


## സ്ഥലം വില്പനയ്ക്ക്

**M.C.** റോഡിൽ ഫൈൻ ബേക്കറിക്ക് സമീപം 6 സെന്റ് for sale 09633103033

# "പങ്കാളിയെ നഷ്ടമായവർക്ക് അനുകരിക്കാൻ ഒരു മാതൃക"

റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

മനുഷ്യൻ ഏകനായി ജീവിക്കുന്നത് നന്നല്ല എന്നു കണ്ട ദൈവം അവനു തക്കതായ തുണയെ സൃഷ്ടിച്ചു നൽകി. ദൈവം സംയോജിപ്പിച്ചത് മനുഷ്യർ വേർപിരിക്കരുത് എന്ന് വിവാഹകൂദാശയിൽ നിഷ്കർഷിക്കുന്നു. എന്നാൽ മരണം വഴി വേർപിരിയുക എന്നത് പ്രകൃതിനിയമവും ദൈവനിശ്ചയവുമാണല്ലോ. എന്റെ സഹപാഠിയും, സുഹൃത്തും, തിരുവല്ലയിൽ ഒരു സ്ഥാപനത്തിന്റെ ഉടമയുമായിരുന്ന ഞാൻ പേരു വെളിപ്പെടുത്തുവാൻ ആഗ്രഹിക്കാത്ത ആ വ്യക്തിത്വം ആകസ്മികമായി മരണപ്പെട്ടിട്ട് രണ്ടുവർഷം കഴിയുന്നു. പ്രസ്തുത വ്യക്തിയെപ്പറ്റി ഇപ്പോൾ പരാമർശിക്കാൻ കാരണം എന്ത് എന്നു ചോദിച്ചാൽ, വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന ഭർത്താവിനും, ഭർത്താവു മരിച്ച ഭാര്യയ്ക്കും അനുകരിക്കാൻ കഴിയുന്ന ഒരു മാതൃക അദ്ദേഹത്തിന്റെ ഭാര്യയിൽ നിന്നുണ്ടായതിന്റെ വെളിച്ചത്തിലാണ്. ഇനി വിഷയത്തിലേക്കു കടക്കാം. ഞങ്ങൾ അഞ്ചുപേർ സഹപാഠികൾ, ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു. അതിൽ ഒരാളായിരുന്നു ഈ ലോകത്തോടു വിടപറഞ്ഞ ഞങ്ങളുടെ പ്രിയ സുഹൃത്ത്. പേരു വെളിപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കാത്ത ആ വ്യക്തിത്വം. അദ്ദേഹം മരണപ്പെട്ടതു മുതൽ ഞങ്ങൾ മറ്റു നാലു സുഹൃത്തുക്കളും, അദ്ദേഹത്തിന്റെ ഭൗതിക ശരീരം മറവു ചെയ്യുന്നതുവരെ ഒപ്പം ഉണ്ടായിരുന്നു. മരണാനന്തര ചടങ്ങുകളിലും ഞങ്ങൾ സുഹൃത്തുക്കൾ എല്ലാവരും ക്ഷണിതാക്കളുമായിരുന്നു. ഞങ്ങളുടെ സുഹൃത്തിന് രണ്ടു കുട്ടികൾ. മകന്റെ വിവാഹം അദ്ദേഹത്തിന്റെ മരണത്തിനു മുമ്പും മകളുടെ വിവാഹം മരണശേഷവും. അതിലും ഞങ്ങൾ മറ്റു നാലു സുഹൃത്തുക്കളും ക്ഷണിതാക്കളായിരുന്നു. ഞങ്ങളുടെ അഞ്ച് കുടുംബങ്ങളും തമ്മിൽ അത്രമേൽ പരസ്പര സ്നേഹബന്ധത്തിലായിരുന്നു എന്നു സാരം. സുഹൃത്തിന്റെ മരണശേഷം രണ്ടു മാസത്തിനുശേഷം സ്ഥാപനത്തിന്റെ ചുമതലയേറ്റ മകനെ ഞാൻ സ്ഥാപനത്തിൽ ചെന്നു കാണുകയുണ്ടായി. പിതാവിന്റെ മരണശേഷം അവരുടെ അവസ്ഥ ഒന്നു മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ സഹധർമ്മിണിയുടെ ഇപ്പോഴത്തെ മാനസ്സികാവസ്ഥ ഒക്കെ ഒന്നു മനസ്സിലാക്കുകയും ആയിരുന്നു എന്റെ ലക്ഷ്യം. ആ മകൻ എന്നോട് അങ്കിളെ അമ്മ ഇന്ന് സന്തോഷവതിയാണ്. അപ്പ വീട്ടിലുണ്ട്. ഈ ഉത്തരത്തിൽ ഞാൻ ഞെട്ടിപ്പോയി. അവനെ കല്ലറയിൽ വയ്ക്കുമ്പോൾ സുഹൃത്തുക്കളുടെ പ്രതിനിധിയായി ഞാനും പെട്ടിയിൽ പിടിച്ചിരുന്നു. പിന്നെ വീട്ടിൽ ഉണ്ട് എന്നു പറഞ്ഞപ്പോൾ ഞാൻ സ്തംഭിച്ചുപോയി.

അങ്കിളിന് അപ്പയെ കാണണോ? എങ്കിൽ വീടുവരെ പൊയ്ക്കൊള്ളൂ. അമ്മയേയും കാണാമല്ലോ. കടയിലെ ജോലിക്കാരൻ എന്നെ സുഹൃത്തിന്റെ വീട്ടിൽ കൊണ്ടുവിട്ടു. ഇതിനോടകം മകൻ അമ്മയെ വിളിച്ചു പറഞ്ഞിരുന്നു തോമസുകുട്ടി അങ്കിൾ അപ്പയെ കാണാൻ വരുന്ന വിവരം. ഞാൻ ആകാംക്ഷയോടെ ചോദിച്ചു, എന്റെ പ്രിയ സുഹൃത്ത് എവിടെ? അദ്ദേഹത്തിന്റെ ഭാര്യയും മകന്റെ ഭാര്യയുംകൂടി എന്നെ കൂട്ടിക്കൊണ്ട് അവരുടെ കിടപ്പുമുറിയിലേയ്ക്ക് പോയി. ആ സ്ത്രീയുടെ കിടപ്പുമുറിയിൽ അവരുടെ കിടക്കയ്ക്കു സമീപമായി വിരിച്ചൊരുക്കിയ മറ്റൊരു കട്ടിൽ, അതിൽ കിടത്തി ഒരു കുരിശ്, ഇതാണ് എന്റെ ചാപ്പൽ. അദ്ദേഹം പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമത്തിലാണ് ഉണർത്തരുത്. എന്തെങ്കിലും ചോദിക്കാനോ പറയാനോ ഉണ്ടെങ്കിൽ നിശ്ശബ്ദമായി ആശയവിനിമയം നടത്താം. അവന്റെ ഭാര്യ അനുവദിച്ചു. മുറിവിട്ട് പുറത്തുവന്ന് അദ്ദേഹത്തിന്റെ ഭാര്യ എന്നോടു പറഞ്ഞു, ഞാൻ എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ അഭിപ്രായം ആരായും. പുറത്തുപോകുമ്പോൾ, അദ്ദേഹത്തിന്റെ മൗനാനുവാദം തേടും, മകൻ കടയിൽ പോകുമ്പോൾ അനുഗ്രഹം തേടും, മടങ്ങിവന്ന് അപ്പയെ കണക്കു ബോധിപ്പിക്കുകയും ചെയ്യും. അപ്പയുടെ ആശിർവാദം മൗനമായി സ്വീകരിച്ചുകൊണ്ട് അവന്റെ മരണശേഷം മകളുടെ വിവാഹവും നടന്നു. അവരുടെ ജീവിതത്തിൽ അവരോടൊപ്പം ജീവിക്കുന്ന, സുഹൃത്തിനെ അവരിലൂടെ എനിക്കും കാണാനായ സന്തോഷത്തിൽ ഞാൻ മടങ്ങി, മറ്റെങ്ങും, ഇന്നോളം കണ്ടിട്ടില്ലാത്ത ഒരു മാതൃക നേരിൽ കണ്ടതിന്റെ സന്തോഷത്തോടെ. ●

## ശുഭചിന്തകൾ

**ഇഷ്ടമുള്ളതും വേണ്ടതും മാത്രം കണ്ടാൽ കാഴ്ചകൾ അപൂർണവും, ദുരുദ്ദേശപരവുമാകും. കണ്ട പല കാഴ്ചകളെയും അവഗണിക്കാനുള്ള തന്റേടവും കാണാത്ത കാഴ്ചകളെ അംഗീകരിക്കാനുള്ള ശേഷിയുമുണ്ടെങ്കിൽ ജീവിതത്തെകുറിച്ചുള്ള കാഴ്ചപ്പാട് തന്നെ മാറിയേക്കും.**


## അറിയിപ്പ്

**ക്നാനായ സമുദായം വകയായി കോട്ടയത്തുള്ള കാനാ തോമാ ഹോസ്റ്റൽ വാടകയ്ക്ക് എടുത്ത് നടത്തുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.**

**ഫോൺ. 0481 – 2430327**
**94474 00723**




വിതച്ച വിത്തൊക്കെ കാക്കകൾ കൊത്തിത്തിന്നുന്നു. കർഷകന് പൊറുതി മുട്ടി. അയാൾ പാടത്ത് വലയൊരുക്കി. ഒരു പ്രാവിന്റെ പിന്നാലെ പറക്കുകയായിരുന്നു പരുന്ത്. ഇന്നത്തെ ആഹാരത്തിന് അത് മതി. വാശിയോടുള്ള പറക്കലാണ്. സ്വയം മറന്നു പറന്ന പരുന്ത് വലയിൽ കുടുങ്ങിപ്പോയി പ്രാവ് രക്ഷപെടുകയും ചെയ്തു.

ചിറകിട്ടടിക്കുന്ന പരുന്തിന്റെ അടുക്കലേയ്ക്ക് കർഷകൻ ചെന്നു. അപ്പോൾ പരുന്ത് പറഞ്ഞു 'ഞാൻ നിങ്ങൾക്ക് ഒരു ഉപദ്രവവും ചെയ്തിട്ടില്ല. ഞാൻ മാന്യനും മര്യാദക്കാരനുമാണ്. ഒരു പെറുക്കി പ്രാവിനെ പിന്തുടർന്ന് ഞാൻ വലയിൽ അകപ്പെട്ടു എന്നതാണ് സത്യം. അതിനാൽ എന്നെ താങ്കൾ സ്വതന്ത്രനാക്കണം'.

'നീ മര്യാദക്കാരനായിരിക്കാം. എനിക്ക് ഉപദ്രവം ചെയ്തിട്ടില്ലെന്നും സമ്മതിക്കാം. പക്ഷേ, നിനക്ക് എന്തു തരത്തിലുള്ള ഉപദ്രവം ചെയ്തിട്ടാണ് ആ പ്രാവിനെ കൊല്ലാൻ നീ പറന്നത്'? കർഷകൻ തന്റെ ചോദ്യത്തിനുശേഷം തെല്ലൊന്നു നിർത്തി. 'നിനക്ക് ഉത്തരം നൽകാൻ കഴിയില്ലെന്ന് തീർച്ച. അതിനാൽ ബഹുമാന്യനായ പരുന്തേ, നീ പറഞ്ഞ മാന്യത സൂക്ഷിച്ചുകൊണ്ടു തന്നെ ഞാൻ നിന്നെ കഴുത്ത് ഞെരിച്ച് കൊല്ലട്ടെ'.

***മാന്യതയും അന്തസ്സും***
***സംസാരത്തിൽ മാത്രമല്ല***
***പെരുമാറ്റത്തിലും ഉണ്ടാവണം.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**യോശുവായുടെ പുസ്തകത്തിൽനിന്നും**
**സെപ്തംബർ മാസത്തിലെ ചോദ്യങ്ങൾ**

1. യോശുവ അയച്ച ഒറ്റുകാർ യെരീഹോവിൽ പാർത്തത് ആരുടെ വീട്ടിലായിരുന്നു?
2. ഏതു കാലത്താണ് യോർദ്ദാൻ നദീതീരമെല്ലാം കവിഞ്ഞൊഴുകുന്നത്?
3. യോർദ്ദാനിൽ നിന്നെടുത്ത പന്ത്രണ്ടു കല്ലുകൾ യോശുവ നാട്ടിയതെവിടെ?
4. ആഖാന്റെ ഗോത്രം ഏത്?
5. യഹോവയുടെ പെട്ടകത്തിനു മുമ്പാകെ തലയിൽ മണ്ണുവാരിയിട്ടുകൊണ്ട് സാഷ്ടാംഗം വീണു കിടന്നവൻ ആര്?
6. ബേഥേലിന്റെ മറ്റൊരു പേര് എന്ത്?
7. "യഹോവ തന്നെ ദൈവം എന്നതിനു ഇതു നമ്മുടെ മദ്ധ്യേ സാക്ഷി'' എന്നു പറഞ്ഞു രൂബേന്യരും ഗാദ്യരും തങ്ങളുടെ യാഗപീഠത്തിനിട്ട പേരെന്ത്?
8. യിസ്രായേൽ മക്കൾ യോസഫിന്റെ അസ്ഥികളെ അടക്കം ചെയ്തതെവിടെ?
9. മനശ്ശെയുടെ ആദ്യജാതൻ ആര്?
10. കാലേബിനു അവകാശമായി കിട്ടിയ മല ഏത്?

**ഓഗസ്റ്റ് മാസത്തിലെ ഉത്തരങ്ങൾ**
**ആവർത്തന പുസ്തകം**

1. എദെയിൽ വെച്ച് (1:4)
2. ആർ ദേശം (2:9–19)
3. ഉപ്പുകടൽ (3:17)
4. ലേവിയെ (10:10)
5. നെബോ മലമുകളിൽ (32:49)
6. മോവാബ് ദേശത്ത് ബേത്ത് – പെയോരിനെതിരെയുള്ള താഴ്‌വരയിൽ
7. 120 സംവത്സരം (34:7)
8. യോശുവ (34:9)
9. ഏബാൽ പർവ്വതത്തിൽ (27:4)
10. യെരിഹോ (34:3)


# വസ്തു വില്പനയ്ക്ക്

റാന്നി M.S. High School - ന് സമീപം

**11 സെന്റ്.**

വീടു വയ്ക്കുന്നതിന് Flot ആയ സ്ഥലം.

വഴി സൗകര്യമുണ്ട്.


**Ph. 9400397097**

32-ാം ചരമവാർഷികം
12-10-2024



**എം.കെ. മാത്യു (ബേബി)**
(ഗവ. കോൺട്രാക്ടർ)

25-ാം ചരമവാർഷികം
6-9-2024



**റവ. ഡോ. എം.കെ. തോമസ്**
**കോറെപ്പിസ്കോപ്പ**

7-ാം ചരമവാർഷികം
8-8-2024



**എം.കെ. ഏബ്രഹാം**
**(കുഞ്ഞൂഞ്ഞുകുട്ടി)**

Advt -R

മണലിത്തറ, തെങ്ങേലി, കുറ്റൂർ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

## 10th Death Anniversary

20-09-2024



Advt - O

## മാത്തുക്കുട്ടി കെ.ഇ.

(മാത്തുക്കുഞ്ഞ്)

കറയക്കളളിൽ, തിരുവൻവണ്ടൂർ

Died on 20/09/2014

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

## 8-ാം ചരമവാർഷികം

22-09-2024



Advt - S

## തോമസ് ചെറിയാൻ (ബാബു)

കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*



## 5th Death Anniversary

15-09-2024

## കെ.എ. കുറിയാക്കോസ്

(ബാബു)

കക്കുഴിയിൽ, തോട്ടമൺ, റാന്നി

(ഫിലാഡെൽഫിയ)

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Treasured in our hearts you'll stay unit
we meet again someday

By Sorrowing Family

Advt - O

## 1-ാം ചരമവാർഷികം

23-09-2024



## അന്നമ്മ സ്കറിയ

കല്ലുകുളം, കുഴിമറ്റം

സന്തപ്ത കുടുംബാംഗങ്ങൾ

## 14-ാം ചരമവാർഷികം

02-09-2024



## കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)

കല്ലൻകുന്നിൽ, വള്ളംകുളം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



# 3rd Death Anniversary

17-09-2024

# അമ്മിണി ജോസഫ്

കുളത്രാമണ്ണിൽ,
മഴുക്കീർ

Advt -O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ-മരുമക്കൾ-കൊച്ചുമക്കൾ

## 2-ാം ചരമവാർഷികം

5-9-2024



Advt -S

# ചാക്കോ തോമസ് (രാജു)

ഒറ്റപ്ലാമൂട്ടിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40-ാം ചരമദിനം

7-09-2024



# സിൽവി ജേക്കബ്

കാരക്കാട്ട്, മണിപ്പുഴ, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



## 2 – ാം ചരമവാർഷികം

13 – 10 – 2024

# എ. എം. തോമസ്

## കുഴികണ്ടത്തിൽ,
## പ്ലാംതോട്ടത്തിൽ
## കല്ലിശ്ശേരി



## 10 – ാം ചരമവാർഷികം

09 – 09 – 2024

# കുഞ്ഞമ്മ തോമസ്

യേശു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.

യോഹ. 11 : 25 – 26

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 1st Death Anniversary

04-10-2024

# A.SIMON

**ARACKAPERUMETHU HOUSE**
**AYTHALA P.O,**
**RANNI.**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

By Sorrowing Family

Advt -O

---

| 27 – ാം ചരമവാർഷികം | 9 – ാം ചരമവാർഷികം |
|---|---|
| 30- 12 -2024 | 17- 09 -2024 |





**കെ. റ്റി. തോമസ്** **മേരിക്കുട്ടി തോമസ്**

കണ്ണന്താനത്ത്,
പഴവങ്ങാടി, റാന്നി

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

## 6th Death Anniversary

03 – 09 – 2024



# Chinnamma Thomas

**Vattathakidiyil, Chingavanam**

I have fought the good fight, I have finished the race,
I have kept the faith. (2 Timothy 4:7)

By Sorrowing Family

Advt - S

## 3rd Year of Remembrance
(9th Sept'24)



**P.E.Chacko**
1934 - 2021
*Pachamkulathu House, Thiruvalla, Othera(W), Kerala*

*Your memory remains a guiding light...*
*We always remember you wih love and fondness...*
*We cherish those moments and continue to honour your legacy...*

Advt -S

## 40 – ാം ചരമദിനം
10 – 09 – 2024



**അജു മാത്യു**
കുന്നത്ത്, ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 5 – ാം ചരമവാർഷികം
23 – 09 – 2024



**CHACKO M.S.**
കാവനാൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



## 40 – ാം ചരമദിനം

14 – 09 – 2024

**അച്ചാമ്മ ഏബ്രഹാം**

പുറത്തേൽമലയിൽ,
ഇരവിപേരൂർ

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

---

## 1 – ാം ചരമവാർഷികം

26 – 09 – 2024



Advt -S

**വി.കെ. കുറിയാക്കോസ് (തങ്കച്ചൻ)**

വേലംകടവിൽ, കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

---

## 13 – ാം ചരമവാർഷികം

09 – 09 – 2024



Advt -R

**Col. M. K. Abraham**

**(Thankachen)**

മുഴിപ്പെരുമേത്ത്, ഐത്തല, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

ഭാര്യ: Saramma Abraham (Molly),
മക്കൾ: Sunu Joseph, Col. Vinoo Abraham, Anu James
മരുമക്കൾ: A/Com. Joseph Manacherry, Lesya Vinoo,
Maj. Gen. Jim James

സന്തപ്ത കുടുംബാംഗങ്ങൾ



## 1st Anniversary In Heaven

14-10-2024

# Binu Thomas

**1964 - 2023**
**Thathukattil House**
**Kozhimala P.O., Vallamkulam,**
**Thiruvalla**

I am the resurrection and the life. The one who believes in me will live, even though they die (John 11:25)

*With Prayers*

By Thomas Punnose (Husband),
Punnose & Anjaly
(Granddaughter Heizel Binu),
Melbin & Jithu

Advt -O

## 3rd Death Anniversary

18-09-2024



# Leemol Zachariah

**W/o Dr. Abraham K. Zachariah (Joy)**
**Karot Kanyakonil, Chingavanam**

*Greatly Loved, Deeply Missed,*
*Forever in our Hearts.*

Sorrowing Family

Advt - O

## 1st Death Anniversary

08-09-2024



# Pushpa Abraham

**Toronto, Canada**
**W/o K.J. Abraham**
**Kalluparambil, Trivandrum**
**D/o C.A. Zachariah**
**Chirayil Kayyalathuparambil (H),**
**Pallom**

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

കവിത

# യേശു പറഞ്ഞ സൂക്ഷിക്കേണ്ടിയ 3 പുളിമാവ്

ജയ്നമ്മ മർക്കോസ്
നടുവിലേപറമ്പിൽ, കുഴിമറ്റം

കാപട്യത്തോടുള്ള കർത്തൃസേവ
പരീശന്റെ പുളിമാവ് ആയിടുന്നു
ബുദ്ധിക്കും യുക്തിക്കും ചേർന്നൊരു സേവ
സാദുകൃരുടെ പുളിമാവ് ആയിടുന്നു.
കൂട്ടരേ, നിങ്ങൾ അറിഞ്ഞിടുക
ഭക്തിയുടെ വേഷം അണിഞ്ഞുകൊണ്ട്
പാപത്തിൽ മുങ്ങിക്കുളിക്കുന്ന സേവ
ഹേറോദിൻ പുളിമാവ് ആയിടുന്നു
ഹേറേദോസ്, ശിശുക്കളെ കൊന്നുവല്ലോ
അന്തിപ്പാസ്, സ്നാപകനെ കൊന്നുവല്ലോ
അഗ്രിപ്പാ യാക്കോബിനെ കൊന്നുകൊണ്ട്
തലമുറയിലേക്ക്, പാപം ഇറങ്ങി
കാണപ്പെടുന്ന ദൈവമായി
ദൈവ വചനത്തെ കണ്ടിടുക
വചനത്തെ, ഉള്ളിൽ നിറച്ചുകൊണ്ട്
കർത്തന്റെ സേവകരായിടുക
ദൈവജനത്തെ തോല്പിക്കുവാൻ
ദുഷ്ടന്, തെല്ലും സാദ്ധ്യമല്ല
സത്യം അരെയ്ക്കു കെട്ടിക്കൊണ്ട്
നീതിയിൽ കവചം ധരിച്ചിടുക
വചനമാം വാളു പിടിച്ചുകൊണ്ട്
ദുഷ്ടന്റെ കോട്ട തകർത്തിടുക
അഗ്നിയാം, വേലികെട്ടിക്കൊണ്ട്
കർത്തൻ, തൻ മക്കളെ കാത്തിടുമേ
ഭക്തനാം, ശക്തനാം ഹേറോദോസ്
സ്നാപകനെ, സ്നേഹിച്ച ഹേറോദോസ്
കാമുകിയെ പ്രീതിപ്പെടുത്തുവാനായി
സ്നാപകന്റെ തല അറത്തുവല്ലോ
സ്നാപകന്റെ തല അറത്തുകളഞ്ഞാലും
മനുഷ്യന്റെ ശബ്ദം നഷ്ടപ്പെട്ടാലും
കഴുതയെകൊണ്ട് സംസാരിപ്പിച്ച്
കർത്തൻ. തൻവേല തുടർന്നിടുമേ
ലോകയിമ്പത്തിൽ ഭ്രമിക്കുന്ന മക്കളെ
വീണ്ടെടുക്കാനായി കർത്തനവരെ
പ്രവാസ ജീവിതം നൽകികൊണ്ട്
കഷ്ടത്തിൻ അപ്പം നൽകിടുന്നു
തൽക്ഷണം മക്കൾ മനംതിരിഞ്ഞ്
ഈശന്റെ, പക്കൽ എത്തിടുന്നു
ഈശൻ, കണ്ണീർ തുടച്ചുകൊണ്ട്
മാറോടു ചേർത്തു പടിച്ചിടുന്നു
ഒന്നു നിൽക്കൂ, ശ്രദ്ധിച്ചീടു
വചന കൂടാരത്തിൽ എത്തുന്ന മക്കടെ
ഒന്നുകിൽ മനം തിരിഞ്ഞിടുമേ
അല്ലെങ്കിൽ ഹൃദയം കഠിനമാകും
ആർത്തുപാടി സ്തുതിച്ചിടുമ്പോൾ
സാത്താൻ, പേടിച്ചോടിടുമേ
സ്വർഗ്ഗത്തിൽനിന്ന് 'തീ' ഇറക്കി
മക്കടെ, കോട്ടയ്ക്ക് വേലികെട്ടും
പാപമാം പുളിമാവിൽ അകപ്പെടാതെ
എളിമ, തൻ ജീവിതം കാഴ്ചവെയ്ക്കാൻ
പൂർണ്ണമായി നിന്നിൽ ലയിച്ചുചേരാൻ
കർത്തനെ, നിൻസ്നേഹം എന്നിലൊഴുക്കൂ!

# 'ഞാൻ ആകുന്ന പെൻസിൽ'

അഖിൽ മനോജ് മാത്യു, പുന്നൂചേരിൽ

ജീവിതത്തിൽ ഒരിക്കലെങ്കിലും ഒരു പെൻസിൽ ഉപയോഗിക്കാത്ത ആരും തന്നെ കാണുകയില്ല. ആദ്യമായി പെൻസിൽ നിർമ്മിച്ച് അവ പൊതിഞ്ഞ് വിപണിയിലേയ്ക്ക് അയക്കുന്നതിന് തൊട്ടു മുമ്പ് നിർമിതാവ് പെൻസിൽ തന്റെ കൈയ്യിൽ എടുത്ത് മൂന്ന് ഉപദേശങ്ങൾ കൊടുക്കുന്നുണ്ട്.

1. ഞാൻ നിന്നെ നിർമ്മിച്ച് ലോകത്തിലേയ്ക്ക് അയക്കുവാൻ പോവുകയാണ്. നീ അനേകർക്ക് പ്രയോജനപ്പെടണമെങ്കിൽ ഒരു കാര്യം മനസ്സിലാക്കണം സ്വയമായി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ഒരു കൈയ്യിൽ അമർന്നിരുന്നെങ്കിൽ മാത്രമേ നിനക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുകയുള്ളൂ. അതിന് നീ മനസ്സുള്ളവൻ ആയിരിക്കണം. ദൈവവിളിയിലേയ്ക്ക് വിളിക്കപ്പെട്ട നാം ഓരോരുത്തരുടെയും ജീവിതത്തിൽ പ്രാധാന്യം അർഹിക്കുന്ന കാര്യമാണിത്. ദൈവത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല എന്നുള്ള തിരിച്ചറിവ് നമുക്ക് ഉണ്ടായിരിക്കണം. ദൈവകരങ്ങളിൽ ചേർന്നിരുന്നാൽ മാത്രമേ നമ്മെക്കൊണ്ട് വലിയ കാര്യങ്ങൾ ചെയ്യുവാനായി ദൈവത്തിന് സാധിക്കുകയുള്ളൂ.

(യോഹ.15:4) "എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയില്ല".

2. നീ ഉപയോഗപ്പെടണമെങ്കിൽ യജമാനൻ നിന്നെ പലപ്പോഴും ചെത്തിവെടിപ്പാക്കേണ്ടിവരും, ഈ വേദനാജനകമായ അവസ്ഥയിൽകൂടി കടന്നുപോകുമ്പോൾ മാത്രമേ നീ ഉപയോഗമുള്ളവനായി തീരുകയുള്ളൂ. നാം ദൈവത്തിന് പ്രയോജനപ്പെടണമെങ്കിൽ നമ്മുടെ ജീവിതത്തിലും പലപ്പോഴും നാം ചെത്തി വെടിപ്പാക്കലിൽ വിധയപ്പെടേണ്ടിവരും. ആദ്യം അത് വേദനാജനകമാണെങ്കിലും പിന്നീട് അത് അനുഗ്രഹത്തിന് കാരണമായിത്തീരും. (യോഹ.15:2) "എന്നിൽ കായ്ക്കാത്ത കൊമ്പൊക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നതൊക്കെയും അധികം ഫലം കായ്ക്കേണ്ടതിനു ചെത്തി വെടിപ്പാക്കുന്നു".

3. വളരെ മിനുസമുള്ളതും ഭംഗിയുള്ളതുമായ പ്രതലത്തിൽ മാത്രമേ ഉപയോഗിക്കാവൂ എന്ന് നീ വാശിപിടിക്കരുത്. യജമാനന് നിന്നെ ഏത് പ്രതലത്തിലും ഉപയോഗിക്കുവാൻ അവകാശമുണ്ട്. യജമാനന് ഉപയോഗിക്കപ്പെടുവാൻ നീ എപ്പോഴും സന്നദ്ധനായിരിക്കണം. നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളും സങ്കടങ്ങളും നഷ്ടങ്ങളും കടന്ന് വരുമ്പോൾ ദൈവത്തിന് എന്നെക്കുറിച്ച് ഒരു പദ്ധതി ഉണ്ടെന്ന് തിരിച്ചറിയുവാൻ നമുക്ക് സാധിക്കട്ടെ. (ജറെമിയ 29:11) നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണ്.

# എന്റെ യാത്രയുടെ അന്ത്യം ഇന്നലേക്കാൾ അടുപ്പം

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

എങ്ങനെ ജീവിക്കണമെന്ന് പഠിച്ചുവരുമ്പോഴത്തേയ്ക്കും ജീവിതമങ്ങു തീർന്നുപോകും. നമ്മളെല്ലാവരും ജീവിതമാകുന്ന നാടക വേദിയിലാണ്. സ്വന്തമായി ആസ്വദിക്കുവാനും മറ്റാരെയൊക്കെയോ ആസ്വദിപ്പിക്കാനുമുള്ള ഒരു നാടകവേദി. ഒരു പേരിന്റെ ബലത്തിൽ നാം അറിയപ്പെടും. ഈ നാടകത്തിൽ നമ്മുടെ ഓരോരുത്തരുടെയും ഒടുവിലത്തെ റോൾ എങ്ങനെ ആയിരിക്കണമെന്ന് കഥ നിർമ്മിച്ചവനുമാത്രമേ അറിയൂ. എല്ലാം കണ്ടുപിടിക്കുന്ന ശാസ്ത്രജ്ഞൻമാർക്കും മുമ്പേ പറയുവാൻ കഴിയുകയില്ല. ഏതു വമ്പന്മാരും ഈ ഒരു കാര്യത്തിൽ അശക്തനാണ്. ഈ നാടകവേദിയിൽനിന്ന് ഓരോരുത്തരും ഇറങ്ങുമ്പോഴും ഇന്നല്ലങ്കിൽ നാളെ നാം ഇറങ്ങി കൊടുക്കണമെന്നുള്ള മുന്നറിയിപ്പും തന്നിട്ടാണ് അവരിറങ്ങിപ്പോകുന്നത്. ആളും ആരങ്ങും ഉപേക്ഷിച്ചു ഈ ജീവിതമാകുന്ന നാടകത്തിന്റെ നമ്മുടെ എല്ലാ ഇടപാടുകളും കഴിഞ്ഞ് നമ്മൾ പടിയിറങ്ങും. എത്ര നല്ല രീതിയിൽ അഭിനയിച്ചവരാണെങ്കിലും തിരിച്ചെടുക്കില്ല. ലോകത്തിൽ നമ്മൾ അസൂയപ്പെടാത്തകാര്യം മരണമാണ്. മറ്റെല്ലാം നമ്മളെ പറ്റിക്കും, മരണം മാത്രം നമ്മളെ പറ്റിക്കാതെ പറഞ്ഞ വാക്കു പാലിക്കും. നാടകവേദിയിൽ കുറ്റങ്ങൾമാത്രം കണ്ടുപിടിച്ചവർ ഇറങ്ങിക്കഴിയുമ്പോൾ അവരുടെ നന്മകൾ പറയും. പുച്ഛത്തോടെ സഹകരിച്ചവർ ഇറങ്ങുന്ന സമയമാകുമ്പോൾ അറിയാതെ ആണെങ്കിലും കണ്ണിൽ നനവുണ്ടാകും. കൂടെ ഉണ്ടായിരുന്നപ്പോൾ ഒന്നടുത്തിരിക്കാൻപോലും മടിച്ചവർ ഇറങ്ങിക്കഴിയുമ്പോൾ ഒരു ഉമ്മ കൊടുക്കാൻ തയ്യാറാകും. ഈ അംഗീകാരങ്ങളൊക്കെ ജീവിച്ചിരിക്കുമ്പോൾ കിട്ടിയില്ലെങ്കിൽ എന്തു പ്രയോജനം. ജിവിതത്തിന് ഒരു അവസാനമുണ്ടെന്നും അത് എപ്പോഴോ എവിടെവച്ചോ എങ്ങനെയോ എന്നും ആരും അറിയുന്നില്ല. ഒരു നിമിഷനേരത്തേ guarantee മനുഷ്യ ജീവിതത്തിന് ആരും തന്നിട്ടില്ല, തരാൻ പോകുന്നുമില്ല. ക്രോധദിവസത്തിൽ ധനംകൊണ്ട് ഒരു പ്രയോജനവുമില്ല (സദൃശ്യ. 11:4). അകമേ വിശുദ്ധി ഉള്ളവരെ ആർക്കും തോൽപ്പിക്കാൻ ആകില്ല. കുളിർമ നിറഞ്ഞ കാര്യങ്ങൾ മാത്രമാണ് എല്ലാവർക്കും സംതൃപ്തി നല്കുന്നത്. ഓരോരുത്തർക്കും ലഭിക്കുന്ന സന്തോഷമനുസരിച്ച് ആത്മഹർഷത്തോടെ പെരുമാറും. അവഹേളനമോ, പ്രതിഷേധമോ നേരിടേണ്ടി വന്നാൽ അപ്പോഴറിയാം ഉള്ളിലുള്ളതൊക്കെ. ഇപ്പോൾ നമ്മുടെ സമുദായത്തിൽ ഇതു കണ്ടുകൊണ്ടിരിക്കയല്ലേ.


ഒരിക്കൽ ഒരു പള്ളിയിൽ ഒരു മോഷ്ടാവ് മോഷ്ടിക്കാൻ കയറി. ആ ആലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പിതാവിനോട് കള്ളൻ കത്തിചൂണ്ടി പറഞ്ഞു, വേഗം പണമെടുത്തോ. ഉടൻതന്നെ ആ പിതാവ് പറഞ്ഞു ആ അലമാരിയിൽ പണം ഇരിപ്പുണ്ട്. നിനക്ക് ആവശ്യമുള്ളത് എടുത്തോ എന്നെ ശല്യപ്പെടുത്തരുതെന്ന്. മുഴുവൻ പണവും എടുത്ത് പോകാനൊരുങ്ങിയ കള്ളനോടു പിതാവുപറഞ്ഞു ഇത്രയും പണം വെറുതെ കിട്ടിയിട്ടും നീ ഒരു നന്ദിവാക്കു പോലും പറയാതെയാണോ പോകുന്നത്. കള്ളൻ അതുകേട്ട് ഒരു നന്ദിവാക്കും പറഞ്ഞുപോയി. രണ്ടു ദിവസം കഴിഞ്ഞ് ആ കള്ളനേയും പിടിച്ചുകൊണ്ട് രണ്ടു പോലീസുകാർ പള്ളിയിൽ വന്നു. കാര്യങ്ങൾ വിശദീകരിച്ച പോലീസിനോട് പിതാവ് പറഞ്ഞു ഞാൻ അവനു കൊടുത്ത പണമാണ്, അവൻ നന്ദിയും പറഞ്ഞിട്ടാണ് പോയത് പിതാവിന്റെ കാല്ക്കൽ ആ കള്ളൻ വീഴുകയും അന്നുമുതൽ ആ ആലയത്തിലെ ശുശ്രൂഷകനായി മാറുകയും ചെയ്തു. തൊലിപ്പുറത്തു മാത്രമുള്ള ദിവ്യലക്ഷണംകൊണ്ട് ഒരു ആത്മാവും രക്ഷപെടില്ല. പള്ളിയിൽ കയറിയ കള്ളനെ ആരെങ്കിലും ഉപദേശിക്കാൻ ചെന്നോ; പിതാവിന്റെ പ്രവൃത്തി ആ കള്ളനെ മാനസാന്തരപ്പെടുത്തി.

നമ്മളു പാടും അഗ്നികുണ്ഠത്തിലും സിംഹക്കുഴിയിലും ദാനിയേലിന് ദൈവം എൻ കൂട്ടാളിയാണ്. സ്വന്ത സഹോദരർ തള്ളിക്കളയിലും ദൈവം എൻ കൂട്ടാളിയാണ്. കൂട്ടാളി ആകണമെങ്കിൽ അവരുടെ ജീവിത രീതിയിലാണ് ദൈവം കൂട്ടുനിന്നത്. ഇതു നമുക്കു പാടി ദൈവത്തെ പറ്റിയ്ക്കാൻ മാത്രം കഴിയും. ജീവിതത്തിൽ ഇതുമായിട്ടൊന്നും യാതൊരു ബന്ധവുമില്ല. നമുക്ക് ദൈവത്തിന്റെ കൂട്ടാളി പ്രവൃത്തിയിൽ കൂടെ ആകാൻ പരിശ്രമിക്കാം.

●

---

**19 – ാം ചരമവാർഷികം**
**14-09-2024**



**പി. കെ. ഇടിക്കുള**
**പുന്നാറ്റുശ്ശേരിൽ**
**നന്നാട്, തിരുവൻവണ്ടൂർ**

**സന്തപ്ത കുടുംബാംഗങ്ങൾ**

**05 – ാം ചരമവാർഷികം**
**11-10-2024**



**ഒ. യു. ഉലഹന്നാൻ**
**മോളേൽ (ഒലിയപ്പുറത്ത്)**
**രാമമംഗലം**

**സന്തപ്ത കുടുംബാംഗങ്ങൾ**



## മല്പാനോടു ചോദിക്കാം

# കൈവെയ്പ്പു ശുശ്രൂഷയുടെ വേദപുസ്തക അടിസ്ഥാനം എന്ത്?

ദൈവികദാനങ്ങളായ അനുഗ്രഹം, രോഗശാന്തി, ഉത്തരവാദിത്വങ്ങൾ, അധികാര കൈമാറ്റം തുടങ്ങി വ്യത്യസ്ഥ ഉദ്ദേശങ്ങളോടു കൂടിയ കൈവെയ്പ്പുശുശ്രൂഷ വി. ബൈബിളിൽ കാണാം. ഒരാളിലുള്ള അനുഗ്രഹങ്ങളും അധികാരങ്ങളും മറ്റൊരാൾക്കു നൽകുന്നതിന് നിയോഗത്തോടുകൂടി പ്രാർത്ഥനാപൂർവ്വം കൈവെയ്ക്കുമ്പോൾ അവയ്ക്കനുസൃതമായ ദൈവാനുഗ്രഹം ലഭിക്കുന്നു. കൈവയ്ക്കുന്ന ആൾ പ്രാർത്ഥിക്കുന്ന കാര്യം ആ ശുശ്രൂഷയിലൂടെ അർത്ഥിക്കു ലഭിക്കുന്നു. ദൈവനിയോഗിതരായ മനുഷ്യരാണ് കൈവയ്ക്കുന്നതെങ്കിലും അവിടെ പ്രവർത്തിക്കുന്നതു ദൈവമാണ്.

പൂർവ്വപിതാവായ യാക്കോബ് തന്റെ മകൻ ജോസഫിന്റെ മക്കളായ എഫ്രയിമിന്റേയും മനശെയുടേയും തലയിൽ കൈപിണച്ചുവച്ച് (കുരിശാകൃതി) അനുഗ്രഹിക്കുകയും തൽഫലമായി അവർ ഇസ്രായേലിലെ രണ്ടു ഗോത്രങ്ങളായി ഇസ്രായേലിന്റെ (യാക്കോബിന്റെ) മക്കൾക്ക് തുല്യരായി (ഉല്പ. 48:13-16).

ദൈവം മോശയോട് അരുളിചെയ്തു. "നൂന്റെ മകനും ആത്മാവ് കുടികൊള്ളുന്നവനുമായ യോശുവായെ വിളിച്ച് അവന്റെ മേൽ നിന്റെ കൈവയ്ക്കുക. പുരോഹിതനായ ഏലയാസാറിന്റേയും സമൂഹത്തിന്റേയും മുമ്പിൽ നിർത്തി അവർ കാൺകെ നീ അവനെ നിയോഗിക്കുക. ഇസ്രായേൽ ജനം അവനെ അനുസരിക്കേണ്ടതിന് നിന്റെ അധികാരം അവനു നൽകുക" (സംഖ്യ. 27:18-20). കർത്താവ് കല്പിച്ചതുപോലെ മോശ ചെയ്തു (സംഖ്യ. 27:22), ആവർത്തം 34:9).

ഇസ്രായേൽ ജനം മോശയുടെ പിൻഗാമിയായ യോശുവയെ അനുസരിച്ചതുപോലെ അപ്പോസ്തോലിക കൈവെപ്പുവഴി ദൈവികാധികാരം സ്വീകരിക്കുന്ന അപ്പോസ്തോലിക പിൻഗാമികളെ കേൾക്കാനും അനുസരിക്കാനും വിശ്വാസികൾക്ക് കടമയുണ്ട്.

നമ്മുടെ കർത്താവ് തന്റെ അടുക്കൽ കൊണ്ടുവന്ന ശിശുക്കളുടെമേൽ കൈവച്ച് അനുഗ്രഹിച്ചു (മത്തായി 19:15) "വൈകുന്നേരം ആയപ്പോൾ വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്നവരെയെല്ലാം അവർ യേശുവിന്റെ അടുത്ത് കൊണ്ടുവന്നു. ഓരോരുത്തരുടേയും മേൽ കൈവച്ച് അവർ അവരെ സുഖപ്പെടുത്തി (ലൂക്ക്.4:40). യേശുവിൽ വിശ്വസിക്കുന്നവർക്കും സൗഖ്യദായക വരം ലഭിക്കും. "അവർ രോഗികളുടെ മേൽ കൈവയ്ക്കും. അവർ സുഖം പ്രാപിക്കുകയും ചെയ്യും (മാർക്ക് 16:18).

വി. പൗലോസ് ശൗൽ ആയിരുന്നപ്പോൾ ദൈവപുരുഷനായ അനന്യാസിന്റെ കൈവെപ്പുവഴി പരിശുദ്ധാത്മ നിറവും കാഴ്ചയും (രോഗശാന്തി) പ്രാപിച്ചു (അപ്പോ.9:17-18). വി. പത്രോസും യോഹന്നാനും ശമര്യയിൽ ചെന്ന് അവിടെ ഉള്ളവരുടെ മേൽ കൈവച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചു (അപ്പോ. 8:15-17). വി.പൗലോസ് എഫേസൂസിൽ എത്തി യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചവരുടെ മേൽ കൈവച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്ന് അവർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. (അപ്പോ.19:6). കൂടാതെ മെലിത്ത എന്ന ദ്വീപിനു സമീപം പനിയും അതിസാരവും പിടിപെട്ട് കിടപ്പിലായിരുന്ന പുബ്ളിയോസ് എന്ന ദീപുപ്രമാണിയുടെ പിതാവിന്റെ മേൽ വി.പൗലോസ് കൈവച്ച് അവനെ സൗഖ്യമാക്കി (അപ്പോ.28:7-8). പരിശുദ്ധാത്മാവു നിർദ്ദേശപ്രകാരം അപ്പോസ്തോലന്മാർ ബർണബാസ്, ശൗൽ എന്നീ പ്രവാചകന്മാരെ ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെമേൽ കൈവച്ച് പറഞ്ഞയച്ചു (അപ്പോ.13:1-3).

വി.പൗലോസിന് അപ്പോസ്തോലന്മാരിൽ നിന്ന് കൈവെയ്പ്പ് ലഭിച്ചു എന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തുന്നു. ''നേതൃസ്തംഭങ്ങളായി ഗണിക്കപ്പെട്ടിരുന്ന യാക്കോബും കേപ്പായും യോഹന്നാനും ദൈവത്തിന്റെ കൃപ എനിക്കു ലഭിച്ചിരിക്കുന്നു എന്നു കണ്ട് തങ്ങളുടെ കൂട്ടായ്മയുടെ വലതുകരം എനിക്കും ബർന്നബാസിനും നീട്ടി തന്നു (ഗലാ.2:9). അപ്പോസ്തോലന്മാരിലൂടെ തനിക്കു ലഭിച്ച ദൈവികവരം പൗലോസ് തീമോത്തിയോസിനും തിരഞ്ഞെടുക്കപ്പെട്ടവർക്കും നൽകി (2 തിമോ.1:6). "പ്രവചനപ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പ്പുവഴിയും നൽകപ്പെട്ട കൃപാവരം അവഗണിക്കരുത് എന്നും തന്റെ കൈവയ്പ്പിലൂടെ ലഭിച്ച ദൈവികവരം ഉജ്ജ്വലിപ്പിക്കണം എന്നും (2 തിമോ.1:6) പൗലോസ് തീമോത്തിയോസിനെ ഉപദേശിച്ചു (1 തിമോ. 4:14). അപ്പോസ്തോലന്മാർ ഡീക്കന്മാരെ തിരഞ്ഞെടുത്ത് കൈവെയ്പ്പു നൽകി അവരെ ശുശ്രൂഷക്കായി നിയോഗിച്ചു. (അപ്പോ. 6:6).

പരി. സഭയുടെ ആരംഭകാലം മുതൽ അപ്പോസ്തോലന്മാരാൽ ശക്തമായ അടിസ്ഥാനം ഇടപ്പെട്ട് സഭയിൽ നടപ്പിലാക്കപ്പെട്ട കാര്യങ്ങളിൽ ഒന്നായിരുന്നു കൈവെയ്പ്പ് ശുശ്രൂഷ. നിർജ്ജീവ പ്രവൃത്തികളിൽ നിന്നുള്ള തിരിച്ചുവരവ്, ദൈവത്തിലുള്ള വിശ്വാസം, ജ്ഞാനസ്നാനത്തെ സംബന്ധിക്കുന്ന പ്രബോധനം, കൈവയ്പ്പ്, മരിച്ചവരുടെ ഉയർപ്പ്, ന്യായവിധി ഇവയ്ക്ക് വീണ്ടും ഒരടിസ്ഥാനം ഇടേണ്ടതില്ല" (എബ്രാ.6:2).

ചുരുക്കത്തിൽ കൈവയ്പ്പ് ശുശ്രൂഷ എന്നത് വി. വേദപുസ്തക അടിസ്ഥാനം ഉള്ളതും അപ്പോസ്തോലിക പിന്തുടർച്ചയും ആണ്.

# ചരമ പ്രസംഗങ്ങൾ

റ്റി.യു ജോസ്, തൈത്ര, കുറിച്ചി

മരണം ഏതു പ്രായത്തിലുള്ളവർക്കും എപ്പോൾ വേണമെങ്കിലും എവിടെവച്ച് വേണമെങ്കിലും എങ്ങനെ വേണമെങ്കിലും സംഭവിക്കുന്ന യാഥാർത്ഥ്യമാണല്ലോ? വാർദ്ധക്യത്തിലിരിക്കുന്ന മാതാപിതാക്കൾ, സഭയിലും സമൂഹത്തിലുമൊക്കെ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്ന പിതാക്കന്മാർ, സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള നേതാക്കന്മാർ വാർദ്ധക്യത്തിലും യൗവനത്തിലുമൊക്കെ ഈ ലോകത്തിൽനിന്ന് മാറ്റപ്പെടുന്നത് ഒരു നിത്യ സംഭവമാണല്ലോ? എത്രയോ യൗവനക്കാർ, മദ്ധ്യവയസ്ക്കർ തുടങ്ങിയവർ മാരക രോഗത്തിലും അപകടത്തിലുമൊക്കെപ്പെട്ട് തങ്ങളുടെ ഉറ്റവരെയും ഉടയവരെയും ദുഃഖത്തിലും സങ്കടത്തിലുമൊക്കെ ആക്കിക്കൊണ്ട് ഈ ലോകത്തിൽനിന്നു മാറ്റപ്പെടുന്നു.

സഭാപിതാക്കന്മാർ രാഷ്ട്രീയ സാമൂഹ്യ നേതാക്കന്മാർ തുടങ്ങിയവരുടെ നിര്യാണത്തിൽ അനുശോചന സമ്മേളനങ്ങൾ നടത്തപ്പെടുകയും അവർ സഭയ്ക്കും സമൂഹത്തിനുമൊക്കെ ചെയ്ത വിസ്മരിക്കുവാൻ പാടില്ലാത്ത നല്ല പ്രവർത്തനങ്ങളെ അനുസ്മരിച്ച് ഓരോ നേതാക്കന്മാരും സഭാപിതാക്കന്മാരും നേതൃസ്ഥാനികളുമൊക്കെ സംസാരിക്കുന്നു. എന്നാൽ വാർദ്ധക്യത്തിൽ മരണമടയുന്ന സാധാരണക്കാരായിട്ടുള്ളവരും സാമ്പത്തികമായി ഉയർന്ന നിലയിലുള്ള മക്കളുടെ മാതാപിതാക്കളുടെ സംസ്ക്കാരങ്ങൾ എത്ര ആർഭാടമായിട്ടാണ് നടത്തുന്നത്. കുറഞ്ഞ പക്ഷം ഒന്നോ രണ്ടോ മെത്രാപ്പോലീത്താമാരുടെയോ, പത്തുപതിനഞ്ച് വൈദീകരുടെയോ സാന്നിദ്ധ്യത്തിലായിരിക്കും സംസ്കാരം. പിന്നിട്ടുള്ള ചരമ പ്രസംഗംതന്നെ ക്ഷണിച്ചവരുമായിട്ടുള്ള അടുപ്പവും മറ്റും അനുസരിച്ചായിരിക്കും.

വാർദ്ധക്യത്തിലുള്ള മാതാപിതാക്കളെ തിരിഞ്ഞ് നോക്കാത്ത മക്കൾ, ഉദ്യോഗസ്ഥരായ മകനും ഭാര്യയുമൊക്കെ ജീവിച്ചിരിക്കുന്ന മാതാവിനെയോ പിതാവിനെയോ വീട്ടിൽ പൂട്ടിയിട്ടാണ് ജോലിക്കു പോകുന്നത്. വിശപ്പിനുള്ള ഭക്ഷണം പോലും കൊടുക്കാതെ കഷ്ടപ്പെടുത്തുന്ന മക്കളെ വളരെ വിരളമായിട്ടാണെങ്കിലും ഈ കാലഘട്ടത്തിൽ നമുക്ക് കാണുവാൻ സാധിക്കും. ഈ മാതാപിതാക്കൾക്ക് തങ്ങൾ ഇഷ്ടപ്പെടുന്ന ഭക്ഷണംപോലും ലഭിക്കാറില്ല. മക്കൾ കഴിക്കുന്ന രുചിയേറിയ ഭക്ഷണമൊന്നും ഈ പാവങ്ങൾക്ക് കൊടുക്കാറില്ല. എന്നാൽ ഈ മാതാപിതാക്കൾ മരിച്ച് കഴിഞ്ഞാൽ ഇക്കൂട്ടർ മറ്റുള്ളവരെ കാണിക്കാൻ എത്ര ആർഭാടമായിട്ടാണ് സംസ്കാരം നടത്തുന്നത്.

ഈ രീതിയിൽ മാതാപിതാക്കളോട് കാണിക്കുന്ന ക്രൂരത അടുത്തറിയാവുന്ന ബന്ധുക്കളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യത്തിൽ ചരമ പ്രസംഗകന്റെ പ്രസംഗം "മാതാപിതാക്കളെ ഇതുപോലെ സ്നേഹത്തോടും വാത്സല്യത്തോടും അന്വേഷിക്കുകയും പരിപാലിക്കുകയും ചെയ്തു. ഈ മാതാവിന്റെ മകന്റെയും സഹധർമ്മണിയുടെയും ശുശ്രൂഷകൾ ഈ മാതാവിന്റെ മരണംവരെ തനിക്ക് കാണുവാൻ ഇടയായിട്ടുണ്ട്." ദേവാലയത്തിൽ പോകുവാനും വി. കുർബ്ബാന അനുഭവിക്കുവാനും ഈ മാതാവിന് അതിയായ ആഗ്രഹം ഉണ്ടായിരുന്നുന്നെങ്കിലും ഒരു പ്രാവശ്യംപോലും ഈ മകനോ അവന്റെ ഭാര്യയോ ഈ മാതാവിനെ പള്ളിയിൽകൊണ്ടു പോയിട്ടില്ല. ഇതൊക്കെ ഇവരുടെ ബന്ധുക്കൾക്കും നാട്ടുകാർക്കുമൊക്കെ അറിവുള്ളതാണ്. ഇതൊക്കെ അറിഞ്ഞോ അറിയാതെയോണോ പ്രാസംഗികന്റെ വാഗ്ധോരണികൾ വീണ്ടും, "എല്ലാ ഞായറാഴ്ചയും മാറാനാ പെരുന്നാളുകളിലുമൊക്കെ ഈ മാതാവിനെ ഈ മകനും കുടുംബവും ദൈവാലയത്തിൽ കൊണ്ടുവരുകയും, കുർബ്ബാന അനുഭവിപ്പിക്കുകയും ഒക്കെ ചെയ്തിട്ടുണ്ട്. പിന്നെ മകനെക്കുറിച്ച്, മരുമകളെ, മകളെ, മരുമകനെ, കൊച്ചുമക്കളെക്കുറിച്ചുള്ള പുകഴ്ത്തലുകളും പൊങ്ങച്ചങ്ങളും ഇങ്ങനെ പോകുന്നു ചരമ പ്രസംഗം.

സത്യസന്ധമല്ലാത്ത ഇങ്ങനെയുള്ള പ്രസംഗങ്ങൾ കേൾക്കുമ്പോൾ ഈ മകന്റെയും ഭാര്യയുടെയുമൊക്കെ കാര്യങ്ങൾ അറിയാവുന്ന ആളുകൾ മൂക്കത്ത് കൈവെച്ച് പോകുന്ന കാഴ്ച നമുക്ക് കാണുവാൻ സാധിക്കും. ഇതുപോലെയുള്ള ചരമ പ്രസംഗം നടത്തുന്നവർ അവർ ആരുതന്നെ ആയാലും സത്യസന്ധമല്ലാത്തവയും മക്കളെക്കുറിച്ചുള്ള പുകഴ്ത്തലുകളും കേൾക്കുന്ന ആളുകൾ ഇവരെ പുഛത്തോടെ വീക്ഷിച്ചാൽ അവരെ കുറ്റപ്പെടുത്തുവാൻ പറ്റുമോ? നിര്യാതരായവർ ചെയ്ത നല്ല പ്രവർത്തനങ്ങൾ സത്യസന്ധമായി സംസാരിക്കുകയും ആത്മാവിന്റെ നിത്യതയേക്കുറിച്ചും മറ്റും ദൈവവചനത്തിൽനിന്ന് പറയുകയും വേർപാടിൽ ദുഃഖിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും പ്രസംഗം അവസാനിപ്പിച്ചാൽ അത് എത്ര അനുഗ്രഹമായിരിക്കും.

●

35 –ാം ചരമവാർഷികം
10-09-2024



ഇട്ടൻ ഏബ്രഹാം
(കുഞ്ഞുഞ്ഞുകുട്ടി)
കൊച്ചുപറമ്പിൽ വഴിയിൽ
ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ

19 –ാം ചരമവാർഷികം
01-10-2024



തങ്കമ്മ ചാക്കോ
തോമ്പുമണ്ണിൽ
അഞ്ചാനി, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ




# ഖുശ്വന്ത്സിങ്ങ് ചിരിയുടെയും ചിന്തയുടെയും എഴുത്തുകാരൻ

എബി

നിർഭയമായ രചനയിലൂടെയും കുറിക്കു കൊള്ളുന്ന പരിഹാസത്തിലൂടെയും വായനക്കാരുടെ ഹൃദയത്തിൽ അനിഷേധ്യമായ സ്ഥാനം പിടിച്ച എഴുത്തുകാരനാണ് ഖുശ്വന്ത്സിങ്ങ്. അദ്ദേഹം വെറുമൊരു എഴുത്തുകാരൻ മാത്രമായിരുന്നില്ല. രാജ്യത്ത് ഏറ്റവും കൂടുതൽ വായനക്കാരുള്ള പംക്തികാരനും നോവലിസ്റ്റും ഗ്രന്ഥകാരനുമൊക്കെയായി ഒരു നൂറ്റാണ്ടു മുഴുവൻ വായനക്കാരെ ചിരിപ്പിച്ചും ചിന്തിപ്പിച്ചും ജീവിച്ച ഒരു അതുല്യ പ്രതിഭയായിരുന്നു ഖുശ്വന്ത്സിങ്ങ്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ കോളം 'വിത്ത് മാലീസ് ടുവേഡ്സ് വൺ ആൻഡ് ഓൾ' എഴുതിയിരുന്നത് ഇംഗ്ലീഷിലായിരുന്നെങ്കിലും ഇൻഡ്യയിലെ എല്ലാ ഭാഷയിലും ഏതെങ്കിലും പത്രം അത് പ്രസിദ്ധീകരിച്ചിരുന്നു. ഖുശ്വന്ത്സിംങ്ങിന് ഏറ്റവും പ്രശസ്തി സമ്മാനിച്ച പുസ്തകം "Train to Pakistan'' എന്ന നോവലാണ്.



ഇപ്പോൾ പാക്കിസ്ഥാനിലായിരുന്ന ഹദാളിയിലാണ് ഖുശ്വന്ത്സിങ്ങ് ജനിച്ചത്. അത് 1915 ഫെബ്രുവരി 2 നായിരുന്നു. അച്ഛൻ ശോഭാസിങ് ഒരു പ്രമുഖ കോൺട്രാക്ടറായിരുന്നു. ഡൽഹിയുടെ നിർമ്മാണത്തിൽ ശോഭാസിങ്ങിനും പിതാവ് സുജൻസിങ്ങിനും പ്രമുഖ പങ്ക് ഉണ്ടായിരുന്നു. അതിന്റെ സ്മരണക്കായി സ്ഥാപിച്ച സുജൻസിങ്ങ് പാർക്ക് പ്രദേശത്താണ് വുശ്വന്ത്സിങ്ങ് താമസിച്ചിരുന്നത്.

ഡൽഹിയിലെ മോഡേൺസ്കൂൾ, സെന്റ്സ്റ്റീഫൻസ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. പിന്നീട് കുറച്ചുകാലം അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു. അതിനുശേഷം 1947-ൽ വിദേശകാര്യ മന്ത്രാലയത്തിൽ ചേർന്നു.

1939-ൽ കാവൽ മാലിക്കിനെ വിവാഹം ചെയ്തു. മക്കൾ-മാലാസിങ്ങ്, രാഹുൽസിങ്ങ്. 2001-ൽ ഭാര്യ മരിച്ചു. ഭാര്യയെപ്പറ്റി അദ്ദേഹം പറഞ്ഞതിങ്ങനെയാണ്. "ഇത്രയും സൗന്ദര്യമുള്ള ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടേയില്ല."

എഴുത്തിൽ മാത്രമല്ല ജീവിതത്തിലും വുശ്വന്ത് വ്യത്യസ്ഥത പുലർത്തിയിരുന്നു. അദ്ദേഹത്തെ കാണണമെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങണം. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വീട്ടിലെ കോളിംഗ്ബെല്ലിനു മുകളിൽ ഇങ്ങനെ എഴുതി വച്ചിരുന്നത്.

"നിങ്ങൾ പ്രതീക്ഷിക്കപ്പെടുന്നില്ലെങ്കിൽ ഈ മണി അടിക്കരുത്."

മഞ്ഞ നിറത്തിലുള്ള കടലാസിലാണ് അദ്ദേഹം എഴുതിയിരുന്നത്. എന്നാൽ സുമുഖനായ ഈ എഴുത്തുകാരന്റെ കൈയ്യക്ഷരത്തിനു ആ സൗന്ദര്യം ഇല്ലായിരുന്നു. കുനുകുനാന്നുള്ള ആ അക്ഷരങ്ങൾ വായിച്ചെടുക്കാൻ നാല്പതു വർഷത്തോളം അദ്ദേഹത്തിന്റെ ടൈപ്പിസ്റ്റായിരുന്ന ലക്ഷ്മൺദാസിനു മാത്രമേ കഴിഞ്ഞിരുന്നുള്ളു.

30 നോവലുകളും ഒട്ടനവധി ചെറുകഥാ സമാഹാരങ്ങളും രചിച്ചിട്ടുള്ള ഖുശ്വന്ത്സിങ്ങിന് പ്രശസ്തി നേടിക്കൊടുത്ത പുസ്തകമാണ് "Train to Pakistan.'' 1947-ലെ ഇൻഡ്യാ പാക്ക് വിഭജനത്തിന്റെ ഹൃദയ സ്പർശിയായ വിവരണമാണിത്. കൂടാതെ "ഐ ഷാൽ നോട്ട് ഹിയർ ദി നേറ്റിംഗേൽ", "The company of women. തുടങ്ങിയവയും ശ്രദ്ധേയങ്ങളാണ്.

മാദ്ധ്യമ പ്രവർത്തന മേഖലയിലെ സംഭാവനകൾക്ക് 1947-ൽ കേന്ദ്ര സർക്കാർ പത്മഭൂഷൺ ബഹുമതി നൽകി ആദരിച്ചു. എന്നാൽ 1984-ൽ സുവർണ്ണ ക്ഷേത്രത്തിലേക്ക് സൈനികരെ അയച്ച നടപടിയിൽ പ്രതിഷേധിച്ച് ഖുശ്വന്ത് ബഹുമതി തിരിച്ചു നൽകി. പിന്നീട് 2007-ൽ പത്മവിഭൂഷൺ നൽകി. 1980 മുതൽ 1986 വരെ രാജ്യസഭാംഗമായും സേവനമനുഷ്ഠിച്ചു.

അസാധാരണ ജ്ഞാനമായിരുന്നു ഖുശ്വന്ത് സിങ്ങിന്. വായനക്കായി ചുരുങ്ങിയത് ദിവസം 6 മണിക്കൂറെങ്കിലും അദ്ദേഹം ചെലവിട്ടു. അത്താഴം കഴിച്ച് 9 മണിയാകുമ്പോൾ ഉറങ്ങാൻ കിടക്കും. പുലർച്ച നാലു മണിക്ക് എഴുന്നേറ്റ് എഴുത്തും വായനയും തുടങ്ങും. നല്ലയൊരു പ്രകൃതി സ്നേഹിയായിരുന്നു അദ്ദേഹം. പക്ഷികളെയും പൂക്കളെയും സ്നേഹിച്ചു. നല്ല കായികക്ഷമത വച്ചു പുലർത്തി. 80 കളിലും ടെന്നീസ് കളിക്കുമായിരുന്നു. 84 വയസ്സുവരെ വാഹനങ്ങൾ സ്വയം ഓടിച്ചു.

പൊതുജീവിതം നന്നായി ആസ്വദിച്ച വ്യക്തിയായിരുന്നു ഖുശ്വന്ത്സിങ്ങ്. പല രാജ്യങ്ങളിലെയും പ്രധാനമന്ത്രിമാരുമായും പ്രസിഡന്റുമാരുമായും നല്ല അടുപ്പമുണ്ടായിരുന്നു. നെഹ്റുവിനോടുള്ള അടുപ്പം അദ്ദേഹത്തെ ലണ്ടനിലെ ഇൻഡ്യൻ ഹൈക്കമ്മീഷനിൽ P.R.O. പദവിയിലെത്താൻ സഹായിച്ചു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുമായി ഉറ്റ സൗഹൃദമുണ്ടായിരുന്നെങ്കിലും അവരുടെ പല നടപടികളെയും നിശിതമായി വിമർശിക്കാൻ മടിച്ചിരുന്നില്ല. അടിയന്തിരാവസ്ഥക്കാലത്തെ പത്രങ്ങളുടെ സെൻസർഷിപ്പിനെ രൂക്ഷമായി വിമർശിക്കുകയും എതിർക്കയും ചെയ്തു. യുവ എഴുത്തുകാരോട് എന്നും മമത കാട്ടിയ ഖുശ്വന്ത് അവരെ പ്രോത്സാഹിപ്പിക്കാനും മടികാണിച്ചില്ല. വി.എസ്. നായ്പ്പോൾ, വേദ് മേത്ത, ഷഷ്ടിബ്രത തുടങ്ങിയവരെ തന്റെ പ്രസിദ്ധീകരണങ്ങളിലൂടെ ഖുശ്വന്ത് ഇൻഡ്യയിൽ പ്രസിദ്ധരാക്കി. സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും സമൂഹത്തിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മരണംവരെ എഴുത്തു തുടർന്നു. അദ്ദേഹത്തിന്റെ അനേക കൃതികൾ ഇന്നും പ്രസിദ്ധീകരിക്കപ്പെടാതെയുണ്ട്.

ആയിരക്കണക്കിന് എഴുത്തുകാരെ ചിന്തിക്കാനും ചിരിപ്പിക്കാനും സ്വയം കണ്ടെത്താനും സഹായിക്കാൻ കഴിഞ്ഞ ആ ബഹുമുഖ പ്രതിഭ 99-ാമത്തെ വയസ്സിൽ 2014 മാർച്ച് 20 ന് ചിരിയില്ലാത്ത ലോകത്തേക്ക് യാത്രയായി.

എങ്കിലും ഒരു ബൾബിനുള്ളിൽ പുസ്തകവും സുന്ദരി ചിത്രവും ഒരു ഗ്ലാസ് മദ്യവുമായി ഇരിക്കുന്ന സർദാർജിയുടെ രേഖാചിത്രം നമ്മുടെ മനസ്സിൽ എന്നും മായാതെ നിൽക്കും.

# നിത്യ സത്യങ്ങളെക്കുറിച്ചുള്ള വിചിന്തനങ്ങൾ

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

മരണംമൂലം മറുലോകം പ്രാപിച്ച ഒരു മനുഷ്യന്റെ അവസ്ഥയെ ഇവിടെ ചിത്രീകരിക്കുകയാണ്. "നീ പൊടിയാണ്. പൊടിയിലേക്കുതന്നെ നീ മടങ്ങും" എന്നാണല്ലോ ഉല്പ.3:19 ലൂടെ വചനം പറയുന്നത്.

**A) മരണക്കിടക്കയിൽ കിടക്കുന്ന മൃതശരീരം**

പൊടികൊണ്ടു നിർമ്മിക്കപ്പെട്ട മനുഷ്യാ, നീ പൊടിയിലേക്കു തന്നെ മടങ്ങും. ഒരുനാൾ നീ മരിക്കുകയും, കല്ലറയിൽ അടക്കപ്പെടുകയും, കീടങ്ങളും, പുഴുക്കളും നിന്നെ പൊതിയുകയും ചെയ്യും (യെശ.14:11). ഉന്നതകുല ജാതൻ, പ്രഭു, നാട്ടിൻപുറത്തുകാരൻ, രാജകുമാരൻ, അടിയാൻ എന്നീ വ്യത്യാസങ്ങൾ ഒന്നുമില്ലാതെ എല്ലാവരും പൊടിയിലേക്കുതന്നെ മടങ്ങും. ശരീരത്തിൽനിന്നും ആത്മാവ് വേർപെടുന്ന സമയത്ത് അത് നിത്യതയിലേക്കും ശരീരം പൊടിയിലേക്കും മടങ്ങും.

മരിച്ചുകിടക്കുന്ന ഒരു വ്യക്തിയെ ഒന്നു ശ്രദ്ധിക്കുക. കിടക്കയിൽ കിടക്കുന്ന ആ വ്യക്തിയുടെ ശിരസ്സ് നെഞ്ചിലേക്ക് വീണു കിടക്കുന്നു. ചീകിവെയ്ക്കാത്ത മുടിയും താണുപോയ കണ്ണുകളും ഇരുമ്പുപോലെ ദൃഢമായിപ്പോയ നാവും, ചുണ്ടുകളും, തണുത്ത് ഭാരംകൂടിയതുമായ ആ ശരീരം കണ്ടുകഴിയുമ്പോൾ ആ വ്യക്തിയുടെ സുഹൃത്തിനോ, ബന്ധുവിനോ അവരുടെ ജീവിതത്തിൽ എന്തെങ്കിലും പരിവർത്തനമോ, ലൗകീകതയിൽ നിന്നും വിടുതലോ ഉണ്ടാകാറുണ്ടോ? ഉണ്ടെങ്കിൽത്തന്നെ എത്ര പേർക്ക്? മരിച്ച് ഒരു ദിവസം കഴിയുമ്പോൾ തന്നെ ആ ശരീരത്തിൽ നിന്ന് ദുർഗന്ധം വമിക്കുവാൻ തുടങ്ങും. ഈ ദുർഗന്ധം അകറ്റുവാൻ സുഗന്ധ ദ്രവ്യങ്ങൾ അല്ലെങ്കിൽ കുന്തിരിക്കം ഇവയൊക്കെ ഉപയോഗിക്കേണ്ടതായി വരും. അങ്ങനെ ഈ ശരീരം സംസ്കരിക്കുന്നതിനായി പള്ളിയിലേക്ക് മാറ്റുന്നതിനായുള്ള ആലോചനകൾ തുടങ്ങും. ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന നർമ്മം കലർന്ന സംസാരശൈലി, കാരുണ്യം, നല്ല പെരുമാറ്റങ്ങൾ എന്നിവ എല്ലാവരുടേയും ഇടയിൽ പ്രസിദ്ധമായിരുന്നെങ്കിലും മരണശേഷം ഇവയെല്ലാം അവർ മറക്കുന്നു. മരിച്ച് അല്പകാലം കഴിയുമ്പോൾ അവരുടെ ദുഃഖം വർദ്ധിപ്പിക്കും എന്ന കാരണം പറഞ്ഞ് സ്വന്തം ബന്ധുക്കൾപോലും അവരുടെ പേരുപോലും പറയുവാൻ മടിക്കുന്നു. ഇനി ആരെങ്കിലും അവരെക്കുറിച്ച് സംസാരിക്കുമ്പോൾ അവരെക്കുറിച്ച് പറഞ്ഞ് ഓർമ്മിപ്പിക്കാതിരിക്കുവാൻ അവർ അപേക്ഷിക്കുകയും ചെയ്യും. നമ്മുടെ മരണശേഷവും നമ്മുടെ ബന്ധുക്കളിൽനിന്നും കൂട്ടുകാരിൽനിന്നും ഇതുതന്നെ പ്രതീക്ഷിക്കാം. സ്വന്തം വീട്ടുകാരും അടുത്ത ബന്ധുക്കളും ഒക്കെ ആ വ്യക്തിയുടെ വസ്തുവകകൾ എങ്ങനെ തങ്ങൾക്ക് ലഭിക്കും എന്നതിനെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങും. അങ്ങനെ കുറച്ചുകാലം കഴിയുമ്പോൾ നിങ്ങൾ അവരുടെ സന്തോഷത്തിന്റെ ഉറവിടമായി മാറുകയും ചെയ്യും. ഇങ്ങനെയൊക്കെ സംഭവിക്കുമ്പോൾ മരണശേഷം നിങ്ങളുടെ ആത്മാവിന്റെ അവസ്ഥയോ അത് എവിടെയായിരിക്കുമെന്നോ ജീവിച്ചിരിക്കുമ്പോൾ ചിന്തിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

**പ്രാർത്ഥന**

രക്ഷകനായ 'യേശുവേ', ഞാൻ മാരകമായ പാപാവസ്ഥയിൽ ആയിരുന്നപ്പോഴും അങ്ങേയ്ക്കെതിരായി പ്രവർത്തിച്ചപ്പോഴും എന്റെ ജീവനെ തൽക്ഷണം അവിടുന്ന് തിരിച്ചെടുക്കാതിരുന്നതിനാൽ ഞാൻ അങ്ങയോട് നന്ദി പറയുന്നു. അപ്രകാരം സംഭവിച്ചിരുന്നുവെങ്കിൽ അങ്ങയോടൊപ്പമുള്ള എന്റെ നിത്യതയ്ക്ക് എന്തു സംഭവിക്കുമായിരുന്നു? എന്റെ അവസ്ഥവെച്ച് അങ്ങയുടെ കരുണ സ്വീകരിക്കുവാൻപോലും ഞാൻ അയോഗ്യനാണ്. അങ്ങ് എന്നോട് ക്ഷമിച്ചിട്ടുപോലും ഞാൻ വീണ്ടും പാപങ്ങൾ ചെയ്തു പോയി. തകർന്നും നുറുങ്ങിയും ഇരിക്കുന്നു ഹൃദയത്തെ അവിടുന്ന് നിരസിക്കുകയില്ല എന്നാണല്ലോ ദൈവവചനം പറയുന്നത്. അവിടുത്തെ ആഴമായ കരുണയെപ്രതി എന്നിൽനിന്ന് അവിടുത്തെ മുഖം തിരിക്കരുതെ (യോഹ.6:37). അങ്ങ് കാൽവരിയിൽ ചൊരിഞ്ഞ തിരുരക്തത്തെ പ്രതി മാനസാന്തരത്തോടെ അങ്ങയുടെ പക്കലേക്ക് കടന്നുവരുന്ന എന്നോട് ക്ഷമിക്കേണമേ. അവിടുന്ന കൃപ അയച്ച് ഭാവിയിൽ അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ അനുഗ്രഹിക്കേണമെ. എന്റെ ആശ്രയമായ ദൈവമാതാവേ, എനിക്കായി പ്രാർത്ഥിക്കേണമേ.

**B) ശ്മശാനത്തിൽ കിടക്കുന്ന മൃതശരീരം**

ശ്മശാനത്തിൽ കിടക്കുന്ന മൃതശരീരത്തിന് നിറംമാറ്റം സംഭവിക്കുകയും, തുടർന്ന് അതിൽ നിന്നും ഒട്ടിപ്പിടിക്കുന്ന ദുർഗന്ധമുള്ള കൊഴുപ്പുള്ള ഒരു ദ്രാവകം പുറത്തേക്ക് ഒഴുകുവാൻ തുടങ്ങും. അതിലുള്ള പുഴുക്കൾ ആ ശരീരത്തെ തന്റെ ഭക്ഷണമാക്കി മാറ്റും. ചിഞ്ഞ മാസം മുഴുവൻ പുഴുക്കൾ ഭക്ഷിച്ചതിനുശേഷം പിന്നീട് അവശേഷിക്കുന്നത് ആ മനുഷ്യന്റെ അസ്ഥിപഞ്ജരം മാത്രമായിരിക്കും. കുറച്ചുനാൾ കഴിയുമ്പോൾ അവയിൽ നിന്നും അസ്ഥിയുടെ ഭാഗങ്ങൾ വേർപെടുകയും അവ ശ്മശാനത്തിൽ ചിതറിക്കിടക്കുകയും ചെയ്യും. അത് ധ്യാനം മെതിക്കുന്ന കളത്തിൽ ചിതറിക്കിടക്കുന്ന ഉമി (പതിര്) പോലെ ചിതറി കിടക്കും. കാറ്റടിക്കുമ്പോൾ അതിനെ പറത്തിക്കളയുകയും ചെയ്യും. മെതിക്കളത്തിൽ കാറ്റടിക്കുമ്പോൾ ചിതറിപ്പോകുന്ന ഉമി (പതിര്) യുടെ അവസ്ഥയല്ലെ മരണശേഷം നമുക്ക് സംഭവിക്കുന്നതെന്ന് വെറും പൊടിയിൽ നിർമ്മിതമായ മനുഷ്യരായ നാം മനസ്സിലാക്കിയാൽ എത്ര നന്നായിരുന്നു.

ശ്മശാനത്തിൽ അടക്കം ചെയ്യപ്പെട്ട വ്യക്തിയുടെ ഭവനത്തിലേക്ക് നമുക്ക് മടങ്ങി വരാം. അദ്ദേഹം ഉപയോഗിച്ചിരുന്ന കിടക്ക, വസ്ത്രങ്ങൾ, വസ്തുവകകൾ എല്ലാം ഇപ്പോൾ മറ്റുള്ളവരിലേക്ക് കൈമാറ്റപ്പെട്ടു കഴിഞ്ഞു. അദ്ദേഹത്തെ ഇനി കാണണമെങ്കിൽ ആ ശ്മശാനത്തിൽ പോകേണ്ടിവരും. അവിടെ കുറച്ചു ജീർണ്ണിച്ച അസ്ഥിഭാഗങ്ങളായി ആ വ്യക്തി അവശേഷിക്കുന്നു. ജീവിച്ചിരുന്നപ്പോൾ സുഖഭോഗങ്ങളിലും മോടിയിലും ആഡംബരങ്ങളിലും അനേകം ദാസന്മാരാൽ ശുശ്രൂഷകൾക്കു പാത്രമായിരുന്ന ആ വ്യക്തിയുടെ ഇപ്പോ

ഴത്തെ അവസ്ഥ എന്താണ്? എന്നാൽ ജീവിച്ചിരുന്നപ്പോൾ ദൈവസ്നേഹത്തിൽ നിറഞ്ഞ് ഇന്ദ്രിയ നിഗ്രഹം നടത്തി ലോകമോഹങ്ങളെ കീഴ്പ്പെടുത്തിയ വിശുദ്ധരായ വ്യക്തികളുടെ അസ്ഥികൾ ഇന്ന് "തിരുശേഷിപ്പുകളായി ബഹുമാനിക്കപ്പെടുന്നു. അവരുടെ ആത്മാക്കൾ ദൈവത്തോടൊത്തു ചേർന്ന് ആനന്ദം അനുഭവിക്കുന്നു. ജീവിച്ചിരുന്നപ്പോൾ യേശുവിന്റെ സഹനത്തോട് തങ്ങളുടെ സഹനങ്ങളെ ചേർത്തുവച്ച അവരുടെ അസ്ഥികൾ ശരീരത്തിന്റെ ഉയിർപ്പിനായി കാത്തിരിക്കുന്നു. അതായത് നിത്യജീവനിലേക്കുള്ള ഉയിർപ്പിനായി ശരീരത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവർ ശാരീരിക സുഖങ്ങളെ വർജിക്കുന്നവരും ശാരീരികാഭിലാഷങ്ങളെ അവഗണിക്കുന്ന വരും ആയിരിക്കും. അവർക്ക് നിത്യജീവിതത്തിലേക്ക് പ്രവേശിക്കുവാൻ എളുപ്പമായിരിക്കും.

**പ്രാർത്ഥന**

എന്റെ യേശുവേ, എന്റെ ശരീരംകൊണ്ട് അങ്ങയെ ഞാൻ എത്രയധികം അപമാനിക്കുകയും മുറിപ്പെടുത്തുകയും ചെയ്തു. അതിപ്പോൾ പുഴുവരിച്ച്, ജീർണ്ണിച്ച് കിടക്കുന്നു വല്ലോ. അല്ലെങ്കിലും അതിന് അപ്രകാരം സംഭവിക്കുവാനുള്ളതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. നികൃഷ്ടമായ ശാരീരിക അഭിലാഷങ്ങൾക്കും സുഖലോലുപതയ്ക്കും ഞാൻ അടിമപ്പെട്ടതുവഴി അങ്ങേയ്ക്ക് വേദന ഉളവാക്കിയതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. എങ്കിലും അവിടുത്തെ ആഴമായ കരുണയിൽ ഞാൻ ആശ്രയിക്കുന്നു. "നിന്നോട് ഔദാര്യം കാണിക്കുവാൻ കർത്താവ് കാത്തിരിക്കുന്നു" (യെശ. 30:18) എന്ന വചനത്തിലൂടെ അങ്ങ് എന്നോട് ക്ഷമിക്കുവാനായി കാത്തിരിക്കുന്നുവെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എന്റെ മാനസാന്തരം മാത്രമാണ് ഇതിനായി അവിടുന്ന് പ്രതീക്ഷിക്കുന്നതെന്ന് എനിക്ക് വ്യക്തമാകുന്നു. ഞാൻ ഇനിയൊരിക്കലും പാപം ചെയ്യുകയില്ല. അങ്ങയുടെ ദീർഘക്ഷമയെ ഞാൻ ഒരിക്കലും ദുർ വിനിയോഗം ചെയ്യുകയില്ല. എന്റെ ക്രൂശിതനായ സ്നേഹമേ, എന്റെ മരണസമയത്ത് കൈയ്യിൽ കുരിശുരൂപം പിടിപ്പിക്കുന്നതിനായി ആരെങ്കിലും വരുന്നതുവരെ ഞാൻ ഇനിയും കാത്തിരിക്കുകയില്ല. ഈ നിമിഷം തന്നെ ഞാൻ അങ്ങയെ ആലിംഗനം ചെയ്യുന്നു. ഞാൻ അങ്ങയോടൊപ്പം ചേരുന്നു. അങ്ങയെ വിട്ട് ഞാൻ ചരിക്കുകയില്ല എന്ന് ഉറപ്പ് നൽകുന്നു. 'ദൈവമാതാവേ' എന്നെ യേശുവിനോട് ചേർത്തുനിർത്തി ഒരിക്കലും ഉപേക്ഷിക്കാതിരിക്കാനുള്ള കൃപ എനിക്ക് വാങ്ങിച്ചു തരണമേ എന്ന് ഞാൻ അപേക്ഷിക്കുന്നു.

**C) നമ്മുടെ ആത്മാവിനെ രക്ഷിക്കുവാനായി തീവ്രമായി അധ്വാനിക്കുക**

ശരീരത്തിലുള്ളതെല്ലാം മരണത്തോടുകൂടി അവസാനിക്കുന്നു. പിന്നീട് ബാക്കി നിൽക്കുന്നത് ആത്മാവാണ്. ഈ ആത്മാവുകൂടി നഷ്ടപ്പെട്ടാൽ നമുക്കുണ്ടായിരുന്നതെല്ലാം നഷ്ടമാകുന്നു. ഇപ്പോൾ നിങ്ങൾ ജീവിച്ചിരിക്കുന്നു. എന്നാൽ ഒരു ദിവസം നിങ്ങൾ മരിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടും. ഒരു കപ്പലിനെ അപകടത്തിൽപ്പെടാതെ മുമ്പോട്ട് ചലിപ്പിക്കണമെങ്കിൽ കപ്പിത്താൻതന്നെ വളരെ ശ്രദ്ധയോടുകൂടി അതിന്റെ ചുക്കാൻ പിടിക്കണം. ഇതുപോലെ തന്നെ ഒരു നല്ല വിശുദ്ധ ജീവിതം നയിക്കണമെങ്കിൽ ജീവിതത്തിലുട നീളം തന്റെ മരണ സമയത്തെക്കുറിച്ച് ഒരു ചിന്ത മനസ്സിൽ ഉണ്ടായിരിക്കണമെന്നാണ് വിശുദ്ധൻ പറയുന്നത്.

യൗവ്വനത്തിൽ ചെയ്തുപോയ പാപങ്ങളെക്കുറിച്ചോർത്ത് ലജ്ജിക്കുക. ജീവിതത്തിൽ ചെയ്തുപോയിട്ടുള്ള പാപങ്ങളെയോർത്ത് അനുതപിക്കുക. ഇപ്പോൾ നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയിരിക്കുന്ന ക്രമക്കേടുകളേയും കുഴപ്പങ്ങളേയും ഓർത്ത് വിറയ്ക്കുകയും അതിനുടനെതന്നെ വേണ്ട പ്രതിവിധികളും ചെയ്യുക. കല്ലറയിൽ കിടക്കുന്നവർ ഇപ്പോൾ ജീവൻ വെയ്ക്കുകയാണെങ്കിൽ അവർ നിത്യജീവനുവേണ്ടി എത്രയധികം ശ്രമിക്കുമായിരുന്നു. എങ്കിലും ഇപ്പോഴും ജീവനോടുകൂടിയിരിക്കുന്ന ഞാൻ ഇനിയും സമയമുണ്ടായിട്ടും എന്റെ ആത്മരക്ഷയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഒരു പക്ഷെ നിങ്ങൾ ഇപ്പോഴും ഫലമില്ലാത്ത അത്തിവൃക്ഷംപോലെയാണോ? "മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽ നിന്നും ഫലം അന്വേഷിച്ചുവരുന്നു, ഒന്നും കാണുന്നില്ല (ലൂക്കാ. 13:7) എന്ന് യജമാനൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങളുടെ അവസ്ഥയെന്തായിക്കും? ധാരാളം കാലം ഈ ലോകത്തിൽ ജീവിച്ചിട്ട് നിങ്ങൾ എന്തു ഫലമാണ് പുറപ്പെടുവിച്ചത്? യജമാനൻ പുഷ്പങ്ങൾ മാത്രമല്ല ഫലങ്ങളും പ്രതീക്ഷിക്കുന്നു. അതായത് നിങ്ങളിൽ നിന്നും നല്ല അഭിലാഷങ്ങളും ദൃഢമായ തീരുമാനങ്ങളും മാത്രമല്ല വിശുദ്ധമായ സൽപ്രവർത്തികളും പ്രതീക്ഷിക്കുന്നു. ദൈവം തന്റെ കരുണയാൽ നമുക്ക് അനുവദിച്ചിരിക്കുന്ന സമയത്തെ നല്ലവണ്ണം വിനിയോഗിച്ച് അതിലൂടെ ലാഭം കൊയ്യുക. നന്മ ചെയ്യുവാനുള്ള അവസരങ്ങളും സമയങ്ങളും നമ്മെ കാത്തിരിക്കാതെ കടന്നുപോകുന്നതിനാൽ ഇവയൊക്കെ യഥാസമയം ഉപയോഗപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. ജീവിച്ചിരിക്കുമ്പോൾ നാം ചെയ്തതു മാത്രമെ അവശേഷിക്കുകയുള്ളു.

**പ്രാർത്ഥന**

"അത് വെട്ടിക്കളയുക, എന്തിന് നിലം പാഴാക്കണം"? (ലൂക്കാ.13:7) എന്ന് യജമാനൻ കല്പിച്ച ആ ഫലം ഇല്ലാത്ത അത്തിവൃക്ഷം ഞാൻ തന്നെയാണെന്ന് എന്റെ ദൈവമേ, ഞാൻ ഏറ്റു പറയുന്നു. ഈ ലോകത്തിൽ ഞാൻ ദീർഘകാലം ഉണ്ടായിരുന്നിട്ടും നല്ല ഫലങ്ങൾക്കു പകരം പാപമാകുന്ന മുള്ളുകളും മുൾച്ചെടികളും മാത്രമാണ് ഞാൻ പുറപ്പെടുവിച്ചത്. എങ്കിലും ഇപ്പോൾ പാപിയായ ഞാൻ അങ്ങയെ അന്വേഷിക്കുന്നു. അന്വേഷിപ്പീൻ നിങ്ങൾ കണ്ടെത്തും എന്നാണല്ലോ വചനത്തിലൂടെ അങ്ങ് പറഞ്ഞിരിക്കുന്നത്. അതുപ്രകാരം ഞാൻ അങ്ങയെ കണ്ടെത്തിയിരിക്കുന്നു. അവിടുത്തെ കാരുണ്യവും കൃപയും ഞാൻ അഭിലഷിക്കുന്നു. ഞാൻ ചെയ്തുപോയ നിരവധിയായ പാപങ്ങളെക്കുറിച്ചോർത്ത് പൂർണ്ണഹൃദയത്തോടുകൂടി ഞാൻ അങ്ങയോട് മാപ്പു ചോദിക്കുന്നു. അങ്ങിൽനിന്നും ഞാൻ അകന്നുപോയിരുന്നു എങ്കിലും ഇപ്പോൾ അവിടുത്തോടുകൂടി ഒന്നു ചേരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ ഈ ക്ഷണം ഞാൻ ഒരിക്കലും നിരസിക്കുകയില്ല. കുരിശിൽ പൂർണ്ണമായി എനിക്കുവേണ്ടി അങ്ങയെ സമർപ്പിച്ചതുപോലെ ഞാൻ എന്നെ പൂർണ്ണമായി അങ്ങേക്ക് സമർപ്പിക്കുന്നു. "എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനത് ചെയ്തുതരും" (യോഹ.14:14). അങ്ങയുടെ വാഗ്ദാനത്തിൽ ഞാൻ വിശ്വസിക്കുന്നു. ഈ വചനത്തിലൂടെ അവിടുത്തെ കൃപയുടേയും, സ്നേഹത്തിന്റേയും യോഗ്യതയാൽ പാപത്താൽ നിറഞ്ഞിരിക്കുന്ന എന്റെ ഹൃദയത്തിലേക്ക് 'അങ്ങയുടെ' കൃപയും സ്നേഹവും വർഷിപ്പിച്ച് അതിനെ അങ്ങയുടെ വിശുദ്ധമായ സ്നേഹത്താൽ നിറയ്ക്കേണമേ. ഇപ്രകാരം ഒരു യാചന സമർപ്പിക്കുവാൻ അങ്ങ് കൃപ കാണിച്ചതിനെയോർത്ത് ഞാൻ അവിടുത്തോട് നന്ദി പറയുന്നു. അങ്ങയെ കൂടുതലായി സ്നേഹിക്കുവാനും പ്രീതിപ്പെടുത്തുവാനും അവിടുത്തെഹിതം അന്വേഷിക്കുവാനും എനിക്ക് ശക്തി നൽകേണമേ. ദൈവമാതാവേ എന്റെ പ്രാർത്ഥന ശ്രവിച്ച യേശുവിനോട് എനിക്കുവേണ്ടി അപേക്ഷിക്കണമേ.

***(തുടരും)***



# എന്താണ് ആശയ്ക്കു സംഭവിച്ചത്?

ഡോ. ജസ്റ്റിൻ തോമസ്

രണ്ടാഴ്ചയായി സാർ ഭക്ഷണം ഇറക്കീട്ട്. ഭക്ഷണം കഴിക്കുന്നത് അത്രയ്ക്കും ആസ്വദിച്ചിരുന്ന എനിക്ക് എങ്ങനെ ഈ അവസ്ഥ വന്നു?

ആശയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ആദ്യം ഞാനും കൺഫ്യൂസ്ഡായി! പിന്നീടാണു മനസ്സിലായത് ആശ വായിൽ ഭക്ഷണമിട്ടു ചവച്ച് അത് ഇറക്കാതെ തുപ്പിക്കളയുകയാണെന്ന്. തൊണ്ടയിൽ എന്തോ തടഞ്ഞിരിക്കുന്ന അവസ്ഥ അവർക്കനുഭവപ്പെടുന്നു. എന്റെയടുത്തു വരുന്നതിന് ഏതാനും ആഴ്ചകൾക്കു മുമ്പായിത്തന്നെ അവർക്കു ഭക്ഷണം നന്നായി ഇറക്കാൻ കഴിയുന്നില്ലായിരുന്നു. എന്നെ കാണുന്നതിന് ഏതാനും ദിവസം മുമ്പായി പ്രശ്നം വർദ്ധിച്ചിരുന്നു. ഭക്ഷണം ഒട്ടുമേ ഇറക്കാൻ കഴിയുന്നില്ല. ഈ പ്രശ്നപരിഹാരത്തിനായി പല ഹോസ്പിറ്റലുകളിലും പോയി. ടെസ്റ്റുകളിൽ യാതൊരു പ്രശ്നവുമില്ല. അങ്ങനെ, ഒരു ഡോക്ടറുടെ നിർദ്ദേശമനുസരിച്ചാണ് അവർ എന്റെയടുക്കൽ എത്തിയത്.

ആശയുടെ സ്വഭാവരീതികളും സംസാരവും പഠിച്ചപ്പോൾ മനസ്സിലായി, അവർ ഒരു ക്ഷിപ്രകോപിയാണെന്ന്. ഇവരുടെ അരിശം ജോലിസ്ഥലത്തും വീട്ടിലും പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ആശയുടെ അരിശവും ഭക്ഷണമിറക്കാൻ പറ്റാത്ത അവസ്ഥയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോയെന്നു ഞാൻ സംശയിച്ചു. ഈ സംശയം വെളിപ്പെടുത്താതെ അവരുടെ പ്രശ്നം അവരിലൂടെത്തന്നെ കണ്ടെത്താൻ ഉതകുന്ന ഹിപ്നോട്ടിക് തെറാപ്പി നടത്തി. ആയതിന്റെ വെളിച്ചത്തിൽ ലഭിച്ച വിവരം താഴെപ്പറയും വിധമായിരുന്നു.

ഒരു മാസംമുമ്പ് ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സമയത്ത് ആശ തന്റെ മേലധികാരിയുമായി വാഗ്വാദത്തിൽ ഏർപ്പെട്ടു. ആശയും മേലധികാരിയും അരിശമെന്ന വികാരം അനിയന്ത്രിതമായി ഉപയോഗിച്ചു. വഴക്കു മൂർച്ഛിച്ചപ്പോൾ താൻ കഴിച്ചുകൊണ്ടിരുന്ന ഭക്ഷണം വലിച്ചെറിഞ്ഞ് വായിലെ ഭക്ഷണം തുപ്പിക്കളഞ്ഞ് ആശ മുറിവിട്ടിറങ്ങി.

അന്ന് അത്താഴസമയം മുതൽ ഭക്ഷണം കഴിക്കാൻ സാധിക്കാതെ ആശ വലഞ്ഞു തുടങ്ങി. തൊണ്ടയിലൂടെ ഭക്ഷണമിറക്കാൻ നന്നേ കഷ്ടപ്പെട്ടു.

**എന്താണ് ആശയ്ക്കു സംഭവിച്ചത്?**

മേലധികാരിയുമായി അമിതവാഗ്വാദത്തിൽ ഏർപ്പെട്ടതിനാൽ തന്റെ ജോലി പോകുമോ എന്ന ഭയവും, ഭക്ഷണം വലിച്ചെറിഞ്ഞ് അവിടെ നിന്നും ഇറങ്ങിപ്പോയ ഓർമ്മയും ചേർന്ന് ഉത്കണ്ഠ ഉടലെടുത്തു. അത് സൈക്കോസൊമാറ്റിക് ഡിസോർഡർ എന്ന നിലയിൽ അവരിൽ ഭക്ഷണമിറക്കാൻ പറ്റാത്ത അവസ്ഥ സൃഷ്ടിച്ചു.

**എന്താണ് സൈക്കോ സൊമാറ്റിക്**

'സൈക്കോ' എന്നാൽ മനസ്സ്. 'സൊമാറ്റിക്' എന്നാൽ ശരീരം. മനസ്സിൽ ചിന്തിക്കുന്ന ഏതൊരു കാര്യവും ശരീരത്തിൽ പ്രതിഫലിക്കുന്നു. ഇതാണ് സൈക്കോ സൊമാറ്റിക്ക് ഇംപാക്റ്റ്. മനസ്സിൽ ചിന്തിക്കുന്ന നെഗറ്റീവായ കാര്യങ്ങൾ ശരീരത്തിൽ അസ്വസ്ഥത ഉളവാക്കുന്ന രീതിയിൽ പ്രത്യക്ഷപ്പെട്ടാൽ അതാണ് സൈക്കോസൊമാറ്റിക് ഡിസോർഡറായി അറിയപ്പെടുക. ഇവിടെ ഓർക്കേണ്ട വസ്തുത, മനസ്സിൽ ചിന്തിക്കുന്ന നല്ല കാര്യങ്ങൾ ശരീരത്തിൽ പോസിറ്റീവായി പ്രതിഫലിക്കും എന്നു കൂടിയാണ്. താഴെപ്പറയുന്ന ശാരീരിക രോഗങ്ങൾ ചില സമയങ്ങളിൽ സൈക്കോസൊമാറ്റിക് ഡിസോർഡറിന്റെ ഭാഗമാകാം. ശാരീരിക അസ്വസ്ഥതകൾ, ഉയർന്ന രക്തസമ്മർദ്ദം, ശ്വാസകോശസംബന്ധമായ പ്രശ്നങ്ങൾ, ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാകുന്ന വേദനകൾ, ഡയബറ്റിക്സ്, ലൈംഗികപരമായ പ്രശ്നങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവയൊക്കെ ഇത്തരത്തിൽ പ്രത്യക്ഷപ്പെടാം. ചില വ്യക്തികളിൽ ഉണ്ടാകുന്ന 80 ശതമാനത്തിലധികം രോഗാവസ്ഥകളും ഇത്തരത്തിലുള്ളതാണെന്നു പഠനങ്ങൾ കാണിക്കുന്നു. ശാസ്ത്രലോകം ഇന്നു തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരീകരിച്ചിരിക്കുന്നത് ഏകദേശം 10% രോഗങ്ങളും സൈക്കോസൊമാറ്റിക് ആണെന്നാണ്. മാരക്കമായ ഹൃദ്രോഗം സൈക്കോ സൊമാറ്റിക് ഡിസോർഡറായി സംഭവിക്കാമെന്നു പഠനങ്ങൾ തെളിയിക്കുന്നു. വ്യക്തിയിൽ ഉണ്ടാകുന്ന പിരിമുറുക്കം കാൻസറിനു കാരണമാകുന്നുവെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. സ്ട്രോക്കുകളും മാനസിക പിരിമുറുക്കവുമായുള്ള ബന്ധവും പഠനവിധേയമാകുന്നു. പഠനങ്ങൾ തെളിയിക്കുന്നത് പാമ്പുകടിയേറ്റു മരിക്കുന്നതിൽ വലിയ ഒരു ശതമാനം പാമ്പിന്റെ വിഷം കൊണ്ടല്ല; മറിച്ച് ഭയത്തിൽനിന്നുണ്ടാകുന്ന സൈക്കോ സൊമാറ്റിക് ഡിസോർഡറായി അവസ്ഥയാണ്.

**സൈക്കോ സൊമാറ്റിക് ഡിസോർഡറിന്റെ പിടിയിൽപ്പെടാതെ എങ്ങനെ രക്ഷപ്പെടാം?**

ക്രിയാത്മകചിന്തകളുടെ വ്യക്തികളായി മാറുക എന്നതാണ് ഈ പ്രശ്നത്തിന്റെ പിടിയിൽപ്പെടാതെ രക്ഷപ്പെടാനുള്ള മാർഗ്ഗം. നമ്മുടെ ചിന്തകൾ നെഗറ്റീവാണെങ്കിൽ അവ ശാരീരിക പ്രശ്നങ്ങളായി പ്രതിഫലിക്കും. നല്ല ചിന്തകൾ മാനസിക-ശാരീരികാരോഗ്യം പ്രദാനം ചെയ്യും.

താഴെപ്പറയുന്ന രീതികൾ അവലംബിക്കുന്നത് ഇത്തരം പ്രശ്നങ്ങളിൽപ്പെടാതിരിക്കാൻ ഉപകരിക്കും.

a. ഏതൊരു വ്യക്തിയിലും ജീവിയിലും വസ്തുവിലും സാഹചര്യത്തിലും ആവുന്നത്ര നന്മകൾ കാണുക.

b. തന്നെക്കുറിച്ചുതന്നെയുള്ള പോസിറ്റീവായ കാര്യങ്ങൾ മനസ്സിൽ ഉരുവിടുക

ഉദാ: ഞാൻ ആരോഗ്യമുള്ള വ്യക്തിയാണ്. എന്റെ ജീവിതം സന്തോഷം നിറഞ്ഞതാണ്. ഞാൻ നല്ല ഓർമ്മശ

ക്തിയുള്ള വ്യക്തിയാണ്.

c. പരാജയങ്ങൾ വിജയത്തിന്റെ താക്കോലായി കാണുകയും ആയതിൽ നിന്നു പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുക.

d. ദീർഘായുസ്സോടെയും ആരോഗ്യത്തോടെയും നിങ്ങളും കുടുംബാംഗങ്ങളും സുഹൃത്തുക്കളും ജീവിച്ചിരിക്കുന്നതു മനസ്സിൽ കാണുക.

e. ജീവിതം ആരോഗ്യകരമായി ആഘോഷിക്കാൻ സമയം കണ്ടെത്തുക. ആഘോഷമെന്നത് ഒരു മാനസികാവസ്ഥയാണ്. പണം ധൂർത്താക്കാതെയും പ്രത്യേക സാഹചര്യമില്ലാതെയും നമുക്ക് അനുദിനജീവിതത്തെ ആഘോഷമാക്കി മാറ്റാം. യാത്രകൾ പോവുക, സുഹൃത്തുക്കളുമായി സമയം ആരോഗ്യകരമായി ചെലവഴിക്കുക. മദ്യലഹരി പദാർത്ഥങ്ങൾ, സിഗരറ്റ് എന്നിവയൊക്കെ ഒഴിവാക്കി ആഘോഷിക്കുക.

നാടകം, സിനിമ, സംഗീത പരിപാടികൾ, മറ്റു കായിക വിനോദ പരിപാടികൾ എന്നിവയിൽ കുടുംബവും സുഹൃത്തുക്കളുമൊപ്പം പങ്കെടുക്കുക. കുടുംബാംഗങ്ങളുടെ കൂടെ സമയം ചെലവഴിക്കുക എന്നിവയൊക്കെ ആഘോഷങ്ങളാണ്.

f. പ്രശ്നങ്ങൾ പരിഹരിച്ച് മുമ്പോട്ടു പോകുന്നതിൽ ഒരു ത്രില്ല് കണ്ടെത്തുക.

g. വ്യായാമം ശീലമാക്കുക.

h. ശരിയായ ഭക്ഷണശീലം സ്വായത്തമാക്കുക

i. ക്ഷമിക്കുക, മറക്കുക, താഴ്ന്നു കൊടുക്കുക എന്നീ മഹദ്ഗുണങ്ങൾ പരിശീലിക്കുക, പ്രാവർത്തികമാക്കുക.

j. വായനയിലൂടെയും മറ്റ് ഉപാദികളിലൂടെയും ക്രിയാത്മക അറിവു നേടുക.

k. സ്വന്തമായി വിചിന്തനം നടത്താൻ സമയം കണ്ടെത്തുക.

l. മറ്റുള്ളവരുടെ ഇടിച്ചുതാഴ്ത്തുന്ന രീതിയിലുള്ള വാക്കുകളെയും പ്രവൃത്തികളെയും അവഗണിക്കുക

m. വാഗ്വാദങ്ങളിൽ ഏർപ്പെടാതിരിക്കുക. ചർച്ചകൾക്കു സമയം കണ്ടെത്തുക

n. താൻ ചെയ്യുന്ന എല്ലാക്കാര്യങ്ങളും ശരിയാണെന്ന ചിന്ത അവസാനിപ്പിക്കുകയും തെറ്റു ചെയ്തു എന്നു ബോധ്യമായാൽ 'എന്നോടു ക്ഷമിക്കണം' എന്നു പറയാൻ പഠിക്കുകയും ചെയ്യുക. ക്ഷമ ചോദിക്കാനും ക്ഷമിക്കാനും കഴിയുക എന്നത് ശരിയായ മാനസികാരോഗ്യത്തിന്റെ ലക്ഷണമാണ്.

o. നല്ല കൂട്ടുകാരുമായി ദുഃഖങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുക.

p. നെഗറ്റീവായ ചിന്തകൾ വർദ്ധിക്കുന്നെങ്കിൽ ഒരു കൗൺസലറുടെ സഹായം തേടുക. ആവശ്യമെങ്കിൽ സൈക്യാട്രിസ്റ്റിനെയും കാണുക.

q. ഈ പ്രപഞ്ചത്തെ പരിപാലിക്കുന്ന ശക്തി നമ്മെയും പരിപാലിക്കുമെന്ന് ഉറച്ചുവിശ്വസിക്കുക

ചുരുക്കത്തിൽ ക്രിയാത്മകമായ ശീലങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നമുക്കു കഴിഞ്ഞാൽ സൈക്കോസൊമാറ്റിക് ഡിസോർഡറുകൾ മാറി നിൽക്കും. ഇന്ന് ആശയുടെ ജീവിതത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നത്.

## അഭിനന്ദനങ്ങൾ



മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബി.എ. ഓഡിയോഗ്രാഫി ആൻഡ് ഡിജിറ്റൽ എഡിറ്റിംഗ് പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ചങ്ങനാശ്ശേരി സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിലെ വിദ്യാർത്ഥിയായ **ജെസ്സ്‌ലിൻ ജേക്കബ് ഷെജിയ്ക്ക്** അഭിനന്ദനങ്ങൾ. കുറ്റൂർ സെന്റ് മേരീസ് ജെറുശലേം ക്നാനായ പള്ളി ഇടവകയിലെ മണക്കാലായിൽ ഷെജി ജേക്കബിന്റെയും വെളിയനാട് ചിറയിൽ ഷീന ഏബ്രഹാമിന്റെയും മകനാണ്.

**01 – ാം ചരമവാർഷികം**
**05-09-2024**



**അച്ചാമ്മ ജേക്കബ്**
(കുട്ടിയമ്മ)
**ചിറയിൽ കാരക്കാട്ട്**
**ഈര**
**സന്തപ്ത കുടുംബാംഗങ്ങൾ**

**"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"**




## വരനെ ആവശ്യമുണ്ട്

**M. 311**

Knanaya parents invite proposals for their daugter (27/158cm), Canadian citizen. She holds a Bachelor's degree, Postgraduate certificate and currently working at an insurance company in Canada. A boy from U.S. is preferred as her parents are settled in States.

Contact: +1 (469) 929-5887
+1 (813) 334-7677

**M. 312**

M.Sc. Business Managment കഴിഞ്ഞ് U.K യിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (28/166 cm) ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (U.K യിൽ വർക്ക് വിസാ ഉള്ള യുവാക്കൾക്ക് മുൻഗണന.

Ph. 9496544558, 9144277583

**M. 313**

BDS കഴിഞ്ഞ് നാട്ടിൽ ദന്തൽ ഡോക്ടറായി ജാലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26) അനുയോജ്യരായ ദൈവഭയമുള്ളതും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 8891655845, Whats app +971555179131

**M. 314**

B.Sc. നേഴ്സിംഗ് പാസ്സായ ക്നാനായ യുവതിയ്ക്ക് (24/158 cm) U.K. രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട്. OET, CBT ഇവയും പാസ്സായിട്ടുണ്ട്. വിദേശത്ത് ജോലിയുള്ള ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാ ലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 8078064240

**M. 315**

Knanaya parents invite proposals for their daughter (24/168cm) who has done MSW (Medical & Psychiatry) and currently working as Psychiatric Social worker in a private firm. Seeking alliance from parents of God fearing and professionally qualified boys. (Preference for boys working abroad). Ph: 9495537678

**M. 316**

Knanaya Parents invites proposals for their daughter (28/157) MTech , currently working as software engineer in Infosys, from parents of professionally qualified Knanaya boys.

Ph. 9447178900 , 9447267770

**M. 317**

Knanaya parents invites proposal for their daughter (26 Yrs/166 cm) B.Sc. Nurse working as registered Nurse in UK. Seeking allience from parents of professionally qualified and God fearing boys (Preference for boys in UK).

Contact No. 7736758637

**M. 318**

Kananaya Parents invite proposal for their daughter (27 /156 cm) BDS (Dentist) Born and brought up in Bahrain and doing her masters in U.K. Seeking alliance from Parents of professionaly qualified and God fearing boys.

Mob. 918075059003 or WhatsApp. 0097339914086

**M. 319**

M.Com കഴിഞ്ഞ് ഖത്തറിൽ ജോലി ചെയ്യുന്ന, ക്നാനായ യുവതിയ്ക്ക് (27/152 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഖത്തറിൽ ജോലിയുള്ളവർക്ക് മുൻഗണന.)

Ph. 7736203826, 9847886726

**M. 320**

Knanaya Parents invites proposals for their daughter (22/5'3'') who is currently working as Associate Consultant in a Prestigeous MNC after graduating in Economics and Statistics from St.Xaviers Mumbai. Proposals are invited from parents of God fearing well qualified boys in India or abroad with details..

E-mail:knanaya2024@gmail.com

## വധുവിനെ ആവശ്യമുണ്ട്

**M. 321**

ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് പാസ്സായി ഇപ്പോൾ ദുബായിൽ ഒരു പ്രശസ്ത കമ്പനിയിൽ പ്രോജക്റ്റ് എഞ്ചിനീയർ ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/170cm)) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Whats App No. 8943922280, 9961080952

**M. 322**

B.Com, MBA കഴിഞ്ഞ് ദുബായിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/193cm)) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാ ഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph. 9567041504

**M. 323**

U.K. യിൽ, M.S. കഴിഞ്ഞ് വർക്ക് വിസായിൽ

ജോലിചെയ്യുന്ന ക്നാനായ യുവാവിന് (27/172cm), ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9846585627, 9496301241

**M. 324**

ദുബായിൽ പ്രശസ്ത ഹോസ്പിറ്റലിൽ റേഡിയോഗ്രാഫർ ആയി ജോലിചെയ്യുന്ന ക്നാനായ യുവാവിന് (29/168 cm, B.Sc MIT) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (മെഡിക്കൽ ഫീൽഡിൽ ജോലി ഉള്ളവർക്ക് മുൻഗണന.
Ph. 9744041378, Whats App 9387614722

**M. 325**

Mechanical Diploma, QC/QA കഴിഞ്ഞ് ദുബായിൽ സെയിൽസിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9847888554, 9497706458

**M. 326**

മെക്കാനിക്കൽ ഡിപ്ലോമ കഴിഞ്ഞ് തൃശൂരിൽ എക്സ്പോർട്ട് കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (31/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 8592978310, 9744548766

**M. 327**

C.A Intermediate പാസ്സായി ദുബായിൽ Financial Auditor ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/170cm) അനുയോജ്യരായ ക്നാ നായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 8547231035, 9188203772

**M. 328**

കോട്ടയത്ത് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/173cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9400015413

**M. 329**

Mechanical Engineerig കഴിഞ്ഞ് സൗദിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/160cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9744797886, 9446550886

**M. 330**

ഡിപ്ലോമ കഴിഞ്ഞ് സൗദിയിൽ ജോലി ചെയ്യുന്ന, ഫാമിലി വിസ ഉള്ളതുമായ ക്നാനായ യുവാവിന് (33/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9778320776, 9744798069

**M. 331**

B.Com കഴിഞ്ഞ് ഒമാനിൽ ഓട്ടോമൊബൈൽ ഇലക്ട്രീഷൻ സ്റ്റോർ മാനേജരായി ജോലി ചെയ്യുന്ന, ക്നാനായ യുവാവിന് (28/172 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഏപ്രിൽ നാട്ടിൽ വരും)
Ph. 9447860784, 9947291909

**M. 332**

Knanaya Parents invite proposals for their son (B,Tech in Mechanical Engineering, Masters in Supply Chain Management) working in a leading manufacturing company in England, as a Production Planner currently holding work permit .We are seeking alliance from parents of God fearing girls. +919486619315
+44 7575042209554, 9497706458

**M. 333**

U.K. യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/165cm) MBA HRM, M.Sc Inter national Business (U.K.) ഇടത്തരം കുടുംബം അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9995404269, 8240385669 WhatsApp

**M. 334**

B.Com, TTC പാസ്സായതും എയ്ഡ്ഡ് സ്കൂളിൽ UPST അദ്ധ്യാപകനായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 9495429216, 9497854208

**M.335**

Knanaya Parents invite proposal for their Son ,Age 30, 165 cms, MBA . frm Acharya College Banglore, Working as Relationship Manager in Axis Bank/ Maxlife, Ernakulam.
Ph. +91 94467 39307, 80750 35265

## പുനർവിവാഹം

**M. 336**

തന്റേതല്ലാത്ത കാരണത്താൽ വിവാഹമോചനം ലഭിച്ചതും യാതൊരു ബാധ്യതകളും ഇല്ലാത്ത, റബർ പ്ലാന്ററുമായ ക്നാനായ യുവാവ് (39/5") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9447592942

**M. 337**

കാനഡയിൽ Canadian Citizen ഉള്ള RN ആയ ക്നാനായ യുവാവ് (46/175 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 7559948278

**M. 338**

സഭാപരമായും നിയമപരമായും വിവാഹ ബന്ധം വേർപെടുത്തിയതും വിദേശത്ത് ജോലിയുള്ള ക്നാനായ യുവാവിന് (36/5'11") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 917736134178, 9447058817


**M. 339**

സഭാപരമായും നിയമപരമായും വിവാഹ ബന്ധം വേർപെടുത്തിയതും ഖത്തറിൽ ജോലി ചെയ്യുന്നതുമായ ക്നാനായ യുവാവിന് (32,163 cm, സിവിൽ ഡിപ്ലോമ,) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9447909831, 6235796056

**M. 340**

സഭാപരമായും നിയമപരമായും വിവാഹ ബന്ധം വേർപെടുത്തിയതും M.Tech കഴിഞ്ഞ് 6 വർഷമായി ദുബായിൽ ആയിരുന്നതും ഇപ്പോൾ നാട്ടിൽ സ്വന്തമായി ബിസിനസ്സ് ചെയ്യുന്ന യുവാവിന് (34/164 cm) വിദേശത്തോ നാട്ടിലോ ഉള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9946638118


15 – ാം ചരമവാർഷികം
15-09-2024



**പി. ഐ. ഏബ്രഹാം**
**പുളിക്കാവിൽ**
**ഇരവിപേരൂർ, തിരുവല്ല**

Inserted By: Baby, Molly, Thampi,
Thankamma & their families

62 – ാം ചരമവാർഷികം 07-09-2024
15 – ാം ചരമവാർഷികം 12-06-2024



**പി. എം. സ്കറിയാ** **ഏലിക്കുട്ടി സ്കറിയാ**

**കൊച്ചുമംഗര, പുറ്റടി**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

12th Death Anniversary 31-08-2024
07th Death Anniversary 07-09-2024



**Chev. Jacob P.Thomas** **Ammukutty Jacob**

**Purackal, Ranny**


കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

34th Death Anniversary
27-09-2024



**LIZY THOMAS**
**Kadakketh Happy Villa**
**Vaikom, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**



## 25 – ാം ചരമവാർഷികം

06 – 09 – 2024

# Very. Rev. Dr. M.K. തോമസ്സ്

കോർ – എപ്പിസ്കോപ്പാ

മണലിത്തറ, തെങ്ങേലി

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ –
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Inserted by
Mor Gregorios Knanaya Church, Abhudabhi

Advt - O

## 1st Death Anniversary

13 – 09 – 2024



# M.T. ANDREWS

Manalel Chirayil, Chengalam, Kottayam

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R




Advt - O



## 1st Death Anniversary

4 – 09 – 2024

## Juby Skariah

**Manimalaparayil, Chingavanam (USA)**

"I have fought the good fight, I have finished the race, I have kept the faith. Now there is in #r#rstore for me the crown of righteousness"
2 Timothy 4: 7-8

By Loving Family

Advt -O

## 27 – ാം ചരമവാർഷികം

14 – 09 – 2024



Advt - R

## സിൽജി മോൾ

**D/o സാബു & കുഞ്ഞുമോൾ**

പുറയാറ്റ്, കുഴിമറ്റം

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7 – ാം ചരമവാർഷികം

**16- 09- 2024**



Advt -O

## എബി പി. പോത്തൻ

പുല്ലംപള്ളിൽ, കരിംകുറ്റി, റാന്നി

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

സന്തപ്ത കുടുംബാംഗങ്ങൾ

## 1st Death Anniversary

10-09-2024



# Valsa John

**Malloosseril, Ernakulam**

"A devoted servent of christ, Her faith was unwavering. Her love was boundless. Resting now in God's Eternal Peace"

By Sorrowing Family

Advt -O

## 5 – ാം ചരമവാർഷികം

8-10-2024



# സ്കറിയ സെഖറിയ (മോനിച്ചൻ)

**കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## സ്വർഗീയ യാത്രയുടെ 40 – ാം ദിനം

05-09-2024



# C.J. JAMES (KUNJUMON)

**Mangat (Jerry Cottage) Kurichy, Kottayam**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

16-ാം ചരമവാർഷികം
30-10-2024

1-ാം ചരമവാർഷികം
06-11-2024





**കെ. പി. സ്കറിയ**

**അച്ചാമ്മ സ്കറിയ**

**കൊണ്ടൂർ ചിങ്ങവനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

6 – ാം ചരമവാർഷികം
11 – 9 – 2024



**M.P. KURIAN**

മംഗലത്ത്, ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

5 – ാം ചരമവാർഷികം
25 – 09 – 2024



**K. C. CHACKO**

(കുഞ്ഞൂഞ്ഞുകുട്ടി)

താന്നിയ്ക്കൽ, വാകത്താനം

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ

Advt - O



40TH DAY OF REMEMBRANCE
6 - 09 - 2024

**Prof. RAJU KURUVILLA (79)**
**ARONNIL**
**RANNI**


*"Precious in the sight of the lord is the death of his faithful servants."*

PSALMS 116:15

Advt - O

## 4th Death Anniversary

06-09-2024



Advt - O

## Chev: THAMPY PHILIP

**PALLATHRA**

**For To Me To Live Is Christ And To Die Is Gain (Philippians 1:21)**

By Sorrowing family

## 7th Death Anniversary

27-09-2024



Advt - O

## ABIN ABRAHAM

**Elayasseril, Kuttoor, Thiruvalla**

**"You will live forever in our heart's"**

**By Loving Family**

## 5 – ാം ചരമവാർഷികം
18 – 10 – 2024



## 41 – ാം ചരമദിനം
19 – 9 – 2024



Advt -O

## പി. എം. കുരുവിള

## അമ്മിണി കുരുവിള

**കാളിശ്ശേരിൽ, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

## 6 – ാം ചരമവാർഷികം
20 – 09 – 2024



Advt -S

## കുരുവിള തോമസ് (ബേബി)
**(Rtd. CRPF)**

**താമല്ലിൽ ഹൗസ്, തിരുവൻവണ്ടൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 6 – ാം ചരമവാർഷികം
11 – 9 – 2024



Advt -S

## M. C. ഉണ്ണിട്ടൻ (ബേബി)

**മുട്ടാണിശ്ശേരിൽ, മഴുക്കീർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*ഭാര്യ, മക്കൾ, കൊച്ചുമക്കൾ*



3 – ാം ചരമവാർഷികം

17- 9 -2024

# C.T. CHACKO

ചരിവുപറമ്പിൽ,
കല്ലിശ്ശേരി


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 24th Death Anniversary

07 – 09 – 2024



### C.P. CHANDY (Unnichayan)

Edasseril Puthuvelil,
Mundapuzha,
Ranny

## 4th Death Anniversary

21 – 09 – 2024



### ALEYAMMA ABRAHAM

Karingattil
Malayil house,
Kuttoor

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40th Day of Demise

06 – 10 – 2024



### PHILIP CHANDY (85)

Edasseril Puthuvelil,
Mundapuzha, Ranny

**By Loving Family**

Advt - O



## 5th Death Anniversary

09 – 10 – 2024

# Raju Zacharia

**Ettonnil (House)**

**Kulasekharam**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

## IN OUR HEARTS FOREVER

### 4th Year of Demise



# Dr. P. K. Kuriakkose

**(Thankachan)**

**Pallickaparambil**

**March 23, 1941 - October 2, 2020**

### 1st Year of Demise



# MOLLY KURIAKOSE

**Pallickaparambil**

**September 2, 1946 - September 3, 2023**

Advt -R

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

13 – ാം ചരമവാർഷികം 01-09-2024

06 – ാം ചരമവാർഷികം 02-08-2024



ജോസ് കെ. മാത്യു

കുഞ്ഞമ്മ മാത്യു

കിഴക്കേമുറിയിൽ കളത്തിൽ

ഐത്തല, റാന്നി

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

02 – ാം ചരമവാർഷികം

17-09-2024



**കുഞ്ഞമ്മ സഖറിയ**

**കുന്നിരിക്കൽ, റാന്നി**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

06 – ാം ചരമവാർഷികം

20-09-2024



**തോമസ് ചാക്കോ (പാപ്പച്ചൻ)**

**മണിമലേത്ത്, വെച്ചൂച്ചിറ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

23 – ാം ചരമവാർഷികം

02-09-2024



**മറിയാമ്മ ചാക്കോ**

**പുത്തൻപറമ്പിൽ**

**(വെണ്ണിക്കുളത്തു കൊന്നയ്ക്കൽ കുടുംബാംഗം)**

**ചിങ്ങവനം**

**സന്തപ്ത കുടുംബാംഗങ്ങൾ**

**22 – ാം ചരമവാർഷികം**

**16- 09-2024**



**ശോശാമ്മ കുറിയാക്കോസ്**

**മാവേലിൽ, ചിങ്ങവനം**

**ലീലാമ്മയും, മക്കളും, കൊച്ചുമക്കളും**

**13 – ാം ചരമവാർഷികം**

**15-09-2024**



**Ginu A. Jacob** (Jeena)


**Elappunkal, Houston, U.S.A.**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Inserted by: Gigi & Anju
Joshua Jacob (Son)
Crystal Jacob (Daughter)

27th Death Anniversary | 3rd Death Anniversary

25/10/2024 | 09/09/2024



K. K Mathen | Ammal Mathen

Kavanal, Karapuzha Kottayam

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

3rd Death Anniversary

15/09/2024




C.O.JACOB

MAZHAVENCHERIL CHERUVUPARABIL
AYTHALA RANNI

You will be always in our hearts. Miss you deeply.

Sorrowing family and friends


**02 – ാം ചരമവാർഷികം**
**11-09-2024**



**ശോശാമ്മ ഇട്ടൻ**
**കോക്കംപാടം ചിറയിൽ**
**കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**


**34 – ാം ചരമവാർഷികം**
**01-10-2024**



**വെരി. റവ. എൻ. കെ. ഏബ്രഹാം**
**കോർ എപ്പിസ്‌ക്കോപ്പാ**
**മടുക്കോലിൽ, കുറ്റൂർ**

*''ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരി*
*ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം''*
**സന്തപ്ത കുടുംബാംഗങ്ങൾ**

**53 – ാം ചരമവാർഷികം**
**10-09-2024**



**N. UTHUPPAN**
**PAZHAYAKALAM NEISSERIL**
**KURICHY**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**11 – ാം ചരമവാർഷികം** **01-12-2024**

**40 – ാം ചരമദിനം** **21-09-2024**






**രാജു ജേക്കബ്** **സാലമ്മ രാജു**

**വള്ളിക്കാലായിൽ**
**റാന്നി, പെരുന്നാട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**29th**
**Death Anniversary**
**20-09-2024**



## Chandy Thomas
(Thomachan)

**08th**
**Death Anniversary**
**19-10-2024**



## Chinnamma Thomas
(Baby)

**16th**
**Death Anniversary**
**11-09-2024**



## Dyna Thomas
(Dynamol)

**Vadakkethalackal**
**S. Puram, Kurichy**

**Sorrowing Family**

---

**19 – ാം ചരമവാർഷികം**
**17- 09-2024**




## ചാക്കോ ഉതുപ്പാൻ (കുഞ്ഞുപ്പായി)
**മണക്കാട്ട്, ചിങ്ങവനം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**20 – ാം ചരമവാർഷികം**
**14-09-2024**




## സി.എ. ചാക്കോ (ബേബി സാർ)
**തൈപറമ്പിൽ, നിലമ്പൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

# 75th Death Anniversary

## 21-09-2024



# M.J. Joseph (Appu Sir)

## Mallooseril House, Valiyangadi

## Kottayam

Teacher : C.M.S. High School

Member : Sreemoolam Popular Assembly


Members : Kottayam Municipal Council

" In honour of a fearless leader whose unwavering commitment to truth and justice shaped our future. His spirit of courage and kindness will live on our hearts".

By Sorrowing Descendants.

**39 – ാം ചരമവാർഷികം**

**02-10-2024**




**റവ. ഫാ. കെ.കെ. ഏബ്രഹാം**

**കന്യാക്കോണിൽ, തോട്ടഭാഗം**

''ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരി
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം''

**07 – ാം ചരമവാർഷികം**

**14- 09- 2024**



**C.T. Thomas (തങ്കച്ചൻ) (Rtd.KSEB)**


**Chembil**

**Pavukkara, Mannar**

**സന്തപ്ത കുടുംബാംഗങ്ങൾ**

**15th Death Anniversary**

**24-03-2024**



**K.C. Peter (പത്രോച്ചൻ)**

**Karot, Chingavanm**

**3rd Death Anniversary**

**03-09-2024**



**Prettymol Titto**

**Chirayilpeedika, Chingavanm**

"മഹിമയോടന്തിമ വിധിനാളിൽ കർത്താവേ നീ അണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ നല്ലവരൊത്തു വലഭാഗേ"

**സന്തപ്ത കുടുംബാംഗങ്ങൾ**

07 – ാം ചരമവാർഷികം
07-09-2024

10 – ാം ചരമവാർഷികം
14-02-2025



സി.എ. ജോസഫ്    മേരിക്കുട്ടി ജോസഫ്

വെന്നുവള്ളിൽ, പുത്തൻവീട്
കല്ലിശ്ശേരി

സന്തപ്ത കുടുംബാംഗങ്ങൾ

17 – ാം ചരമവാർഷികം
13-10-2024

18 – ാം ചരമവാർഷികം
11-9-2024



റ്റി.സി.ജോർജ്    അന്നാമ്മ ജോർജ്

തകിടിയിൽ
ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ

03 – ാം ചരമവാർഷികം
04- 10-2024



**അജീഷ് അലക്സ്**
ഇടയാടിൽ, മഞ്ഞാടി, തിരുവല്ല

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമദിനം
30- 09-2024



**വി.കെ. തോമസ് (68) (തമ്പി)**
മേലേൽ, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

13 – ാം ചരമവാർഷികം
21-09-2024




അമിതാ സാബു
വടക്കേമുറിയിൽ
ഐത്തല, റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

20 – ാം ചരമവാർഷികം
08-09-2024




പി. സി. ചാക്കോ
പടിയറ
കോഴിമല
*സന്തപ്ത കുടുംബാംഗങ്ങൾ*

04 – ാം ചരമവാർഷികം
21-09-2024



ഐ. യു. ജോസഫ്
(പാപ്പച്ചൻ)
കുന്തലപ്പറമ്പിൽ (ഇടത്തിൽ)
കുറിച്ചി
*സന്തപ്ത കുടുംബാംഗങ്ങൾ*

26 – ാം ചരമവാർഷികം
10-09-2024




കെ. ഫിലിപ്പ്
കുറ്റിശ്ശേരിൽ
ചിങ്ങവനം
*സന്തപ്ത കുടുംബാംഗങ്ങൾ*

03 – ാം ചരമവാർഷികം
28-09-2024



സജി ജേക്കബ്
(Navel Dockyard, Mumbai)
കാട്ടുവേലിൽ, കുറ്റൂർ
*സന്തപ്ത കുടുംബാംഗങ്ങൾ*

40 – ാം ചരമവാർഷികം
01-09-2024



കെ. റ്റി. ഉണ്ണിട്ടൻ (ഉണ്ണിക്കുഞ്ഞ്)
കുന്നിരിയ്ക്കൽ
റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

12 – ാം ചരമവാർഷികം
13-08-2024




തോമസ് മാത്യു
പുന്നശ്ശേരിൽ
അങ്ങാടി, റാന്നി
*സന്തപ്ത കുടുംബാംഗങ്ങൾ*

13rd Death Anniversary
11-09-2024




Thomaskutty K.T.
Kadakkethu
Ranny
By Sorrowing family

6th Death Anniversary
20-09-2024



K.K. Stephen
Aniyan Kaipuzha
Ranny
*സന്തപ്ത കുടുംബാംഗങ്ങൾ*

13 – ാം ചരമവാർഷികം
02-09-2024




സണ്ണി ജോസഫ്
ഇടശ്ശേരിയത്ത് വീട്
കുറ്റൂർ (പരുത്തുംപാറ)
*സന്തപ്ത കുടുംബാംഗങ്ങൾ*

05 – ാം ചരമവാർഷികം
26-09-2024



P. C. Joseph
Paravelil
*സന്തപ്ത കുടുംബാംഗങ്ങൾ*

40 – ാം ചരമദിനം
14-09-2024



സാറാമ്മ കുര്യൻ
ചിറയ്ക്കൽ
കുറിച്ചി
*സന്തപ്ത കുടുംബാംഗങ്ങൾ*

# ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.

## മൊബൈൽ ആപ്പ് പരസ്യ ചാർജ്

**Full page**

ഒരു വർഷം -15000/-

രണ്ടു വർഷം -25000/-

**Half page**

ഒരു വർഷം -10000/-

രണ്ടു വർഷം -17500/-

ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

### Bank Details

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440



Contact : ഫാ. ജേക്കബ് കല്ലുകുളം,
മാനേജിംഗ് എഡിറ്റർ
9447563240, 8547584440

Registered No. KL/CHC/29/2024-26
Published on 15 September 2024
KNANAYA DEEPAM
Chingavanam
RNI No. KERBIL/2006/19210
Vol. 35, Issue: 9 ₹ 10


5 – ാം ചരമവാർഷികം
30 – 08 – 2024

4 – ാം ചരമവാർഷികം
10 – 10 – 2024



കുഞ്ഞൂഞ്ഞമ്മ തങ്കച്ചൻ

എം. എസ്. തങ്കച്ചൻ

മേലേക്കുറ്റ്, ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രതീക്ഷയോടെ

മക്കൾ – മരുമക്കൾ – കൊച്ചുമക്കൾ

Advt - O


Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**